13 APR 1935
MADRAS

# ഗുരുനാഥൻ.

| പുസ്തകം 14 | 1110 മകരം | ലക്കം 6 |
|---|---|---|

## വൎത്തമാനപ്പത്രങ്ങൾ.

II.

(ആർ. ഈശ്വരപിള്ള ബി. എ.)

ഇന്നു തിരുവിതാംകൂറിലുള്ള പത്രങ്ങളെക്കുറിച്ചു് ആലോചിക്കുന്നതായാൽ അവ മിയ്ക്കവയും ഏതെങ്കിലും ഒരു വശത്തേയ്ക്കു ചാഞ്ഞുനില്ക്കുന്നതായി കാണപ്പെടും. ഇതിനുള്ള പ്രധാന കാരണം അവയുടെ അധിപന്മാൎക്കോ പ്രവൎത്തകന്മാൎക്കോ അവരുടെ മനസ്സിനെ സമനിലയിൽ നിറുത്തുന്നതിനുള്ള അശക്തിതന്നെയാണു്. മനസ്സാകുന്ന ത്രാസ്സിന്റെ ഒരു തട്ടിൽതന്നെ സ്വകാൎയ്യഭാരം മുഴുവൻ നിക്ഷേപിക്കുകയും മററതിൽ പേരിനു വല്ലതും ഇട്ടു എന്നു വരുത്തുകയും ചെയ്തിട്ടാണു കാൎയ്യത്തിന്റെ ഗുരുലഘുത്വം നിശ്ചയിക്കുന്നതു്. ഏതിനാണു ഗുരുത്വം എന്നു സംശയമുണ്ടോ? ഇതു വിദ്ദ്യാഭ്യാസത്തിന്റേയും തന്മൂലമുണ്ടാകുന്ന വിശാലമനസ്കതയുടേയും അഭാവം നിമിത്തമാണു്. സാമുദായികമോ വൎഗ്ഗീയമോ ആയ പരിധിയിൽ നില ഉറപ്പിച്ചുംകൊണ്ടു ലോകോപകാരപ്രദമായ പത്രപ്രവൎത്തനം അഥവാ നിസ്വാൎത്ഥമായ പൊതുജനസേവനം സാധിക്കുവാൻ പ്രയാസമാണു്. കൎത്തവ്യകൎമ്മത്തിന്റെ ആഹ്വാനത്തിൽ സ്വാൎത്ഥലോലുപത്വം മുതലായ നികൃഷ്ടചിന്തകൾ പിന്മാറാതെ തരമില്ല. പ്രത്യേകസമുദായങ്ങളുടെ കാൎയ്യങ്ങൾ അവയ്ക്കു മാത്രമായിട്ടുള്ള പത്രങ്ങൾ നോക്കിക്കൊള്ളട്ടെ. എന്നാൽ അവ നീതി, സന്മാൎഗ്ഗം, ഇവയെ ബാധിക്കുന്ന ഘട്ടത്തിൽ പൊതുക്കാൎയ്യമായി ഭവിക്കുകയും എല്ലാ വൎത്തമാനപ്പത്രങ്ങളുടേയും വിമൎശനവീഥിയിൽ ഉൾപ്പെടുകയും ചെയ്യുന്നു. സാമുദായികമോ വൎഗ്ഗീയമോ ആയ നിലയിൽ നിന്നുയൎന്ന മനോഭാവത്തോടുകൂടി വീക്ഷിക്കേണ്ട കാൎയ്യങ്ങളാണു ലോകത്തിൽ അധികമുള്ളതു്. അവയാണു ഗൌരവംകൂടിയവയും. ഇങ്ങനെയുള്ള വിഷയങ്ങളെ സമീപിക്കുന്നതിനും അവയെ ആലോചനം ചെയ്യുന്നതിനും സ്വാൎത്ഥകളങ്കരഹിതമായ ഒരു മനഃസ്ഥിതി

അത്യാവശ്യമാണ്. അഥവാ വിശാലമായ ഒരു ലോകാവലോകനശീലം അനുപേക്ഷണീയമാണ്.

വർത്തമാനപ്പത്രങ്ങൾക്ക് ആദ്യകാലത്തു വാർത്താവിതരണം മാത്രമായിരുന്നു ജോലി. നമ്മുടെ പത്രങ്ങൾ ആ പരിമിതപരിധിയെ കവിഞ്ഞു പ്രവർത്തിച്ചുതുടങ്ങിയിട്ടു വളരെക്കാലമായില്ല അവ രാജ്യകാര്യവിമർശനത്തിലേക്കാണു പിന്നെ പ്രവേശിച്ചതു്. ഇന്നു മിയ്ക്ക പത്രങ്ങളും ഈ ആവർത്തഗർത്തത്തിലേക്ക് ആകർഷിക്കപ്പെട്ടിരിക്കയാണ്. സമുദായകാര്യങ്ങളേയും രാജ്യകാര്യങ്ങളേയും പലപ്പോഴും കൂട്ടിക്കലർത്തിയാണു വിമർശനത്തിനു തുനിയുന്നതു്. ഇതുനിമിത്തം വിമർശനത്തിന്റെ വിലയും ഗൌരവവും ഫലവും വളരെ കുറഞ്ഞുപോകുന്നു. ഇവിടത്തെ ജനത, ജാതി, മതം, വർഗ്ഗം, സമുദായം, മുതലായ വിഭജനരേഖകൾകൊണ്ടു വേർതിരിക്കപ്പെട്ടിരിക്കുന്നതുമൂലം രാഷ്ട്രീയബന്ധം ഒന്നിനു മാത്രം അവയെ ഏകോദ്ദേശ്യത്തിൽ സംയോജിപ്പിക്കുന്നതിനു ശക്തി മതിയാകുന്നില്ല. പോരെങ്കിൽ ഉദ്യോഗവിതരണം ഇന്നൊരു അദന്തഭേദ്യമായ പ്രശ്നമായും തീർന്നിട്ടുണ്ട്. ഇതു ഗവർമ്മേൻറിനേയും വല്ലാതെ വിഷമിപ്പിക്കുന്ന ഒരു കീറാമുട്ടിയാണ്. ഈ സ്ഥിതിക്കു പത്രങ്ങൾക്കും സമനില അസാദ്ധ്യം തന്നെയാണ്. അവയുടെ വീക്ഷണകോണത്തിന്റെ ചരിവു തരംപോലെ മാറിക്കൊണ്ടുതന്നെ ഇരിക്കും. തിരുവിതാംകൂറിൽ പഴക്കമുള്ള പത്രങ്ങൾക്കുതന്നെ അമ്പതുകൊല്ലത്തിലധികം പഴക്കമുണ്ടെന്ന് തോന്നുന്നില്ല. ഈ ഹ്രസ്വകാലത്തിനിടയ്ക്ക് അവയിൽ അപൂർവ്വം ചിലതെല്ലാം പരമാദർശത്തോടു സമീപിച്ചിട്ടുണ്ടെന്നുള്ളതു സ്തുത്യർഹംതന്നെയാണ്.

ഇന്നു പത്രങ്ങളുടെ വ്യാപാരപരിധി വളരെ വർദ്ധിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, സാഹിത്യം, ശാസ്ത്രം, വ്യവസായം, വാണിജ്യം, കൃഷി, രാജ്യതന്ത്രം മുതലായ സകല ലോകകാര്യവിഭാഗങ്ങളും അവയുടെ പ്രതിപാദനസീമയിൽ ഉൾപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു വർത്തമാനപ്പത്രങ്ങൾക്കു "ശരങ്ങൾ ഒടുങ്ങാത്ത ഒരു ആവനാഴി" സദാ വേണ്ടിയിരിക്കുന്നു. ഓരോ വിഷയത്തിലും വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ലേഖകന്മാരും ഒട്ടധികം സാഹായികപുസ്തകങ്ങളും മററും ഒരു സുപ്രണീതമായ പത്രത്തിന് അവർജ്ജനീയങ്ങളാണ്. എന്നാൽ ഇന്ന് എത്ര പത്രങ്ങൾ ഈ വിഷയത്തിൽ വിഭവസമ്പന്നങ്ങളാണെന്നു നിശ്ചയമില്ല; സംശയം ഉണ്ടുതാനും. എന്നാൽ നമ്മുടെ പത്രങ്ങൾ ധനസ്ഥിതികൊണ്ടാകട്ടെ പ്രചാരവിപുലതകൊണ്ടാകട്ടെ ജനമദ്ധ്യേ അവയ്ക്കുള്ള പ്രേരകശക്തികൊണ്ടാകട്ടെ ഇനിയും സുസ്ഥിതങ്ങളായിട്ടില്ലാത്തതിനാൽ അവയെ ഉയർന്ന ആദർശമാനദണ്ഡംകൊണ്ട് അളക്കുന്നതു പക്ഷേ അയുക്തമായിരിക്കും. അവയിൽ ചുരുക്കം ചിലവ മേൽ

പറഞ്ഞ സൌകര്യങ്ങളെല്ലാം സജ്ജമാക്കി പ്രവത്തിച്ചുവരുന്നുണ്ടെന്നു സന്തോഷസമേതം പറയേണ്ടിയിരിക്കുന്നു. വത്തമാനപ്രസിദ്ധീകരണവിഷയത്തിലും പത്രങ്ങൾക്കു് ഒരു വലിയ ചുമതലയുണ്ടു്. വാത്താരൂപേണ തങ്ങളുടെ മുമ്പിൽ വരുന്ന സംഗതികളുടെ യാഥാർത്ഥ്യത്തെക്കുറിച്ചു പലപ്പോഴും അന്വേഷണം ചെയ്യേണ്ടതായ ചുമതല പത്രാധിപന്മാൎക്കുണ്ടു്. അവാസ്തവപ്രസ്താവങ്ങൾ പത്രങ്ങളുടെ നിലയെ സാരമായി ബാധിക്കുന്നതുകൂടാതെ പലരുടേയും ഹൃദയത്തെ വ്രണപ്പെടുത്തിയെന്നും വരാം. ഉദ്യോഗസ്ഥന്മാരുടേയുംമററും വ്യതിചലനങ്ങളേയൊ വിക്രിയകളേയൊ വിമൎശിക്കേണ്ടിവരുമ്പോൾ വ്യക്തിപരമായി യാതൊരു വികാരത്തിനും പ്രവേശനം കൊടുക്കുന്നതു് ഏത്രയും അനാശാസ്യമാണ്. ഗവൎമ്മെൻറിൻെറ നയത്തേയൊ പ്രവത്തിയേയൊ പലപ്പോഴും ആക്ഷേപിക്കേണ്ടതായി വന്നേക്കാം. എന്നാൽ ഈ സന്ദൎഭങ്ങളിൽ ജനഹിതത്തെ പുരസ്കരിച്ചു സ്വാതന്ത്ര്യത്തെ നിൎവ്യാക്ഷിണ്യമായും നിൎഭയമായും നിൎവ്വഹിക്കേണ്ടതു് പത്രങ്ങളുടെ മുഖ്യധർമ്മമാണ്. "ഗവൎമ്മെൻറിൻെറ ഉത്തമമിത്രങ്ങൾ അതിൻെറ വിമൎശകന്മാരാണ്, ആരാധകന്മാരല്ല" എന്നു പറഞ്ഞിട്ടുള്ളതു് ഏത്രയും വാസ്തവമാണ്. അതുകൊണ്ടു് ആണ് ഭരണകൎത്താക്കന്മാർ അവരുടെ നയങ്ങളുടേയും പ്രവൃത്തിപദ്ധതികളുടേയും പൂൎവ്വരൂപം പത്രങ്ങൾക്കയച്ചു കൊടുക്കുന്നതു്. ജനഹിതം അനുസരിച്ചു ഭരിക്കുന്ന ഭരണാധികാരികൾ ഈ നയം അനുസരിച്ചാണു സദാ പ്രവത്തിക്കുന്നതു്. ജനാഭിപ്രായത്തെ 'പ്രതിദ്ധ്വനിപ്പിക്കുകയാണല്ലൊ പത്രങ്ങളുടെ പ്രഥമകൃത്യം. ഇവിടത്തെ വിദ്യാഭ്യാസപരിഷ്കരണക്കമ്മിററി, പബ്ളിക്ക്സൎവ്വീസ്സ്കമ്മററി, ക്ഷേത്രപ്രവേശനകമ്മററി, സഹകരണാന്വേഷണകമ്മററി മുതലായവ പത്രദ്വാരാ നിൎമ്മിച്ച ജനാഭിപ്രായത്തിൻെറ പരോക്ഷഫലങ്ങളാണെന്നു പറയാം. ഇനി അവയുടെ അനന്തരഫലോദയത്തെ ത്വരിതപ്പെടുത്തേണ്ട ചുമതലയും ഇവയ്ക്കുണ്ടു്. നമ്മുടെ വത്തമാനപ്പത്രങ്ങൾ വിദേശീയമന്ത്രതന്ത്രങ്ങളേയും ഭാവിയായ ഇൻഡ്യൻ ഭരണപരിഷ്കാരത്തേയും മററും പററിയാണ് ഏറിയ ക്രമം വിമൎശനം ചെയ്തുവരുന്നതു്. എന്നാൽ നമ്മുടെ പത്രങ്ങൾക്കു് അവയുടെ ഛായയേയൊ ഗതിയേയൊ അല്പംപോലും നിയന്ത്രിക്കുന്നതിനു വേണ്ടതായ ശബ്ദഗാംഭീൎയ്യം ഇല്ലാത്തതിനാൽ അവയെ നമ്മുടെ ദ്വിതീയചിന്താവിഷയങ്ങളായി ഗണിക്കയും നമ്മുടെ രാജ്യകാൎയ്യങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യേണ്ടതാണെന്നു തോന്നുന്നതു സാധാരണയാണ്. നമ്മുടെ രാജ്യത്തിൻെറ ക്ഷേമത്തെ സ്പൎശിക്കുന്നതായ പല പദ്ധതികളും പ്രായോഗികഘട്ടത്തിലും പ്രാരംഭഘട്ടത്തിലും ചിന്താഘട്ടത്തിലും ചിലവ വിദൂരത്തിൽ നിഴലിച്ചും സ്ഥിതി ചെയ്യുന്നുണ്ടു്. ഇവയൊക്കെയും യഥാകാലം ലബ്ധപ്രതിഷ്ഠങ്ങളാകുന്നതിനും വത്തമാനപ്പത്രങ്ങൾ

ക്ക നിർദ്ദേശോപദേശരൂപത്തിലും സഹകരണംകൊണ്ടും നാഹായിക്കാവുന്നതാണ്. അതുകൊണ്ട് ഈ സന്ദർഭത്തിൽ പത്രങ്ങൾ വർഗ്ഗീയപദത്തിൽനിന്നും ഉയർന്നതായ ഒരു സ്ഥാനം അവലംബിച്ചു പ്രവർത്തിക്കേണ്ടതാണ്. പത്രപ്രവർത്തനത്തിനു പ്രത്യേകമായ അഭ്യസനം വേണമെന്ന് ഇന്നു പലൎക്കും അഭിപ്രായമുള്ളതായി കാണുന്നുണ്ട്. ഇതിലേക്കായി സർവ്വകലാശാലകളിൽ ഒരു "പ്രവീണമുദ്ര" (Degree) ഏർപ്പെടുത്തുന്നതു നന്നായിരിക്കുമെന്നും പക്ഷമുണ്ട്. പത്രങ്ങൾക്കു ജനമദ്ധ്യേയുള്ള സ്ഥാനം, അവയുടെ ഗൌരവമേറിയ ചുമതല, പത്രാധിപന്മാൎക്കു വേണ്ട ജ്ഞാനത്തിന്റെ വിവിധത്വം, വിപുലത, അഗാധത, അവൎക്കു അവശ്യം ഉണ്ടായിരിക്കേണ്ട മാനസികവും സാത്വികവും (Moral) ആയ ഗുണങ്ങൾ ഇവയെല്ലാം ആലോചിക്കുമ്പോൾ പത്രപ്രവർത്തകന്മാർക്ക് ഒരു നിശ്ചിതകാലത്തെ ബുദ്ധിസംസ്കാരോന്മുഖമായ പരിശീലനം ഗുണകരമായിരിക്കുമെന്നുള്ളതിനു സംശയമില്ല എല്ലാ തൊഴിലുകൾക്കും സാമാന്യവിദ്യാഭ്യാസം അടിസ്ഥാനമായിരിക്കുമെങ്കിലും ഓരോന്നിനും പ്രത്യേകപരിശീലനം ഇല്ലെങ്കിൽ വിജയം അസാദ്ധ്യമാണ്. ഇന്നു പത്രപ്രവർത്തനം ഒരു സുസ്ഥിരവും ഉപയോഗപ്രദവും ആയ ഒരു പദത്തിൽ എത്തിയിട്ടുണ്ട്. പത്രപ്രവർത്തനം ഭരണത്തെ സഹായിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു ഉപകരണമാണ്. വിദ്യാഭ്യാസം വർദ്ധിക്കുന്തോറും അധികം ആളുകൾ ഈ തൊഴിലിലേക്കു ആകർഷിക്കപ്പെടുവാൻ ഇടയുണ്ട്. മററു തൊഴിലുകളേക്കാൾ ഒരാകർഷണീയത ഇതിനുണ്ട്. ഇതെല്ലാംകൊണ്ടും പത്രപ്രവർത്തനം ഒരു സർവ്വകലാശാലവൈദുഷ്യചിഹ്നാർഹമായി കല്പിക്കുന്നതു യുക്തമായിരിക്കും. ഇപ്രകാരം ചെയ്യുന്നതായാൽ പത്രപ്രവർത്തനത്തിൽ കാണുന്ന പല ന്യൂനതകളേയും പരിഹരിക്കുവാൻ സാധിക്കുമെന്നു മാത്രമല്ല, "പത്രനിയമ"ത്തിന്റേയും മററും ആവശ്യം ഉണ്ടാകുന്നതുമല്ല. മദ്രാസ്സ് സർവ്വകലാശാല സിനററ്യോഗത്തിൽ ഇതിന്റെ ആവശ്യകതയെപ്പററി ഈയിടെ ഒരുപക്ഷേപം കൊണ്ടുവരപ്പെട്ടതായും അതു സിൻഡിക്കേററിന്റെ ആലോചനയ്ക്കും റിപ്പോർട്ടിനുമായി സമർപ്പിക്കപ്പെട്ടതായും കാണുന്നു. ഇതിനുംപുറമെ കൽക്കട്ടാ, ബോംബെ, അണ്ണാമലൈ ഈ സർവ്വകലാശാലകളിലും ഒരു പദ്ധതി ഏർപ്പെടുത്തുന്നതിന് ആലോചനകൾ നടക്കുന്നുണ്ട്. ഇതു നമ്മുടെ അഭ്യസ്തവിദ്യന്മാരായ യുവതീയുവാക്കന്മാൎക്കു ജനസേവനത്തിന് ഒരു പുതിയ പ്രവേശനവഴി തുറന്നു കൊടുക്കുന്നതിന് ഉപയുക്തമായി ഭവിക്കും. ഒരു സർവ്വകലാശാലാബിരുദിനോട് ഇതിനെ സംഘടിപ്പിക്കുന്നതുകൊണ്ടു ജനദൃഷ്ടിയിൽ ഇതിനു പൂർവ്വാധികം വിലയും ഉണ്ടാകുന്നതാണ്. സർവ്വകലകളേയും പ്രോത്സാഹിപ്പിച്ചാൽ മാത്രമെ സർവ്വകലാശാല എന്നതു് അന്വർത്ഥമായി ഭവിക്കയുള്ളു. ഓരോ വിജ്ഞാനശാഖയേയും കലാശാലയുടെ പരിധിയിലേക്കു ക്രമേണ

കഷിക്കപ്പെട്ടു വരികയാണ്. അതുകൊണ്ടു യൂറോപ്പിലെന്നപോലെ ഭാരതത്തിലും പത്രപ്രവത്തനം ഒരു കലാരൂപത്തിൽ അഭ്യസിപ്പിക്കപ്പെടേണ്ട കാലമായിട്ടുണ്ടെന്നുതന്നെ വിചാരിക്കണം. ഇതു് അചിരേണ സാധിക്കുമെന്നും നമുക്കു് ആശിക്കാം.

ഇന്നു പത്രപ്രവത്തനത്തിൻെറ പരിധിയിൽ ഉൾപ്പെടാത്തതായ ലോകവ്യാപാരങ്ങൾ ഒന്നുംതന്നെയുണ്ടെന്നു തോന്നുന്നില്ല. സാഹിത്യം, വിദ്യാഭ്യാസം, രാജ്യതന്ത്രം, സാമുദായികതത്വം, പൌരധമ്മം, വ്യവസായം, വാണിജ്യം, കൃഷി, വിനോദവൃത്താന്തം, ശാസ്ത്രം, മതം, ചരിത്രം മുതലായവയെല്ലാം പ്രതിപാദ്യവിഷയങ്ങളാണ്. ഏതു വിഷയത്തിൽ രുചിയുള്ളവക്കും അവരുടെ മനസ്സിനെ തൃപ്തിപ്പെടുത്തുന്നതിനു വേണ്ട സൗകര്യങ്ങൾ സജ്ജമാക്കേണ്ടതാണ്. യുവാക്കന്മാക്കും പ്രാപ്തപ്രായന്മാക്കും വൃദ്ധന്മാക്കും സ്ത്രീജനങ്ങൾക്കും രസിക്കുന്നതിനും ഗ്രഹിക്കുന്നതിനും പത്രങ്ങളിൽ കാൎയ്യമുണ്ടായിരിക്കണം. അതുകൊണ്ടു പത്രലേഖകന്മാർ ഓരോ വിഷയത്തിലും പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളവരായിരിക്കേണ്ടതു് അത്യാവശ്യമാണ്. പാശ്ചാത്യരാജ്യങ്ങളിൽ പ്രായേണ പത്രലേഖകന്മാർ സുപ്രസിദ്ധസാഹിത്യകാരന്മാരും മററു വിഷയങ്ങളിൽ നിഷ്ണാതന്മാരായിട്ടുള്ളവരുമാണെന്നു കാണാവുന്നതാണ്. എന്നാൽ നാം ഈ ലക്ഷ്യത്തിൽ എത്തുന്നതിന് ഇനിയും വളരെ ദൂരമുണ്ടു്. എന്നാൽ ഇംഗ്ലീഷ്പത്രങ്ങളുടേയും മററും ദൃഷ്ടാന്തങ്ങൾ നമ്മെ ഈ വിഷയത്തിലേക്കു പ്രേരിപ്പിക്കാതിരിക്കുന്നില്ല. അവയുമായിട്ടുള്ള നമ്മുടെ സംസ്പൎശവും പരിചയവും കേവലം നിഷ്പ്രയോജനമായിഭവിക്കുന്നില്ല എന്നു പറയുന്നതിൽ യാഥാൎത്ഥ്യമുണ്ടു്. എങ്കിലും അവയിൽ പ്രായേണ വ്യാപിച്ചുകാണുന്ന സ്വപരഗൗരവവും വിമൎശനനിശിതതയും വീക്ഷണവിശാലതയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. പത്രങ്ങൾക്കു സാത്വികശക്തിയുള്ളതുപോലെ ഭൌതികപ്രലോഭനങ്ങളും പലപ്പോഴും ഉണ്ടായേക്കാം. എന്നാൽ ഒടുവിൽ പറഞ്ഞവയെ നിരാകരിച്ചും ആദ്യത്തേതിനെ സംരക്ഷിക്കേണ്ട ഒരു നിസ്സ്വാൎത്ഥമായ ചുമതല പത്രങ്ങൾക്കുണ്ടു്. അവർ രണ്ടിനും മതിയാകുന്ന ഒരായുധത്തേയാണു വഹിക്കുന്നതെന്നുള്ള ബോധം സദാ ഉള്ളിൽ ഉണ്ടായിരിക്കേണ്ടതാണ്. ലോകത്തിൽ വത്തമാനപ്പത്രം ഇല്ലാത്ത കാലവും ഉണ്ടായിരുന്നു. ആ കാലം കഴിഞ്ഞിട്ടുതന്നെ അനേകം ശതാബ്ദങ്ങളായിട്ടുണ്ടു്. എന്നാൽ വത്തമാനപ്പത്രങ്ങളുടെ ശക്തി പദാല്പദം വൎദ്ധിച്ചു് ഇന്നു് ആക്കും ശങ്കനീയമായിത്തീന്നിട്ടുണ്ടു്.

# പ്രണയവാസന.

(നതോന്നത)

(പണ്ഡിതർ, ഇ. വി. രാമൻനമ്പൂതിരി)

ഒരു യുവാവിരവിൽ തന്നരുവയർനില കണ്ടു
പെരുമാറാൻ തുടങ്ങിനാൻ വിരുതോടേവം:—
"പകലത്തേപ്പരുഷത പരിഭവപ്രദമായോ?
പറക മത്പ്രണയപ്പൊൻപരിപണമേ!
സ്നേഹംകൊണ്ടു പരസ്പരം പ്രപഞ്ചത്തുരുമ്പു തീക്കും
ദേഹങ്ങളാണല്ലൊ നല്ല ദമ്പതിമാർകൾ;
ഒരാൾക്കൊരാളുണ്ടേതിന്നു,മൊരാൾക്കില്ലൊന്നിന്നുമെന്നായ്
വരാമൊ, ഹാ! വരാരോഹാമണേ! വ്യാമോഹാൽ?
കൈകുഴഞ്ഞും കാൽകഴച്ചും പണിയെടുത്തിങ്ങെത്തുമ്പോൾ
നീ കുലുങ്ങാതിരിപ്പതു നീതിതന്നെയൊ?
അത്രമാത്രം വലഞ്ഞെത്തും മിത്രനെ സ്വീകരിയ്ക്കുവാൻ
പത്രമെത്ര വിടിത്തുന്നില്ലത്ര പദ്മിനി?
ക്രൂരിരുട്ടിൽക്കിടന്നാലും പാരിലേതല്ലിയന്നിടാ
ഭൂരിഭാവഭേദം തിങ്കൾ നേരിലെത്തുമ്പോൾ?
അലകടലലഞ്ഞുലഞ്ഞടക്കമ്പോഴേക്കു മാറിൻ-
നില മാറിടുന്നതും നീ നിരീക്ഷിപ്പീലേ?
പ്രകൃതിസിദ്ധമീബ്ഭവ്യപ്രകൃതി വിട്ടൊരു 'ശുദ്ധ-
വികൃതി'യായ് വരുകയോ നിനക്കു വേണ്ടു?
സാഹന്തയായ് കൃത്യം മറന്നാഹന്ത! നീ വാഴുകിലി-
ഗ്ഗേഹംതന്നിൽ കഴിവാൻ നിർവ്വാഹം തെല്ലുണ്ടോ?
അതിനാലൊന്നാതിയായ്ഞാൻ മതിമുഖി! കയത്തിൽ
മതിമതി മനോമാന്ദ്യം മതിമതീ! തേ
അലിവുമനരാഗവുമകതാരിലില്ലാഞ്ഞല്ല
'കലി'യും കലുഷതയും കട്ടത്തു കണ്ടു;
കൊട്ടങ്കാററുമിടിവെട്ടു'മപവാദ''മുത്സഗ്ഗ'മോ
മട്ടമലർത്തെന്നാലും നന്മതിയും വാനിൽ."
നാലുപാട്ടം നറുതിങ്കൾ പാൽപ്പനിനീർ പാററിടുമ്പോൾ;
നാലുകെട്ടിൽ കിളിയിപ്പാട്ടേററുപാടുമ്പോൾ;

തൻസന്താനങ്ങൾക്കതാതൻ,തനിയ്ക്കെങ്കിൽനന്താനംതാൻ,
തൻ സന്തോഷസന്താപങ്ങൾക്കേകപങ്കാളി,
അയാളിദമനനയമയമായ മൊഴി തൂവി-
പ്രിയാപ്രിയപ്രയാപണപ്രയത്നം ചെയ്യേ-
അരുണാധരീമണിയ്ക്കുത്തരുണാഗ്ര്യനുടെ പേരിൽ
കരുണാർദ്രയായീടാതെ കഴിവില്ലെന്നായ്;
പിന്നങ്ങിവാങ്ങിവാണൊരഗ്ഗന്നാങ്ഗിതന്നാനനയത്തു
പ്രണയവാസന ചെന്നു പുറംതലോടി;
അപ്രസന്നഭാവംപോയി ക്ഷിപ്രമൊരു സുപ്രകാശ-
മുൾപ്രവേശം ചെയ്തു പുതുവിഭ്രമമായി;
മങ്കമണിത്തങ്കമാല ശങ്കവിട്ടു കിങ്കരിയായ്
തൻകണവ—നല്ല മല്ലപ്പൂങ്കണയനിൽ!

## ന്യായപ്രകാശിക.

(വിദ്വാൻ, വൈ. നാരായണയ്യർ.)

161. പാടീരപന്നഗന്യായം.

ചന്ദനവൃക്ഷവും സർപ്പവും എന്നു പദാത്ഥം. ചന്ദനവൃക്ഷച്ചുവട്ടിൽ പാമ്പുകൾ പാക്കമെന്നു ചൊല്ലുണ്ട്. മനുഷ്യക്ക് ഉപയോഗവും മനോഹരഗന്ധവും ഉള്ളതാണു ചന്ദനം. മനുഷ്യശത്രുവും ഭയങ്കരവും ആയ ജന്തുവാണ് പാമ്പു്. സജ്ജനങ്ങളോടു ദുജ്ജനങ്ങൾ കൂട്ടുകൂടുമെന്നും അപ്പോൾ സത്തുക്കളും മററുള്ളവക്കു പ്രയോജനപ്പെടാതെ പോകുമെന്നും കാണിക്കുന്ന അവസരത്തിൽ ഈ ന്യായം പ്രയോഗിക്കും.

162. ബളിശാമിഷന്യായം.

ബളിശം=മത്സ്യം പിടിക്കുന്നതിനുപയോഗിക്കുന്ന ചൂണ്ട. ആമിഷം=മാംസം (ഇര). ചൂണ്ടയിൽ ഇരകോത്തു് വെള്ളത്തിലിട്ടാൽ മത്സ്യം ആഹാരമെന്നു വിചാരിച്ചു് (ആഹാരം തന്നെ) അതിൽ കടിച്ചുവലിക്കുന്നു; എന്നാൽ ചൂണ്ടയുടെ വളഞ്ഞ മുന മത്സ്യത്തിൻെറ വായിൽ കൊളുത്തിപിടിക്കുന്നു; മത്സ്യത്തിനു വിട്ടുപോകാൻ സാധിക്കുന്നില്ല. അന്യനെ വ്യാമോഹിപ്പിച്ചു വശത്താക്കി ആപൽഗത്തത്തിൽ ചാടിക്കുക എന്ന് ആശയം. വേശ്യകൾ പുരുഷന്മാരെ വശത്താക്കി അവരുടെ ധനംമുഴവനും തങ്ങളുടെ

കൈയിലാകുമ്പോൾ ഗളഹസ്തം ചെയ്തു പുറത്താക്കുന്നു; ആ പുരുഷന്മാർ പൌരുഷവും പണവും മാനവും കളഞ്ഞുകുളിച്ചു സജീവപ്രേതങ്ങളായി ആയുശ്ശേഷം നയിക്കുന്നു. മററു സന്ദർഭങ്ങൾ സ്പഷ്ടം.

## 163 ഭേകപുഷ്കരന്യായം.

തവളയും താമരപ്പൊയ്കയും എന്ന് വാക്യാർത്ഥം. താമരപ്പൊയ്കയിലാണു തവളയുടെ സ്ഥിരവാസമെങ്കിലും താമരപ്പൂവിന്റെ മണമോ ഗുണമോ മധുവോ തവള അറിയുന്നില്ല. ദൂരെ താമസിക്കുന്ന മക്ഷികകളും ശലഭങ്ങളും ആണ് അതിനെ ആസ്വദിക്കുന്നത്. വിവേകാനന്ദസ്വാമികളുടെ മഹിമ ഇൻഡ്യാക്കാർ അറിഞ്ഞില്ല; അററ്ലാൻറിക് സമുദ്രത്തിന്റെ അക്കരയിൽ പാർക്കുന്ന അമേരിക്കന്മാർ അദ്ദേഹത്തിന്റെ മഹത്വം കണ്ടുപിടിച്ചു. സ്വദേശിയുടെ മാററും മഹിമയും സ്വദേശി അറിയാതിരിക്കയും, വിദൂരദേശി അതറിയുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഈ ന്യായം ഉപയോഗിക്കാം. "മുററത്തു മുല്ലയ്ക്കു മണമില്ല" എന്ന പഴഞ്ചൊല്ലിനും ഈ ന്യായത്തോട് അടുത്തബന്ധമുണ്ട്.

## 164. മണിശാണന്യായം.

"മണിശ്ശാണോല്ലീഢഃ, സമരവിജയീ ഹേതിദളിതോ,
മദക്ഷീണോ നാഗഃ, ശരദി സരിദാശ്യാനപുളിനാ,
കലാശേഷശ്ചന്ദ്രഃ, സുരതമൃദിതാ ബാലവനിതാ,
തനിമ്നാ ശോഭന്തേ ഗളിതവിഭവാശ്ചാർത്ഥിഷു നൃപാഃ"

ചാണയിലുരച്ച രത്നം, മുറിവേററ വിജേതാവ്, മദം പൊട്ടിത്തളന്ന ആന, വേനലിലെ വെള്ളം കുറഞ്ഞ നദി, ഒററക്കലയായ ചന്ദ്രൻ, രതവിവശയായ രമണി, ദാനംകൊണ്ടു കോശം ക്ഷയിച്ച രാജാവ്—എന്ന ഏഴും ലഘുത്വംകൊണ്ടു മഹത്വംവർദ്ധിക്കുന്ന വകയാണെന്നു കവി പറയുന്നു. രത്നം ചാണക്കല്ലിൽ ഉരഞ്ഞുരഞ്ഞു കഷ്ടപ്പെടുന്നു; ദേഹം കൃശമാകുന്നു; എങ്കിലും അതിനു സങ്കടപ്പെടേണ്ടയാവശ്യമില്ല. എന്തെന്നാൽ ഉരയുംതോറും രത്നത്തിന്റെ മിനുക്കം കൂടുകയും വില വർദ്ധിക്കയും ആണല്ലൊ ഭാവിഫലം. വർത്തമാനകാലത്തിലെ ക്ലേശങ്ങൾ ഭാവികാലത്തെ മഹത്വത്തിന് അടിസ്ഥാനമായി വരുന്ന സന്ദർഭങ്ങളിൽ ഈ ന്യായത്തിന്റെ പ്രസക്തി. ഗുരു ശിഷ്യനെ ശാസിക്കുന്നു; പ്രഹരിക്കുന്നു; തൽക്കാലം ശിഷ്യനു മനോവേദനയും ശരീരക്ലേശവും ഉണ്ടു് എന്നതു വാസ്തവം. അതിന്റെ ഫലമായി ശിഷ്യൻ വിദ്യാഭ്യാസത്തിൽ പൂർവ്വാധികം ശ്രദ്ധാവാനായും ഒടുവിൽ ഉത്തമപൌരനായും തീരുന്നുവെങ്കിൽ മുൻക്ലേശങ്ങളെയെല്ലാം അവൻ സ്വാഗതപൂർവ്വം അനുസ്മരിക്കുമല്ലൊ! ഈ ന്യായസന്ദർഭത്തിൽ മറെറാരു

പഴയ പദ്യം ഓൎമ്മവരുന്നു. ഇന്നത്തെ അധ്യാപനരീതി, ആ പദ്യത്തിനു സ്വാഗതം അരുളുകയില്ലായിരിക്കാം; എങ്കിലും പ്രസ്തുത ന്യായത്തെ അതു വിശദീകരിക്കും:—

അദ്ധ്യാപകൻ തൻ പരുഷോക്തികേട്ടി-
ട്ടുൾത്താരു കത്താതെ മഹത്വമെത്താ,
ശാണോപലത്തിങ്കലുരച്ച രത്നം
ക്ഷോണീശമൂൎദ്ധാവിൽ വിളങ്ങിടുന്നു.

## 165. മരുമരീചികാന്യായം.

മരുഭൂമിയിലെ മരീചിക എന്നൎത്ഥം. നല്ല വെയിൽ ഉള്ള സമയം ദൂരെ ഒരിടത്തായി, കായലിൽ ഓളംതല്ലുന്നതുപോലെ വെയിൽ പതറുന്നതുകാണാം; ഇതിനെ മരീചിക, മൃഗതൃഷ്ണിക, കാനൽജലം എന്നൊക്കെപ്പറയാറുണ്ട്. മണൽക്കാട്ടിൽക്കൂടി നടന്നു ക്ഷീണിച്ചു ദാഹിച്ചുപൊരിയുന്ന ഒരു യാത്രക്കാരന്, ഈ വെയിലിൻെറ തിരത്തല്ലുകാണുമ്പോൾ, ആ സ്ഥാനത്തു് ഒരു വലിയ ജലാശയമുണ്ടെന്നു ഭ്രമം തോന്നും. അടുത്തുചെന്നാൽ വെയിലല്ലാതെ മറെറാന്നും അവിടെയില്ലെന്നുകണ്ടു നിരാശയുണ്ടാകും. ഇല്ലാത്തതു് ഉണ്ടെന്നു തോന്നുകയാണ് ഈ ന്യായം. ഗന്ധൎവ്വനഗരവും ഇല്ലാത്തതുണ്ടെന്നുള്ള പ്രതീതിതന്നെ. ഗന്ധൎവ്വനഗരം മാനസികമായ തോന്നൽ എന്നുമാത്രമേയുള്ളു; 'മരുമരീചക' മാനസികമായ തോന്നലോടുകൂടി അവിടെയെത്താനുള്ള ആസക്തിയും അതിനുള്ള ശരീരശ്രമവും തദനന്തരമുള്ള ക്ലേശവും നിരാശയും എന്നിങ്ങനെ പലതിനേയും ഉൾക്കൊള്ളുന്നുണ്ടു്.

## 166. മാത്സ്യന്യായം.

വലിയ മത്സ്യങ്ങൾ ചെറിയ മത്സ്യങ്ങളെത്തിന്നു ജീവിക്കുന്നു. ബലവാന്മാർ സ്വവൎഗ്ഗത്തിലുള്ള ദുൎബ്ബലന്മാരെ ഞെക്കിപ്പിഴിഞ്ഞു് ഉപജീവിക്കുന്നതു് എവിടെയും കാണാറുണ്ട്;—ബോൾഷെവിക്ഭരണത്തിൽമാത്രം അതില്ലെന്നു കേൾക്കുന്നു. "പാവങ്ങളുടെ പ്രാണമരുത്തുകൊണ്ടു പങ്കവീശിക്കുന്ന പാപപ്രഭുക്കളുടെ" ഉപജീവനനയം പ്രസ്തുതന്യായംപോലെതന്നെ.

## 167. മാൎജ്ജാരകിശോരന്യായം.

മൎക്കടകിശോരന്യായത്തിൽ പ്രസ്തുതന്യായത്തേയും സൂചിപ്പിച്ചിട്ടുണ്ട്. അച്ഛൻെറ കൈയ്ക്കു പിടിച്ചുകൊണ്ടു് ഒരു കുട്ടി വരമ്പിൽക്കൂടി നടക്കുന്നുവെന്നിരിക്കട്ടെ! പക്ഷെ കൈവിട്ടു കുട്ടി വീഴാനിടയുണ്ട്. എന്നാൽ അച്ഛൻ കുട്ടിയുടെ കൈപിടിച്ചുകൊണ്ടു നടക്കുന്നുവെന്നിരിക്കട്ടെ! കുട്ടിക്കു

വീഴുമെന്ന ഭയമേ വേണ്ട. കുരങ്ങിൻകുട്ടി തള്ളയുടെ വയററിൽ പാററിപ്പിടിച്ചുകൊള്ളുന്നു—കുട്ടിക്കു വീഴുമോ എന്നു ശകലം ഭയം കാണും. പൂച്ചക്കുട്ടിയെ തള്ള സ്വയം കടിച്ചെടുത്തുകൊണ്ടു പോകുന്നു—കുട്ടിക്കു ഭയപ്പെടേണ്ടയാവശ്യമില്ല. മർക്കടന്യായത്തിൽ മേലാവിനെ ഭരണീയൻ ആശ്രയമായി മുറുകെപ്പിടിക്കുന്നു; മാർജ്ജാരന്യായത്തിൽ മേലാവു ഭരണീയന് ആപത്തുവരാതെ സൂക്ഷിച്ചുകൊള്ളുന്നു.

## 168. യഥാസംഖ്യന്യായം.

ഇതു കൃത്രിമത്വരായ തോന്നിക്കുന്ന ഒരു അലങ്കാരപ്രയോഗമത്രെ "അച്ഛൻ കച്ചേരിക്കും, മകൻ പള്ളിക്കൂടത്തിലേക്കും, അമ്മ ആസ്പത്രിക്കും ജ്യേഷ്ഠൻ റയിലാപ്പീസിലേക്കും പോയി." ഈ വാക്യത്തെ യഥാസംഖ്യ രീതിയിൽ മാററിപ്പറയാം:—

"അച്ഛനും മകനും അമ്മയും ജ്യേഷ്ഠനും കച്ചേരിക്കും പള്ളിക്കൂടത്തിലേക്കും ആസ്പത്രിക്കും റയിലാപ്പീസിലേക്കും പോയി"

"പാതിവ്രത്യവും ധൈര്യവും സ്ത്രീക്കും പുരുഷനും ഭൂഷണമാകുന്നു."

മററു ഉദാഹരണങ്ങൾ സുലഭം.

## 169. യാചിതമണ്ഡനന്യായം.

ഇരവൽ വാങ്ങിയ ഉരുപ്പടി എന്നർത്ഥം. ഉത്സവസ്ഥലത്തിനൊ അടിയന്തരവീട്ടിലേക്കൊ പോകുന്ന സ്ത്രീകളിൽ ചിലർ അന്യരുടെ ആഭരണങ്ങൾ വായ്പ വാങ്ങി അണിയാറുണ്ട്. യഥാർത്ഥത്തിൽ ഇല്ലാത്തതിനെ ഉണ്ടെന്നു പ്രദർശിപ്പിക്കുന്നെടത്താണു പ്രസ്തുതന്യായത്തിൻെറ പ്രവേശം.

## 170. വാതദീപന്യായം.

കാററത്തുവെച്ച വിളക്ക് ഒന്നുകിൽ അണയും, അല്ലെങ്കിൽ ജ്വാല പതറിക്കൊണ്ടിരിക്കും; ഏകാഗ്രമായും നിശ്ചലമായും ഇരിക്കയില്ല. ധ്യാനനിഷ്ഠമൊ ആലോചനാനിരതമൊ ആയ മനസ്സിനെ ബാഹ്യചിന്തകളോ ഒച്ചപ്പാടുകളോ വ്യതിചലിപ്പിക്കുന്നതു വാതദീപന്യായേനയത്രെ. അതുകൊണ്ടു കാററില്ലാത്തെടത്തു വിളക്കു വയ്ക്കേണ്ടതുപോലെ, ഇതരവിഷയങ്ങളുടെ തിരത്തല്ലുണ്ടാകാത്ത വിജനപ്രദേശത്തിരുന്നു വേണം ഏകാഗ്രസാധന ചെയ്യുവാൻ.

"അവൃഷ്ടിസംരംഭമിവാംബുവാഹം
അപാമിവാധാരമനുത്തരംഗം
അന്തശ്ചരാണാംമരുതാംനിരോധാത്
നിവാതനിഷ്കമ്പമിവ പ്രദീപം."

## 171. വൃക്ഷപ്രകമ്പനന്യായം.

ഒരു മരത്തിൽ പല കൊമ്പുകളും അവിടവിടെ അനേകം പഴങ്ങളും നിൽക്കുന്നു. അഞ്ചെട്ടുപേർ കൂടി ആ വഴി വരുന്നു. ഒരുത്തൻ മരത്തിൽ കേറി. താഴെ നിന്നവർ "ആ കൊമ്പു കുലുക്കു! ഈ കൊമ്പു കുലുക്കു! മറേറക്കൊമ്പു കുലുക്കു!" എന്നിങ്ങനെ ഓരോരുത്തർ ഓരോ കൊമ്പു ചൂണ്ടിക്കാണിച്ചു ബഹളം കൂട്ടുന്നു. കൈയു രണ്ടേയുള്ളല്ലൊ! പത്തു കൊമ്പ് ഒരുമിച്ചു കുലുക്കുന്നതെങ്ങനെ? എല്ലാവരുടേയും ആശ ഒരുമിച്ചു സാധിക്കുന്നതിനായി അയാൾ മരത്തിൻെറ തായ്ത്തടിതന്നെ കുലുക്കി. തായ്ത്തടി കുലുങ്ങിയാൽ സകല കൊമ്പും കുലുങ്ങുമല്ലൊ! സകലരുടേയും അഭിലാഷം ഒരുമിച്ചു നിറവേററി. ഈ നയം എല്ലായിടത്തും പററുകയില്ല. "വൃദ്ധനും മകനും കഴുതയും" എന്ന കഥയിൽ വൃദ്ധൻ ആപണവീഥിയിലെ യാത്രക്കാരെ എല്ലാം തൃപ്തിപ്പെടുത്തുവാൻ വിചാരിച്ചു. Anybody cannot please everybody ഏവരേയും പ്രസാദിപ്പിക്കാൻ ഏവനേക്കൊണ്ടും സാദ്ധ്യമല്ലെന്ന് വൃദ്ധന് ഒടുവിൽ മനസ്സിലായി. അതിനാൽ ഒററപ്രയത്നത്താൽ പലരുടേയും വിഭിന്നങ്ങളായ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുന്ന അപൂർവ്വം ചില സംഗതികളിൽ പ്രസ്തുത ന്യായത്തെ പ്രവേശിപ്പിക്കുക.

## 172 ശലഭന്യായം.

ഈയൽ, പക്കി മുതലായ ചെറുവക പറവകളെ സംബന്ധിച്ച ന്യായം. "വഹ്നിശലഭ"ന്യായം എന്നു ദ്വന്ദ്വസമാസമായ് പറയുമ്പോൾ ന്യായാർത്ഥം ശരിക്കു സ്ഫുരിക്കും. രാത്രി വിളക്കു വയ്ക്കുമ്പോൾ അതിനടുക്കൽ അസംഖ്യം ചെറുപ്രാണികൾ ചുററിക്കൂടി നൃത്തംവയ്ക്കുന്നു. ജ്വാലയിൽപ്പെട്ടു മരിക്കുന്നു. അവിവേകംകൊണ്ടു സ്വയം പ്രാണനാശം വരുത്തുക—വരിക്കുക എന്നു ന്യായസന്ദർഭം.

"കുസുമായുധ പത്നി! ദുർല്ലഭ-
സ്തവഭർത്താ ന ചിരാത് ഭവിഷ്യതി
ശൃണുയേന സ കർമ്മണാഗതഃ,
ശലഭത്വം ഹരലോചനാർച്ചിഷി."

## 183. ലവണപുത്തലികാന്യായം.

ഉപ്പുപാവ എന്നു പദാർത്ഥം. ഒരു ഉപ്പുപാവ സമുദ്രത്തിൻെറ ആഴം അളക്കാൻ ചെന്നു. ഇറങ്ങിയ ഉടൻതന്നെ അതലിഞ്ഞു ജലത്തോടു ചേർന്നു; എങ്ങനെ ആഴം അറിയാനാണ്; ഈശ്വരനെപ്പററി അറിയാനിറങ്ങുന്നവൻ ധ്യാനശക്തികൊണ്ടു സമാധിയിലെത്തി തന്മയനായി തീരുന്നു;

ഈശ്വരനിൽ ലയിക്കുന്നു; പിന്നെ എങ്ങനെയാണ് അവൻ തിരിയെ വന്നു പറയുക! നിർവ്വികല്പസമാധിയെപ്പററി പ്രശംസിക്കുന്ന പരമാചാര്യന്മാർ, ഭഗവദൈക്യം പ്രാപിക്കുന്നതിനെ ഈ ന്യായംകൊണ്ട് ഉദാഹരിക്കുന്നു.

174. വജ്റകുക്കുടന്യായം.

കോഴിക്ക് വൈരക്കല്ലു കിട്ടിയതുപോലെ കോഴി കാലുകൊണ്ടു ചികഞ്ഞ് ആഹാരം കൊത്തിത്തിന്നുകൊണ്ടിരിക്കുമ്പോൾ കുപ്പയിൽ ഉള്ള ഒരു വൈരക്കല്ലിനേയും കൊത്തിയെടുത്തു. തിന്നാനുള്ള തല്ലാത്തതുകൊണ്ട് അതിനെ തുപ്പി, കാലുകൊണ്ടു പുറകിലേക്കു ചികഞ്ഞുതള്ളി. വൈരക്കല്ലിൻെറ വിലയുണ്ടോ കുക്കുടം അറിയുന്നു? ഒന്നിൻെറ ഗുണമറിയാത്തവൻെറ കൈയിൽ അതുകിട്ടിയാൽ അവൻ അതു ദൂരെയെറിയുകയേയുള്ളു. പൂച്ചയ്ക്കു കിട്ടിയ പൊന്ന്, നിരക്ഷരനു കിട്ടിയ മഹാകാവ്യം ഇവയെല്ലാം ഒന്നുപോലെതന്നെ.

175. വനസിംഹന്യായം.

വനം സിംഹത്തിനും, സിംഹം വനത്തിനും ഉപകാരപ്രദമായിരിക്കുന്നു. [വനം ഉള്ളതുകൊണ്ടു സിംഹത്തിനു സ്വൈരമായി വസിക്കാൻ കഴിയുന്നു; സിംഹമുള്ളതുകൊണ്ടുള്ള ഭയത്താൽ മനുഷ്യർ വനത്തിൽക്കടന്നു മരംമുറിച്ചു വനത്തെ നശിപ്പിക്കുന്നില്ല; ഇതാണു പരസ്പരം ഉപകാരം] പരസ്പരം ഉപകാരഹേതുകമായ രണ്ടു വസ്തുക്കളുടെ മേളനത്തെ ഈ ന്യായം ഉദാഹരിക്കുന്നു. ഹ്രദനക്രന്യായവും ഇതുപോലെതന്നെ.

176. വിപിന ചന്ദ്രികാന്യായം.

കാട്ടിൽ നിലാവു വീശിയാൽ ഒരുത്തർക്കും പ്രയോജനമില്ല. വീശുന്ന നിലാവെല്ലാം വേണ്ടവർ അനുഭവിക്കാനില്ലാതെ പാഴായിപ്പോകുന്നു. നാട്ടിലെ ഒരു ഉദ്യാനത്തിൽ അതു വീശുന്നുവെന്നിരിക്കട്ടെ! "മധുവിധു" കൈക്കൊണ്ട നവവധൂവരന്മാർ ആ "മധുരവിധു"വിനെ ആസ്വദിച്ചു "സായൂജ്യം" നേടിയെന്നു വരാം. എന്നാൽ വിപിനത്തിലെ ചന്ദ്രികയിൽ കാട്ടുമൃഗങ്ങളും പക്ഷികളും രസിക്കുന്നില്ലയോ? സ്വാത്ഥമാത്രപരനായ മനുഷ്യനോട് ഈ വക യുക്തിവാദം ഒന്നും ചെയ്യരുത്. വിപിനചന്ദ്രിക കൊണ്ടു തനിക്കു പ്രയോജനമില്ല; അതുകൊണ്ട് അതാർക്കും പ്രയോജനമുള്ളതല്ല എന്നാണു മനുഷ്യൻെറ ന്യായം. ഈ ശാഖാചംക്രമണം തൽക്കാലം നിൽക്കട്ടെ.

നല്ല വസ്തു ഒരുത്തർക്കും ഉപയോഗപ്പെടാതെ പാഴായിപ്പോകുന്നുവെങ്കിൽ അതു് പ്രസ്തുതന്യായം പോലെയാകുന്നു.

## 177 വൃശ്ചികഗർഭന്യായം.

അശ്വതരീഗർഭന്യായത്തിൻെറ രൂപാന്തരം തന്നെയാണിതു്. തേളു് സ്വജീവിതത്തിൽ ഒരു പ്രാവശ്യം ഗർഭം ധരിക്കയും പ്രസവിച്ചയുടൻ മരണം പ്രാപിക്കയും ചെയ്യുന്നു.

സന്താനാഭിവൃദ്ധിക്കായി ജീവിച്ചിരിക്കയും സന്താനമുണ്ടായിക്കഴിഞ്ഞാൽ മരിക്കയും ചെയ്യുന്നതു് ആത്മത്യാഗത്തെ തെളിയിക്കുന്നു.

## 178. വൈതണ്ഡ്യന്യായം.

വിതണ്ഡാവാദമാണു് വൈതണ്ഡ്യം; സ്വമതം സ്ഥാപിക്കാതെ പരമതത്തെ ഖണ്ഡിക്കാനുള്ള പുറപ്പാടാണു വിതണ്ഡാവാദം. സ്ഥിരതയില്ലാതെയും ലക്ഷ്യമില്ലാതെയും—അഥവാ ലെക്കില്ലാതെയും—വൃഥാ തർക്കകോലാഹലം നടത്തുകയാണു് ഇതിൻെറ സ്വഭാവം. ഇത്തരം താർക്കികന്മാർ ലോകത്തിൽ ധാരാളമുണ്ടു്.

## 179. ശരപുരുഷീയന്യായം.

അവിചാരിതമായി വന്നുചേൎന്ന പുരുഷൻ ശരപ്രയോഗമേററു മരിക്കുന്നതുപോലെ. 'യാദൃച്ഛികമായി വന്ന അപായം'—ഈ അർത്ഥത്തിൽ ഈ ന്യായം വ്യവഹരിക്കാം.

## 180. ശശവിഷാണന്യായം.

മുയൽക്കൊമ്പു് എന്നൎത്ഥം. മുയൽക്കൊമ്പു്, കുതിരക്കൊമ്പു് ആനമുട്ട, കാകദന്തം ഇവയെ അന്വേഷിച്ചു പുറപ്പെടുന്നതു വൃഥാ ശ്രമമാണല്ലോ! എന്തെന്നാൽ അവ ഇല്ലാത്ത വസ്തുക്കളത്രെ. ഇല്ലാത്തതു പറയാനോ, ഇല്ലാത്ത വസ്തുവിനെക്കണ്ടുപിടിക്കുവാനോ ഉള്ള നിഷ്ഫലയത്നങ്ങളിൽ ഈ ന്യായം ചേരും.

## 181. ശുകശാല്മലീന്യായം.

ശാല്മലി=ഇലവുമരം. ഇലവു കാത്ത കിളിപോലെയെന്നു പറയുന്ന ന്യായംതന്നെ ഇതു്. ഇലവു കായ്ക്കുമ്പോൾ കിളികൾ അതു പഴുത്തു തിന്നാൻവേണ്ടി കാത്തിരിക്കുമത്രെ.! കായ്‌ പഴുത്തുണങ്ങി പൊട്ടിത്തെറിച്ചു പഞ്ഞിയും കുരുവുമായി കാററിൽപ്പറന്നുപോകുന്നു. കിളി കാത്തിരുന്നു, ഫലം ശൂന്യവും. കാത്തുകാത്തിരുന്നു ശ്രമം ഫലിക്കാതെപോകുന്ന സന്ദർഭങ്ങളിൽ ഈ ന്യായം ഉപയോഗിക്കപ്പെടുന്നു.

# ഗ്രന്ഥശാലകൾ.

(കെ. ആർ. കൃഷ്ണപിള്ള ബി. എ., ബി. എൽ.)

ധീരധീരനും ത്യാഗവീരനുമായ ഒരു ഭാരതീയനേതാവിൻെറ നാമധേയത്താൽ ധന്യവും എൻെറ പ്രിയ സുഹൃത്തായ സുബ്രഹ്മണ്യൻപോററി അവർകളുടെ നായകത്വത്തിൽ ഭദ്രമായി പ്രവൎത്തിച്ചുപോരുന്നതുമായ ഈ ഗ്രന്ഥശാലയുടെ വാർഷികയോഗത്തിൽ സംബന്ധിക്കയെന്നതു് എനിക്ക് എത്രമാത്രം സന്തോഷപ്രദമാണെന്നു പറയേണ്ടതില്ലല്ലോ. ആ മഹായോഗത്തിൽ അദ്ധ്യക്ഷസ്ഥാനം വഹിക്കാൻ ഭാരവാഹികൾ എന്നോടാജ്ഞാപിച്ചിരിക്കുന്നതു് അവൎക്ക് എൻെറ പേരിലുള്ള സ്നേഹാദരങ്ങളുടെ അസന്ദിഗ്ദ്ധലക്ഷ്യമെന്നുതന്നെയാണു ഞാൻ കരുതുന്നതു്. അവരുടെ ഔദാൎയ്യബുദ്ധിയെ ഞാൻ കൃതജ്ഞതാപൂൎവ്വം അഭ്യുപഗമിച്ചുകൊള്ളുന്നു.

ഗ്രന്ഥശാലകളുടെ ആവശ്യകതയേയും മാഹാത്മ്യത്തേയും അധികരിച്ചു് ഒരു പ്രസംഗം ചെയ്യേണ്ടകാലം എന്നേ കഴിഞ്ഞുപോയിരിക്കുന്നു! അങ്ങനെയുള്ള ഒരു പ്രസംഗം ഇക്കാലത്തു് ആഹാരത്തിൻെറ ആവശ്യകതയെ വൎണ്ണിച്ചുള്ള പ്രസംഗംപോലെ അനപേക്ഷിതമാണെന്നു് ആൎക്കെങ്കിലും തോന്നാതിരിക്കുമോ? അതു യുക്തവുംതന്നെ. എന്തെന്നാൽ ശരീരപോഷണത്തിനു് ആഹാരമെന്നപോലെ ബുദ്ധിയുടെ പോഷണത്തിനു വിദ്യാഭ്യാസം അപരിത്യാജ്യമാണെന്നു് എല്ലാവൎക്കും അറിവുള്ളതാണല്ലോ. ഗ്രന്ഥശാലയില്ലാത്ത ഒരു ഗ്രാമത്തെ തലച്ചോറില്ലാത്ത ശരീരത്തോടുപമിക്കുന്നതു് ഒട്ടും അസംഗതമായിരിക്കയില്ല.

ഇന്നത്തെ സ്ഥിതിക്കു നമ്മുടെ നാട്ടിലെ ജനസാമാന്യം പ്രാഥമിക വിദ്യാഭ്യാസംകൊണ്ടു തൃപ്തിപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. കഷ്ടിച്ചു നാലാംക്ലാസുവരെയുള്ള വിദ്യാഭ്യാസം പൂൎത്തിയാക്കിയതിൻെറശേഷം—അഥവാ അതിനുമുമ്പുതന്നെ—നമ്മുടെ കുട്ടികൾ ആയിരക്കണക്കിനു വിദ്യാലയത്തോടു യാത്രപറഞ്ഞു്, കൃഷി മുതൽ കൂലിവേലവരെയുള്ള ഉദരപൂരണമാൎഗ്ഗങ്ങളിൽ പ്രവേശിക്കേണ്ടിയിരിക്കുന്നു. ഗ്രന്ഥശാലകളുടെ അഭാവംനിമിത്തം നാട്ടിൻപുറങ്ങളിൽ അവർ വിദ്യാലയത്തോടുമാത്രമല്ല, വിദ്യയോടും യാത്രപറഞ്ഞതായിട്ടാണ് ഇപ്പോൾ ഇരിക്കുന്നതു്. ഇതിൻെറ ഫലമായി അവർ സാക്ഷരതയിൽനിന്നു നിരക്ഷരതയിലേക്ക് അമന്ദമായി വഴുതിത്തുടങ്ങുന്നു. ഇങ്ങനെ ഏതാനും വർഷംകൊണ്ടു്, വിദ്യാലയങ്ങളിൽ അവർ ചെലവാക്കിയ ആയുസ്സും ധനവും അദ്ധ്വാനവും എല്ലാം പരി

പൂൎണ്ണമായ വിഫലതയെ പ്രാപിക്കുന്നു. ഈ വസ്തുതയെ സ്റ്റാത്താം കമ്മിററിയും പരിതാപപൂൎവ്വം അവരുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതു നിങ്ങൾ വായിച്ചിരിക്കുമല്ലൊ.

പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞശേഷം ഇപ്രകാരം ക്രമേണ വിദ്യാവിഹീനരായിത്തീരുന്ന ചെറുപ്പക്കാർ തങ്ങൾ പരിശ്രമിച്ചു സമ്പാദിച്ച അക്ഷരവിദ്യയെ സൂക്ഷിക്കാനും പോഷിപ്പിക്കാനും ആഗ്രഹമില്ലാത്തവരാണോ? അവരിൽ പലരും യദൃച്ഛയാ കൈയിലകപ്പെടുന്ന പത്രശകലങ്ങളെയും ചില ക്ഷുദ്രപുസ്തകങ്ങളെയും ഔൽസുക്യത്തോടെ വായിക്കുന്നതു കണ്ടാൽ നേരെമറിച്ചല്ലേ ഊഹിക്കേണ്ടതു്? അത്യന്തം പരിമിതമായ അവരുടെ വിദ്യാധനത്തെ രക്ഷിച്ചു വളർത്താൻ യാതൊരു സൌകൎയ്യവും അവർക്കില്ലെന്നുള്ളതാണു പരമാർത്ഥം. പ്രാഥമികവിദ്യാഭ്യാസംകൊണ്ടു് അവർ എഴുതാനും വായിക്കാനും ശീലിക്കുന്നു. പുസ്തകഭാഷയോടു സ്വല്പമായ പരിചയം അവർക്കു സിദ്ധിക്കുന്നു. പുസ്തകപാരായണത്തിൽ അഭിരുചിയും ജനിക്കുന്നുണ്ടെന്നു പറയാമായിരിക്കാം. ഇതിൽ കൂടുതലായി ഒന്നും അവൎക്കു വിദ്യാലയത്തിൽനിന്നു ലഭിക്കുന്നില്ല. ഈ സാമഗ്രികളെ ഉപയോഗിച്ചു വിജ്ഞാനത്തെ സമ്പാദിക്കാൻ പുസ്തകങ്ങൾകൂടാതെ കഴിയുന്നതല്ല. മനുഷ്യരുടെ പ്രാഥമികാവശ്യങ്ങളെ കഷ്ടിച്ചു നിർവഹിച്ചും നിർവഹിക്കാതെയും കഴിയുന്ന ഈ ജനസഞ്ചയത്തിനു പുസ്തകങ്ങൾ എങ്ങനെയാണു ലഭിക്കേണ്ടതു്? ഇവൎക്കു പുസ്തകങ്ങൾ നൽകുകയാണു പൊതുഗ്രന്ഥശാലകളുടെ മുഖ്യമായ ഒരുഉപയോഗം. അതിനാൽ ഓരോ കരയിൽ ഓരോ ഗ്രന്ഥശാലയെങ്കിലും ഉണ്ടായിരിക്കാൻതക്കവണ്ണം യത്നിക്കേണ്ടതു ജനപ്രമാണികളുടെ കൎത്തവ്യമാകുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു തുടങ്ങിവച്ച ഒരു സൽക്കൎമ്മത്തെ അതിൻെറ ഫലസിദ്ധിയിൽ എത്തിക്കാനുള്ള ഈ ശ്രമത്തിനു ധനസഹായവും മറെറല്ലാവിധം പ്രോത്സാഹനങ്ങളും നൽകേണ്ടതു ഡിപ്പാർട്ടുമെൻറിൻെറ അവശ്യകൎത്തവ്യവുമാണു്.

പ്രൈമറിസ്കൂളുകളിൽ വിദ്യാഭ്യാസം മതിയാക്കിപ്പിരിയുന്നവരുടെ കഥ ഇപ്രകാരമാണെങ്കിൽ, ഹൈസ്കൂളുകളിലും യൂണിവർസിററികളിലും പഠിച്ചു പുറത്തുവരുന്നവൎക്കു നല്ല ഗ്രന്ഥശാലകളുടെ സാഹായ്യം ഇതിലേറെ അപരിത്യാജ്യമായിരിക്കുന്നു.

"ആചാൎയ്യാൽ പാദമാദത്തേ
പാദം ശിഷ്യസ്സ്വമേധയാ
പാദം സബ്രഹ്മചാരിഭ്യഃ
പാദം കാലക്രമേണ ച"

എന്നിങ്ങനെ സംസ്കൃതത്തിൽ ഒരാപ്തവാക്യമുണ്ട്. ഒരുവൻെറ വിദ്യാഭ്യാസം പൂർത്തിയാകേണ്ടതു നാലു പ്രകാരത്തിലാണ്. ഗുരുമുഖത്തിൽ നിന്നു കാൽഭാഗം മാത്രംലഭിക്കുന്നു. ഗുരുപ്രോക്തങ്ങളെ സ്വയം വിചിന്തനം ചെയ്തു് പൂർവ്വോത്തരപക്ഷങ്ങളെ വിശകലനം ചെയ്തു വിഷയത്തെ മനസ്സിൽ ദൃഢീകരിക്കുന്നതിനാൽ കാൽഭാഗം ലഭിക്കുന്നു. സതീർത്ഥ്യരുമായുള്ള സംവാദങ്ങളിൽനിന്നു കാൽഭാഗം സിദ്ധിക്കുന്നു. ഇങ്ങനെ ഗുരുസന്നിധിയിലുള്ള വിദ്യാഭ്യാസംകൊണ്ടു മുക്കാൽഭാഗം സ്വാധീനമായാൽ ശേഷമുള്ള കാൽഭാഗം കാലക്രമംകൊണ്ടു പൂർത്തിയാകണമെന്നാണു പറയുന്നതു്. അതായതു് അഭ്യസ്തവിഷയത്തെപ്പററി നിരന്തരം ഉപര്യുപരി ചർച്ച ചെയ്തു് അതിലുള്ള ജ്ഞാനത്തെ കഴിയുന്നതും പൂർത്തിയാക്കണമെന്നർത്ഥം. എന്നാൽ ചർച്ചാശീലന്മാർക്കു നവനവങ്ങളായ സന്ദേഹങ്ങളും ഉത്തരോത്തരം ജിജ്ഞാസയും ജനിക്കുന്നതു സ്വാഭാവികമാണല്ലൊ. ഈ സന്ദേഹങ്ങളുടെ പരിഹാരത്തിനും ജിജ്ഞാസയുടെ പൂരണത്തിനും ഉപരിഗ്രന്ഥങ്ങളുടെ സാഹായ്യം കൂടാതെ കഴിയുന്നതല്ല. ഒരാൾക്കാവശ്യപ്പെടാവുന്ന സകല പുസ്തകങ്ങളും വിലകൊടുത്തു വാങ്ങിക്കാൻ കഴിവുള്ളവർ നമ്മുടെ ഇടയിൽ എത്രയോ ചുരുക്കമാണു്. മററുള്ളവരെല്ലാം പൊതുഗ്രന്ഥശാലകളെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇതുകൂടാതെ കൃതവിദ്യന്മാർക്കു വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ഗ്രന്ഥപാരായണത്തിനു സ്വാഭാവികമായുണ്ടാകുന്ന ആഗ്രഹം സാധിക്കുന്നതിനും ഗ്രന്ഥശാലകളെ ശരണീകരിക്കാതെ നിവൃത്തിയില്ല. ഇപ്രകാരം ഗുരുമുഖത്തുനിന്നുള്ള വിദ്യാഭ്യാസം ഏതുഘട്ടത്തിൽ സമാപിപ്പിക്കുന്നവർക്കും ഗ്രന്ഥശാലകൾ ഏകാന്തബന്ധുക്കളാണെന്നു സിദ്ധമാണല്ലൊ.

ഒരു ഗ്രന്ഥശാലയിലുള്ള ഗ്രന്ഥങ്ങളുടെ സംഖ്യ പരിമിതമോ അപരിമിതമോ ആയിരിക്കട്ടെ; അതിൻെറ ശ്രേഷ്ഠത നാം ആ ഗ്രന്ഥങ്ങളെ ഉപയോഗിക്കുന്നതിൻെറ ന്യൂനാധികഭാവത്തെ ആശ്രയിച്ചിരിക്കുന്നു. സാമാന്യേന നമ്മുടെ ഗ്രന്ഥശാലകളുടെ വാർഷികറിപ്പോർട്ടുകൾ വായിച്ചാൽ വരിക്കാർ എടുത്തു വായിച്ചിട്ടുള്ളതോ വായിക്കാനെടുത്തിട്ടുള്ളതോ ആയ പുസ്തകങ്ങളുടെ സംഖ്യ ഒരുവിധം തൃപ്തികരമായിരിക്കുന്നതുകാണാം. പക്ഷേ, ഏതുതരം പുസ്തകങ്ങളാണു് അധികമായി എടുത്തിട്ടുള്ളതെന്നന്വേഷിക്കുമ്പോൾ കിട്ടുന്ന അറിവ് അത്ര സുഖപ്രദമായിരിക്കുന്നില്ല. ഈ വിവരം ഞാൻ പല ഗ്രന്ഥശാലകളിലും ചോദിച്ചിട്ടുണ്ട്. വരിക്കാർക്കു സർവ്വാതിശായിയായ പ്രേമം കഥാപുസ്തകങ്ങളിലാണെന്നും അതിനെ അപേക്ഷിച്ചു് ഇതരപുസ്തകങ്ങൾക്കു ലഭിക്കുന്ന ആദരം തുച്ഛമാണെന്നുമുള്ള ഉത്തരമാണു് എനിക്കു കിട്ടിയിട്ടുള്ളതു്. ചുരുക്കിപ്പറഞ്ഞാൽ വായിക്കേണ്ടവയും പഠിക്കേണ്ടവയുമായി രണ്ടുതരം പുസ്തകങ്ങളുള്ളതിൽ പഠിക്കേണ്ട പുസ്തക

ങ്ങൾ മിക്കവാറും ഗ്രന്ഥശാലയിലെ പുസ്തകത്തട്ടുകളിൽ ഏകാന്തവിശ്രമത്തെ അനുഭവിക്കയാണു ചെയ്യുന്നതെന്നു തോന്നുന്നു. ചെറുകഥകളും ഖണ്ഡകാവ്യങ്ങളുമാണ് ഇന്നത്തെ വായനക്കാരിൽ ഒട്ടുമുക്കാൽ ഭാഗത്തേയും വശീകരിച്ചിരിക്കുന്നത്. കുക്ഷിപൂരണത്തിനായി പകൽമുഴുവൻ പണിയെടുത്തതിൻെറ ശേഷം ലഭിക്കുന്ന വിശ്രമവേളയിൽ കേവലം മനോവിനോദത്തിനായി ഒരാൾ ചെറുകഥ വായിക്കുന്നതിൻെറ ഔചിത്യം മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാൽ ഗ്രന്ഥപാരായണത്തിൻെറ ഉൽകൃഷ്ടഗുണങ്ങളെ വാഞ്ഛിക്കുന്നവർക്ക് ചെറുകഥാപാരായണം കൊണ്ടു മാത്രം ഗണ്യമായ പ്രയോജനം സിദ്ധിക്കുമോ എന്നുള്ളതു ചിന്തനീയമാണ്. അവരുടെ കഥതന്നെ ചെറുതായിത്തീരാനല്ലേ എളുപ്പമുള്ളതു്? അങ്ങനെയുള്ളവർ കാവ്യശാസ്ത്രാദിപരിശ്രമത്തിൽനിന്നു ബുദ്ധിക്കു മൃഷ്ടാന്നഭോജനം ലഭിക്കുമ്പോൾ ഉണ്ടായേക്കാവുന്ന അലസതയെ അകററുവാനായി പോഞ്ചിയൊ ചായയൊ പോലെ ചെറുകഥകൾ വായിക്കുന്നപക്ഷം ആ കഥകൾക്ക് ആസ്വാദ്യതയും കൂടുമെന്നാണെനിക്കു തോന്നുന്നതു്.

ഇക്കാലത്തു് ആവിർഭവിച്ചുകൊണ്ടിരിക്കുന്ന പലമാതിരി പദ്യകാവ്യങ്ങളെക്കുറിച്ചു് എനിക്ക് അനാദരം ഒട്ടും തന്നെയില്ല. അവയിൽ പലതും നന്നായിട്ടുണ്ടെന്നുതന്നെ പറയാം. ചിലതെല്ലാം വഴിഞ്ഞൊഴുകുന്ന കാവ്യരസംകൊണ്ടു വായനക്കാരുടെ ഹൃദയത്തിൽ അമൃതസേചനം ചെയ്യാൻ പോരുന്നവയുമാണ്. എൻെറ ബുദ്ധിശക്തിക്കു തക്കവണ്ണം ഞാനും അവയെ വായിച്ചു രസിക്കാറുണ്ട്. എങ്കിലും അവമാത്രം വായിച്ചുകൊണ്ടിരുന്നാൽ പോരെന്നു ഞാൻ പറയുന്നതു് എനിക്ക് അവയുടെ നേർക്കുള്ള വിപ്രതിപത്തി കൊണ്ടല്ലാ. നേരെമറിച്ചു, നിങ്ങൾ അവയെ കേവലം ഉപേക്ഷിച്ചു പൂർവ്വകൃതികൾ മാത്രം വായിക്കുന്നതായി കണ്ടിരുന്നെങ്കിൽ അതുപോരാ, കാലഗതിയെ അനുസരിച്ചു ഭാഷയും ഭാഷാസാഹിത്യവും എങ്ങനെ വളരുന്നു, കവികളുടെ ആശയങ്ങളും വീക്ഷണവും എങ്ങനെ ഭേദിക്കുന്നു, എന്നെല്ലാം ഗ്രഹിക്കുന്നതിനായി ആധുനികകൃതികളെ അവശ്യം വായിക്കേണ്ടതാണെന്നു ഞാൻ പറയുമായിരുന്നു. ലോകോത്തരമായ സാഹിത്യരസത്തെ ലോപം കൂടാതെ ആസ്വദിക്കണമെങ്കിൽ, സാഹിത്യപാരായണത്തിൻെറ ഗുണങ്ങൾ പൂർണ്ണമായി സിദ്ധിക്കണമെങ്കിൽ, പൂർവമഹാകവികളുടെ കൃതികളെ ക്ഷമയോടും നിഷ്കൃഷ്ടിച്ചും അഭ്യസിക്കതന്നെ വേണ്ടിയിരിക്കുന്നു. എഴുത്തച്ഛൻെറ രാമായണം, ഭാരതം ഈ കിളിപ്പാട്ടുകൾ മിക്ക മലയാളികളും വായിക്കുന്നുണ്ടാവാം. അവയെ പഠിച്ചു സുസ്പഷ്ടമായി അവയുടെ അർത്ഥം ഗ്രഹിക്കാൻ ശ്രമിക്കുന്നവരുടെ സംഖ്യ വിപുലമായിരിക്കുമെന്നു തോന്നുന്നില്ല. വാല്മീകിയുടെ രാമായണത്തോടും വ്യാസൻെറ ഭാരതത്തോടും അവയെ സാദൃശ്യപ്പെടുത്തി നോക്കുമ്പോൾ അജഗജാന്തരമല്ല,

മേരുസർഷപങ്ങളുടെ അന്തരമാണു കാണുന്നതു്. കിളിപ്പാട്ടുകൾ മാത്രം പരിചയിച്ചിട്ടുള്ളവൎക്കു് ആ മൂലഗ്രന്ഥങ്ങൾ അതിവിശാലമായ ഒരു വിശിഷ്ടസാഹിത്യലോകത്തെ ഉൽഘാടനം ചെയ്യുമെന്നുള്ളതിനു സംശയമില്ല. ഭാരതഭൂമിയുടെ മഹാസമ്പത്തായി ഗണിക്കപ്പെടുന്ന ആ മഹാകാവ്യങ്ങൾ രണ്ടിനും ഇപ്പോൾ നമ്മുടെ ഭാഷയിൽ വിവൎത്തനങ്ങളുണ്ടെങ്കിലും വായനക്കാരുടെ കരസ്പൎശം അവയ്ക്കു വളരെ അപൂർവ്വമായിട്ടേ ലഭിക്കാറുള്ളു എന്നാണറിയുന്നതു്. ഈ അവസ്ഥ ഒട്ടുംതന്നെ ശ്ലാഘാവഹമായിരിക്കുന്നില്ല.

കാവ്യങ്ങളുടെ കഥ ഇങ്ങനെയിരിക്കെ ശാസ്ത്രഗ്രന്ഥങ്ങൾക്കു വായനക്കാരിൽനിന്നു ലഭിക്കുന്ന ആദരം ഇതിലും തുഛമാണു്. പറയത്തക്ക ഒരു ശാസ്ത്രഗ്രന്ഥാവലി നമ്മുടെ ഭാഷയിൽ ഇല്ലെന്നുള്ള പരമാൎത്ഥത്തെ സമ്മതിക്കതന്നെ വേണം. എങ്കിലും ഏതാനും ചില പുസ്തകങ്ങൾ സാമാന്യംപോലെയുള്ള ഗ്രന്ഥശാലകളിൽ ഇല്ലാതില്ല. പക്ഷേ സൂൎയ്യപ്രകാശം തട്ടാതെ അവ ഗ്രന്ഥശാലകളിലെ അൽമാരകളിൽതന്നെ കഴിഞ്ഞുകൂടുന്നു. അവയുടെ അൎത്ഥം ഗ്രഹിക്കുന്നതിനു കാവ്യപാരായണത്തേക്കാൾ ക്ലേശകരമായ അഭ്യാസം വേണമെന്നുള്ളതു ശരിതന്നെ. നിസ്തന്ദ്രപരിശ്രമം കൂടാതെ വിശിഷ്ടസമ്പത്തുകൾ ലഭിക്കയില്ലെന്നുള്ളതു് അനുഭവസിദ്ധമല്ലെ?

ശാസ്ത്രഗ്രന്ഥങ്ങളുടെ പാരായണത്തിൽനിന്നു ലഭിക്കുന്നതും നമ്മുടെ നിത്യജീവിതത്തിൽ ഉപകരിക്കുന്നതുമായ വിജ്ഞാനസമ്പത്തിന്റെ മാഹാത്മ്യത്തെ വൎണ്ണിച്ചു കേൾപ്പിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കാവ്യങ്ങൾ രസനിഷ്യന്ദികളായ സൂക്തങ്ങളാണെന്നും ശാസ്ത്രങ്ങൾ നീരസങ്ങളായ ശുഷ്കപാദപങ്ങളാണെന്നും നാം ഭ്രമിക്കേണ്ടതുമില്ല. സംഗീതം ആപാതമധുരവും സാഹിത്യം ആലോചനാമൃതവുമാണെന്നുള്ളതു വിദ്വൽസമ്മതമത്രെ. എങ്കിലും പ്രഥമഘട്ടങ്ങളെ തരണംചെയ്തുകഴിഞ്ഞാൽ കാവ്യത്തേക്കാൾ ഒട്ടും താഴെയല്ലാത്ത ആലോചനാമൃതത്വം ശാസ്ത്രത്തിനും ഉണ്ടെന്നുള്ള പരമാർത്ഥത്തെ അപലപിക്കാവുന്നതല്ല. മഹാകാശത്തിന്റെ ഭാവനാതീതമായ അനന്തവിസ്തൃതിയും അതിനുള്ളിൽ നമ്മുടെ സൗരയൂഥംപോലെ സംഖ്യാതീതങ്ങളായ സൗരയൂഥങ്ങളിലുൾപ്പെട്ട ഗോളങ്ങളുടെ നിയതചലനവും അതുനിമിത്തമുണ്ടാകുന്ന പ്രതിഭാസങ്ങളും ആലോചിച്ചാൽ നമുക്കുണ്ടാകുന്ന ഹൎഷസാധ്വസങ്ങൾ കേവലം അവൎണ്ണനീയങ്ങളല്ലെ? പദാൎത്ഥങ്ങളുടെ അല്പിഷ്ഠപരിമാണങ്ങളായി ഇതുവരെ നാം കരുതിവന്ന പരമാണുക്കൾ വസ്തുതഃ അല്പിഷ്ഠങ്ങളല്ലെന്നും അവയേക്കാൾ തുലോം അല്പതരങ്ങളായ ഇലക്ട്രൺ എന്ന അണുക്കൾ ലക്ഷോപലക്ഷം ഒരു പരമാണുവിന്റെ അന്തർഭാഗത്തിൽ, മഹാകാശത്തിൽ ഗോളങ്ങളെന്നപോലെ, ഭ്രമണം ചെയ്യുന്നു എന്നും ഗ്രഹിക്കുമ്പോൾ നമുക്കു തോന്നുന്ന അത്ഭുതത്തിനവസാനമില്ല. നാം അണിയുന്ന വൈരക്കല്ലുകളും വെറുക്കുന്ന കരിക്കട്ടയും

കാർബൺ എന്ന ഒരു പദാർത്ഥത്തിൻെറ രൂപാന്തരങ്ങളാണെന്നും പരമാണുക്കളുടെ വിന്യാസഭേദത്താലും മററുമാണു വൈരം വൈരമായും കരിക്കട്ട കരിക്കട്ടയായും തീൎന്നിട്ടുള്ളതെന്നും അറിയുന്നതു രസാവഹമല്ലെ? സസ്യവൎഗ്ഗത്തിൻേറയും മനുഷ്യൻ ഉൾപ്പെടേയുള്ള ജന്തുവൎഗ്ഗത്തിൻേറയും അംഗരചനയിൽ ഏറിയഭാഗവും കാർബൺതന്നെയെന്ന് അവയെല്ലാം ദഹിക്കുമ്പോൾ കരി ശേഷിക്കുന്നതിൽനിന്നു മനസ്സിലാക്കാം. വൈരക്കല്ലുകൊണ്ട് ആഭരണങ്ങളുണ്ടാക്കാൻ പണമില്ലാതെ പരിതപിക്കുന്നവൎക്കു തങ്ങളുടെ ശരീരം മിക്കവാറും വൈരത്തിൻെറ രൂപാന്തരമാണെന്ന് ആശ്വസിക്കാൻ വകയില്ലെ? ആയിരക്കണക്കിനോ ലക്ഷക്കണക്കിനോ എണ്ണിത്തള്ളേണ്ടതായ കാലഘട്ടങ്ങൾക്കിടയിൽ അവ്യാകൃതമായ ഒരു മൂലപദാർത്ഥത്തിനു സംഭവിച്ചുകൊണ്ടിരുന്ന പരിണാമപരമ്പരകളുടെ ഫലമാണു നാം കാണുന്ന ചരാചരപ്രപഞ്ചമെന്നറിയുമ്പോൾ നമുക്കുണ്ടാകുന്ന ആനന്ദലഹരിയെ എങ്ങനെ വൎണ്ണിക്കാം! കാന്തത്തിൻെറ പരിസരത്തിൽ ഒരു ചെമ്പുകമ്പി ചലിച്ചുകൊണ്ടേയിരുന്നാൽ, കാന്തത്തിനു യാതൊരു വികാരവും സംഭവിക്കാതെ ചെമ്പുകമ്പിയിൽനിന്നു വിദ്യുച്ഛക്തി അക്ഷയമായി പ്രവഹിച്ചുകൊണ്ടിരിക്കുന്നതിൻെറ അത്ഭുതരഹസ്യം ആൎക്കറിയാം! എല്ലാററിലും മഹത്തായ ഒരത്ഭുതംകൂടി പറഞ്ഞുകൊള്ളട്ടെ. "മഹതോമഹീയ"സ്സായ സൂൎയ്യഗോളം മുതൽ "അണോരണീയ"സ്സായ ഇലക്ട്രൺവരെയുള്ള സകലപദാർത്ഥങ്ങളുടേയും ഉല്പത്തി, സ്വഭാവം, ശക്തി, പ്രവൃത്തി മുതലായതെല്ലാം ഗ്രഹിക്കാൻമാത്രമല്ല, ജീവാത്മാ, പരമാത്മാ, ബ്രഹ്മം, മായ എന്നിങ്ങനെയുള്ള അദൃശ്യോപാധികളെക്കുറിച്ചു വിചിന്തനം ചെയ്തു സിദ്ധാന്തങ്ങൾ സ്ഥാപിക്കാനും ശക്തിയുള്ള ഒരു പദാർത്ഥം—കണ്ടാൽ ഏതുമില്ലെങ്കിലും കാൎയ്യത്തിൽ ദിവ്യചൈതന്യമുള്ള ഒരു പദാർത്ഥം—നമ്മുടെ തലയോട്ടിലിൽ അടക്കംചെയ്തിരിക്കുന്നതിനെപ്പററി അല്പം ആലോചിച്ചുനോക്കുക!

ഇപ്രകാരം ശാസ്ത്രങ്ങളുടെ സഹായത്താൽ "ഏകത്വത്തിൽ നാനാത്വം, നാനാത്വത്തിൽ ഏകത്വം" എന്നുള്ള പ്രപഞ്ചവൈചിത്ര്യം മനസ്സിലാക്കുമ്പോൾ നമുക്കുണ്ടാകുന്ന അത്ഭുതരസം കേവലം രോമഹർഷണമേന്നേ പറയേണ്ടതുള്ളു. എന്തിനു പറയുന്നു! പ്രീണനത്തിനു പുറമേ ബോധനംകൂടി നിർവഹിക്കുന്നതിനാൽ കാവ്യങ്ങൾക്കു ശാസ്ത്രത്വവും, ബോധനത്തിനുപുറമേ പ്രീണനംകൂടി നിൎവ്വഹിക്കുന്നതിനാൽ ശാസ്ത്രങ്ങൾക്കു കാവ്യത്വവും കല്പിക്കുന്നതു് അനുപപന്നമല്ല. ശാസ്ത്രലോകത്തിലെ എവറസ്റ്റിൽ കേറിനോക്കുമ്പോഴാണു നാം ഈശ്വരൻെറ അപാരശക്തിയെ അഭിമുഖീകരിക്കുന്നതും ഈശ്വരസാക്ഷാൽകാരംകൊണ്ടുള്ള നിർവികല്പാനന്ദത്തെ അനുഭവിക്കുന്നതും.

ഇത്രയെല്ലാം പോരുന്ന മലയാളപുസ്തകങ്ങൾ ഇപ്പോൾ സുലഭമല്ലായിരിക്കാം—നിശ്ചയമായും ദുർല്ലഭംതന്നെ. എങ്കിലും വായനക്കാർക്ക് ഇപ്പോൾ ചെറുകഥകളിലും മററുമുള്ള പക്ഷപാതത്തിന്റെ ഒരംശമെങ്കിലും ശാസ്ത്രഗ്രന്ഥങ്ങളുടെ നേർക്ക് തിരിയുന്നതായികണ്ടാൽ ആവക ഗ്രന്ഥങ്ങളെഴുതാൻ കെല്പുള്ളവർ ഇന്നത്തെ കൃതവിദ്യരായ യുവാക്കന്മാരുടെ കൂട്ടത്തിൽ ധാരാളം ഉണ്ടെന്നാണ് എന്റെ അനുഭവം. സാഹിത്യം, ശാസ്ത്രം, ചരിത്രം, മതം, രാജ്യതന്ത്രം, സമുദായം മുതലായ നാനാവിഷയങ്ങളെ പ്രതിപാദിച്ചു പ്രൌഢങ്ങളായ എത്രയോ ഉപന്യാസങ്ങൾ ഇപ്പോൾ മലയാളപത്രങ്ങൾക്കും മാസികകൾക്കും മേന്മ നൽകിവരുന്നു. ഈ എഴുത്തുകാരിൽ പലരേയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കയും അവരിൽനിന്നു നമ്മുടെ ഭാഷയ്ക്കു പ്രശസ്തസമ്പത്തുകൾ ലഭിക്കുമെന്ന് ആശംസിക്കയും ചെയ്യാറുണ്ട്. ഇവരിൽ ചിലരെല്ലാം ശബ്ദശുദ്ധിയിലും പ്രയോഗസൌഷ്ഠവത്തിലും കുറച്ചുകൂടി മനസ്സിരുത്തുന്നപക്ഷം അവരുടെ പ്രബന്ധങ്ങൾ ഒരുതരം 'പഴഞ്ചി'ന്മാർക്ക് അത്രത്തോളം ആസ്വാദ്യതരമായിരിക്കുമെന്നു പറയാൻ വകയില്ലാതില്ല. എങ്കിലും കൃതഹസ്തരായ പൂർവ്വപണ്ഡിതന്മാരുടെ കൃതികളുമായി ദൃഢപരിചയം സിദ്ധിക്കുമ്പോൾ ഈ വൈകല്യങ്ങൾ ഒഴിഞ്ഞുകൊള്ളുമെന്നും സാഹിത്യരചനയിൽ ശ്ലാഘ്യമായ യശസ്സിന് അവർ പാത്രീഭവിക്കുമെന്നും ന്യായമായി ആശിക്കാവുന്നതാണ്.

ഗ്രന്ഥപാരായണംകൊണ്ടു ശാശ്വതമായ സൽഫലം ലഭിക്കണമെന്നു നാം ആഗ്രഹിക്കുന്നപക്ഷം വിജ്ഞാനവും ബുദ്ധിവികാസവും നൽകുന്ന വിശിഷ്ടഗ്രന്ഥങ്ങളെ ക്ഷമാപൂർവ്വം നിഷ്കർഷിച്ചഭ്യസിക്കതന്നെയാണ് അതിലേക്ക് ഏകമായ മാർഗ്ഗമെന്ന് ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ. *

---

* കരുനാഗപ്പള്ളി "ലാലാജി സ്മാരകവായനശാല"യുടെ വാർഷികയോഗത്തിൽ വച്ച് അദ്ധ്യക്ഷൻ ചെയ്ത പ്രസംഗം.

# ജീവിതസഹായവും വിദ്യാഭ്യാസവും. (2)

[ജി. രാമൻമേനോൻ എം. എ., ബി. എൽ.]

സാമാന്യജീവിതം ഒട്ടൊക്കെയെങ്കിലും തൃപ്തികരമായി നിർവ്വഹിക്കുന്നതിന്ന വേണ്ട പരിശീലനങ്ങളിലും, അറിവുകളിലും, പ്രാധാന്യമുള്ള പലതും ഇപ്പോഴത്തെ പാഠശാലകളിൽനിന്ന സാധാരണമായി ലഭിക്കാറില്ല. ഇങ്ങനെയുള്ള ചില കാൎയ്യങ്ങളെക്കുറിച്ചു സ്വല്പം പ്രസ്താവിക്കാം. ഇവയെക്കുറിച്ച് ആധുനികവും തൃപ്തികരവുമായ അറിവുള്ള അധ്യാപകന്മാരും വിദ്യാഭ്യാസപ്രവൎത്തകന്മാരും വളരെ ചുരുക്കമാണ്. അറിവുള്ളവൎക്കും വിദ്യാൎത്ഥികളെ അതനുസരിച്ച് അഭ്യസിപ്പിക്കാൻ സമയമൊ സൌകൎയ്യമൊ മിക്കവാറും ഇല്ലാതിരിക്കുന്നു. കുട്ടികളുടെ ആരോഗ്യരക്ഷയ്ക്കും മററുജീവിതാവശ്യങ്ങൾക്കും ഉപകരിക്കുന്ന വിധത്തിൽ ആധുനികതത്വങ്ങളനുസരിച്ച് അവരെ അഭ്യസിപ്പിക്കാൻ ശ്രമിക്കുന്ന അധ്യാപകനെ പല മേലധികാരികളും മററും ഒരു കിറുക്കനെന്നുവിചാരിച്ചു കുററപ്പെടുത്താനും ഇടയുണ്ട്. ഇപ്പോഴത്തെ വാൎഷികപരീക്ഷകളിൽ ജയിക്കുന്നതിന്ന പ്രത്യക്ഷമായി അധികം പ്രയോജനപ്പെടാത്ത ഇത്തരം കാൎയ്യങ്ങൾക്കായി പ്രയത്നിക്കുന്ന അധ്യാപകനെക്കുറിച്ചു വിദ്യാൎത്ഥികൾക്കും അവരുടെ രക്ഷാകൎത്താക്കൾക്കുപോലും ചിലപ്പോൾ അതൃപ്തി തോന്നിയേക്കാം. ഇങ്ങനെയൊക്കെയാണെങ്കിലും ഇത്തരം അഭ്യസനം യഥാൎത്ഥവിദ്യാഭ്യാസത്തിന്റെ പ്രധാനഭാഗമാണെന്ന സാമാന്യമായ ചിന്താശീലമുള്ളവൎക്കെല്ലാവൎക്കും ബോധ്യമായിട്ടുണ്ട്.

ഒന്നാമതായി ആരോഗ്യരക്ഷയ്ക്ക് അത്യാവശ്യമായ ചില കാൎയ്യങ്ങളെക്കുറിച്ചു പറയാം. ആഭ്യന്തരവും ബാഹ്യവുമായ ശുചിത്വമാണ് ആരോഗ്യരക്ഷയ്ക്ക് അത്യാവശ്യമായിരിക്കുന്നത്. എന്നാൽ ഇത് അപ്രായോഗികവും, ഉപദ്രവകരവും പലപ്പോഴും വിപരീതഫലം ചെയ്യുന്നതുമായ വെറും ജലപിശാചോ, രോഗാണുഭയമൊ ആയിത്തീരാതെ സൂക്ഷിക്കണം. സാമാന്യമായ പരിതസ്ഥിതികളിലെല്ലാം ആരോഗ്യത്തിന്ന വലിയ ഹാനിതട്ടാതെ സൂക്ഷിക്കുന്നതിന്ന ദേഹത്തിന്ന പ്രകൃതിശക്തിയുണ്ട്. ശുദ്ധവായു, ശുദ്ധജലം, സൂൎയ്യപ്രകാശം, പ്രകൃത്യാനുസൃതമായ ഭക്ഷണസാധനങ്ങൾ, ശുദ്ധഭൂമിയോടുള്ള സമ്പൎക്കം, സ്വാഭാവികമായ ദേഹാധ്വാനം എന്നിവ ആരോഗ്യരക്ഷയ്ക്കു ദേഹത്തിന്ന സ്വാഭാവികമായ ശക്തിയെ പ്രവൎത്തിപ്പിക്കയും സഹായിക്കയും ചെയ്യുന്നു. സ്വാഭാവികവും ആരോഗ്യപ്രദവുമായ ശ്വാസോഛ്വാസരീതിയെക്കുറിച്ചു കുറച്ചു പറയാം. മനുഷ്യർ നിവ്വ

ത്തിയുള്ളേടത്തോളം സമയം നല്ല വായുസഞ്ചാരമുള്ള സ്ഥലങ്ങളെത്തന്നെ, ഇരിക്കുന്നതിനും ജോലിചെയ്യുന്നതിനും കിടക്കുന്നതിനും ഉപയോഗിക്കണം. കാലത്തെ എഴുനേററാലുടനെ നല്ലവെള്ളംകൊണ്ടു മുഖവും വായും പല്ലും സാമാന്യമായി വൃത്തിയാക്കീട്ടു നല്ല വായുസഞ്ചാരമുള്ള സ്ഥലത്തു നിവർന്നു നിന്നു സാവധാനത്തിൽ ശ്വാസോച്ഛ്വാസം ചെയ്യണം. മൂക്കിൽക്കൂടെ മാത്രം വായു ശ്വാസകോശത്തിൽ പ്രവേശിക്കത്തക്കവണ്ണം വാ അടച്ചുവച്ചുകൊണ്ടുവേണം ഈ പരിശീലനം നടത്താൻ. ശ്വാസകോശം നല്ലവണ്ണം നിറയുന്നതുവരെ ദീർഘമായി അകത്തേക്കു ശ്വസിക്കണം. പിന്നെ സാവധാനത്തിലും സ്വാഭാവികമായും വായുവിനെ മൂക്കിൽക്കൂടെതന്നെ പുറത്തേക്കു കളയണം. കഴിയുന്നിടത്തോളം വായു പുറത്തേക്കു കളഞ്ഞിട്ടാണു വീണ്ടും അകത്തേയ്ക്കു ശ്വസിക്കേണ്ടതു്. നെഞ്ചു സാമാന്യമായി വിടർത്തും സ്വല്പം മുമ്പോട്ടു തള്ളിയും വച്ചുകൊണ്ടു ശ്വാസം അകത്തേയ്ക്കു വലിച്ചാൽ വായു ധാരാളമായി അകത്തേക്കു കേറും. ശ്വാസോച്ഛ്വാസത്തിലും മററു വ്യായാമങ്ങളിലും അമിതമായ വേഗമൊ, ബലപ്രയോഗമൊ പാടുള്ളതല്ല. ഇവ ദോഷപ്രദമായിരിക്കും. സാവധാനമായും സുഖപ്രദമായും ശ്വാസോച്ഛ്വാസം ചെയ്തു ശീലിക്കണം. കുറേ ശീലിച്ചാൽ എല്ലായ്പ്പോഴും ഇതു സ്വാഭാവികമായി നടന്നുകൊണ്ടിരിക്കും. ഈ പരിശീലനം, ജലദോഷം, ചുമ, ശ്വാസകോശനീക്കേട്ടു്, ക്ഷയം മുതലായ രോഗങ്ങളുണ്ടാകാതെ തടയുന്നതിൽ വളരെ സഹായിക്കുന്നതാണു്.

കാലത്തേ ഈ പ്രത്യേകപരിശീലനത്തിനു രണ്ടോ മൂന്നോ മിനിട്ടിൽ കൂടുതൽ ആവശ്യമില്ല. തലയും മുഖവും കഴുത്തും ഉള്ളങ്കൈകൊണ്ടു കാലത്തെ നല്ലവണ്ണം തിരുമ്മുന്നതും വളരെ ഗുണകരമാണു്. ഇതിനു് ഒരു മിനിട്ടിൽ കൂടുതൽ സമയം വേണ്ടാ. ഇതിലും അമിതമായ ബലപ്രയോഗം അരുതു്. ഈ പ്രയോഗംകൊണ്ടു കഴുത്തിലെ മാംസപേശികൾക്കും ഗ്രന്ഥികൾക്കും (Glands) ഉണർച്ചയും ബലവും ഉണ്ടാകുന്നു. ദേഹശക്തിയെ സംരക്ഷിക്കുന്നതിലും ദേഹത്തെ ശുദ്ധീകരിക്കുന്നതിലും വളരെ പ്രാധാന്യമുള്ള ചില ഗ്രന്ഥികൾ കഴുത്തിലാണു്. ഈ പ്രയോഗം സ്റ്റൌട്ടിംഗിനെക്കുറിച്ചുള്ള പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുണ്ടു്. കാലത്തെ എഴുനേററാലുടനെ മലശോധന കഴിക്കുന്നതു പതിവായിട്ടുണ്ടെങ്കിൽ മേൽപ്പറഞ്ഞ ശ്വാസോച്ഛ്വാസപരിശീലനം മുതലായതെല്ലാം മലശോധനയും ശുദ്ധീകരണവും കഴിഞ്ഞിട്ടാണു നടത്തേണ്ടതു്. മലശോധനയ്ക്കു താമസമുള്ളപക്ഷം മുൻപറഞ്ഞ പ്രയോഗങ്ങൾ അതിനു മുമ്പു നടത്താം. അവ അതിനെ സഹായിക്കയും ചെയ്യും. അവ കഴിഞ്ഞിട്ടു് സ്വല്പം ശുദ്ധജലം (തിളപ്പിച്ചു ചെറുചൂടുള്ളതൊ, ആറിയതോ) കുടിക്കുന്നതും മലശോധനയെ സഹായിക്കും. മലശോധനക്കുറവുള്ളവർ, മുമ്പു പറഞ്ഞ പ്രയോഗങ്ങൾ കഴിഞ്ഞി

ട്ട്, നിവൎന്നുനിന്നുകൊണ്ടു ശ്വാസം ദീൎഘമായി അകത്തേക്കു വലിച്ചിട്ടു കഴിയുന്നിടത്തോളം പുറത്തേക്കു സാവധാനമായി കളഞ്ഞിട്ടു വീണ്ടും ശ്വാസം അകത്തേയ്ക്കു വലിക്കാതെ, അടിവയററിനെ കഴിയുന്നിടത്തോളം അകത്തേക്കു വലിച്ചിട്ടു പതുക്കെ പൂൎവ്വസ്ഥിതിയിലാക്കണം. ഇങ്ങനെ പത്തോ പന്ത്രണ്ടോ പ്രാവശ്യം കഴിഞ്ഞിട്ടു വീണ്ടും ശ്വാസം അകത്തേക്കു വലിക്കണം. പിന്നെ മൂന്നോ നാലൊ തവണ സ്വാഭാവികമായി ശ്വാസോഛ്വാസം ചെയ്യുതിനു ശേഷം, വീണ്ടും അടിവയററിനെ അകത്തേയ്ക്കു വലിച്ചു പൂൎവ്വസ്ഥിതിയിലാക്കുന്ന പ്രയോഗം നടത്താം. ഈ പരിശീലനം രണ്ടോ മൂന്നോ തവണ ആവൎത്തിച്ചാൽ മതിയാകും. ഇതു കഴിഞ്ഞിട്ടു കുറെ ശുദ്ധജലം കുടിക്കുന്നതു ഗുണകരമാണ്. ഈ പ്രയോഗം മലശോധനയെ സഹായിക്കുന്നതും മററു ഗുണങ്ങൾ ചെയ്യുന്നതുമാണ്. ശരിയായ മലശോധനയുടെ പ്രാധാന്യത്തേയും, അതു സാധിക്കുന്നതിനുള്ള മാൎഗ്ഗങ്ങളേയും കുറിച്ചു പിന്നീടു കൂടുതലായി പ്രസ്താവിക്കാം.

# ലോകം;
# ഉല്പത്തിയും പരിണാമവും.

(ഡാക്ടർ ജാബസ് ടി. സണ്ടർലൻഡ്.)

ലോകത്തിൻെറ ഉത്ഭവരീതിയെ സംബന്ധിച്ചുള്ള വിവിധസിദ്ധാന്തങ്ങളിൽവച്ച് അത്യധികം പ്രാധാന്യവും അത്യധികം പ്രചാരവും സിദ്ധിച്ചിട്ടുള്ളവ രണ്ടാണ്. അവയിൽ ഒന്നു ബൈബിളിൻെറ പ്രാരംഭ അദ്ധ്യായമായ ജെനസിസി (ഉല്പത്തികാണ്ഡം)-ൽ വിവരിച്ചിട്ടുള്ളതും ഏററവും പുരാതനവും ആയിട്ടുള്ളതാണ്. ഈ സിദ്ധാന്തം വേദപുസ്തകത്തിൽ വിവരിച്ചിട്ടുള്ളതാണെന്നുള്ള ഏകകാരണത്താൽ ഈ അടുത്ത കാലംവരെയും എല്ലാ രാജ്യത്തിലും നിവസിക്കുന്നവരായ ക്രൈസ്തവരാലും യഹൂദന്മാരാലും ഇതു് അപ്രതിഷേധ്യമായി അംഗീകരിക്കപ്പെട്ടിരുന്നു. അതായതു യൂറോപ്പിലും അമേരിക്കയിലും ഉള്ള നിശ്ശേഷജനങ്ങളാലും ഏഷ്യയിലുള്ള ബഹുലക്ഷം ജനങ്ങളാലും ആദൃതമായിരുന്നു.

രണ്ടാമത്തെ സിദ്ധാന്തം ആപേക്ഷികമായി നവീനമായിട്ടുള്ളതാണ്. പക്ഷെ ഇതിനെക്കുറിച്ചുള്ള സൂചനകളും, ദീൎഘാവലോകനങ്ങളും,

പൂർവ്വച്ഛായകളും, അതിൻെറ പ്രാകൃതവും അവ്യക്തവുമായ രൂപങ്ങളും പരിത്രകാലത്തിനുമുമ്പു പല രാജ്യങ്ങളിലെയും ഗംഭീരചിന്തകന്മാരുടെ ഉള്ളിൽ നിഴലിച്ചിട്ടുണ്ടായിരുന്നേക്കാം. എന്നാൽ ഈ ഒരു സിദ്ധാന്തത്തിന്നു സുവിസ്തൃതമായ പ്രചാരം സിദ്ധിച്ചതു കഴിഞ്ഞ നൂററാണ്ടിൻെറ ഒടുവിലത്തെ രൂപാദത്തോടുകൂടിയാണ്. ഇതാണു പരിണാമവാദം എന്ന പ്രസിദ്ധമായ സിദ്ധാന്തം.

ഇന്നത്തെ അസന്ദിഗ്ദ്ധമായ വിജ്ഞാനദീപ്തിയിൽ ഇവയിൽ ഏതിനാണു യഥാർത്ഥമെന്നുള്ളതിന്നു തെളിവുള്ളതു്? തന്മൂലം ഇവയിൽ ഏതാണു പ്രേക്ഷാവത്തുക്കളുടേയും സത്യാന്വേഷികളുടേയും സ്വീകരണത്തിന്നു യോഗ്യമായി ഭവിച്ചിട്ടുള്ളതു്? ഈ പ്രശ്നങ്ങൾ ആധുനികചിന്തകന്മാർക്കു ചിന്താവിഷയമായി ഭവിച്ചിട്ടുള്ള ഗൗരവവും പ്രാധാന്യവും ഏറിയ പ്രശ്നങ്ങളിൽ ഉൾപ്പെട്ടവയാണെന്നു ഗ്രഹിക്കാൻ പ്രയാസമില്ല.

എല്ലാ വർഗ്ഗക്കാർക്കും എല്ലാ രാജ്യക്കാർക്കും സൃഷ്ടിയെക്കുറിച്ചു വെവ്വേറെ സിദ്ധാന്തങ്ങളുണ്ടെന്നുള്ള സംഗതിയാണ് ആധുനിക വിദ്വാന്മാരുടെ ഗവേഷണത്തിൻെറ ഫലമായ സാരമേറിയ ഒരു സമാസാദനം.

മനുഷ്യവർഗ്ഗം പരിഷ്ക്കാരത്തിൻെറ ഏററവും താഴ്ന്ന പടിയിൽനിന്നും ഉയൎന്നുതുടങ്ങുമ്പോൾതന്നെ തങ്ങളുടേയും തങ്ങളുടെ ചുററും കാണുന്ന ലോകത്തിൻെറയും ഉത്പത്തിയേയും പ്രയോജനത്തേയും കുറിച്ചു ജിജ്ഞാസയോടെ അന്വേഷിച്ചുതുടങ്ങുന്നതു സഹജമാണ്. ഞാൻ എവിടെനിന്നും വന്നു? ഈ ലോകം എവിടെനിന്നുണ്ടായി.? ഇന്നു കാണുന്ന ചരാചരങ്ങൾ എങ്ങനെ ഈവിധമായി പരിണമിച്ചു? അത്ഭുതകരങ്ങളായ പ്രാപഞ്ചികസംഭവങ്ങളുടെ കാരണങ്ങളെക്കുറിച്ചു ബാലന്മാർ ചോദ്യങ്ങൾ ചോദിച്ചു തൃപ്തികരമായസമാധാനം ലഭിക്കാതിരിക്കുമ്പോൾ സ്വയമേവസമാധാനം നിർമ്മിക്കുന്നതു സ്വാഭാവികമായിരിക്കുന്നതുപോലെ ലോകത്തിൽ സർവ്വത്ര, മനുഷ്യർ ലോകോല്പത്തിയേയും മനുഷ്യജീവിതത്തേയും കുറിച്ചുള്ള തങ്ങളുടെ ഈ പ്രശ്നങ്ങൾക്കു സമാധാനം സൃഷ്ടിച്ചിട്ടുള്ളതായിക്കാണുന്നു.

ഇപ്രകാരം അവലംബിക്കപ്പെട്ട സമാധാനങ്ങളാണ് അവരവരുടെ ജഗൽസൃഷ്ടിയെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ. നാമമാത്രമായെങ്കിലും ഒരു സാഹിത്യമുള്ള മിക്ക വംശക്കാർക്കും അവരുടെ സാഹിത്യത്തിൻെറ അധികം പ്രാചീനമായ വല്ല ഭാഗത്തിലും—പ്രായേണ മതഗ്രന്ഥങ്ങൾ ഉണ്ടെങ്കിൽ അവയിൽ—അവരവരുടെ ഏതദ്വിഷയകമായ ചിന്താഗതിക്കനുരൂപവും ഏറെക്കുറെ സുവിസ്തൃതങ്ങളുമായ പ്രപഞ്ചസൃഷ്ടിപ്രകരണങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതായിക്കാണുന്നു. സാഹിത്യമോ ലിഖിതഭാഷത

ന്നെയോ ഇല്ലാത്ത ജനങ്ങളുടെ ഇടയിലും ഇപ്രകാരമുള്ള കഥകളും ഐതിഹ്യങ്ങളും വാഗ്രൂപേണ പിതാവിൽനിന്നും പുത്രനിലേയ്ക്കും ഒരുത്തനിൽനിന്നു മറെറാരുത്തനിലേയ്ക്കും പരമ്പരയാ ആമ്നാതങ്ങളായി കാണപ്പെടുന്നതു സാധാരണയാണു്.

അവയ്ക്കു ഞാൻ ചില ദൃഷ്ടാന്തങ്ങൾ പറയാം.

പശ്ചിമ ആഫ്രിക്കയിലെ സിംഗാരാജഞിയോട് ഒരു പാതിരി ലോകം ആരു സൃഷ്ടിച്ചു എന്നു ചോദിച്ചതിനു "എൻെറ പൂർവികന്മാരാണെ"ന്നു മറുപടി പറഞ്ഞതായി സർ ജാൺ ലബ്ബാക്കു പറയുന്നു. ഇതു പ്രപഞ്ചസൃഷ്ടിസിദ്ധാന്തത്തിൻെറ ഒരു രൂപമാണു്.

ചില അപരിഷ്കൃതവർഗ്ഗക്കാർ സകല വസ്തുക്കളും സ്വയംഭൂതങ്ങളാണെന്നു വിശ്വസിച്ചുവരുന്നു. ഇതു മറെറാരുരൂപമാണു്.

സകല ചരാചരങ്ങളും ഏതോപ്രകാരത്തിൽജലത്തിൽനിന്നും ഉത്ഭവിച്ചവയാണെന്നുള്ള അഭിപ്രായത്തിനു ലോകരുടെ ഇടയിൽ വിശേഷിച്ചും അപരിഷ്കൃതജനങ്ങളുടെ ഇടയിൽ വിപുലപ്രചാരമുണ്ടു്. ലോകം ആദിയിൽ ഒരു അനന്തമായ ജലാശയരൂപത്തിൽ ഇരുന്നുവെന്നും അതിൽനിന്നും പരമാത്മാവു സ്ഥലത്തെ ഉദ്ധരിച്ചുവെന്നും ഉള്ള അഭിപ്രായം അമേരിക്കയിലെ ചിപ്പീവാ ഇൻഡ്യന്മാർ അവലംബിച്ചിട്ടുള്ളതായി അറിയുന്നു. പ്രാകൃതസമുദ്രത്തിൽനിന്നു് ഒരെലി ഒരുതരി മണ്ണു കൊണ്ടുവന്നുവെന്നും ആ മണൽത്തരിയിൽ നിന്നും നിർജ്ജലസ്ഥലം സൃഷ്ടിക്കപ്പെട്ടുവെന്നും മിംഗ്രവംശക്കാരും ഒട്ടാവാവംശക്കാരും സിദ്ധാന്തിക്കുന്നു. എന്നാൽ ആ എലിയുടെ ഉത്ഭവം എവിടെ നിന്നാണെന്നു് അവർ പറയാത്തതു് കഷ്ടംതന്നെ. പാലിനീഷ്യൻ പുരാണപ്രകാരം സ്വർഗ്ഗവും ഭൂമിയും ആദികാലംമുതലേ ഉണ്ടായിരുന്നു, എന്നാൽ ആദ്യകാലത്തു് അതു നിശ്ശേഷം സലിലനിമഗ്നമായിരുന്നു. ഒടുവിൽ പരമപുരുഷൻ ഒരു അത്ഭുതശക്തിയുള്ള മത്സ്യവേധനം കൊണ്ടു ന്യൂസിലാൻഡിനെ ഉന്മജ്ജനം ചെയ്തു.

ലോകം ഒരു അണ്ഡത്തിൽനിന്നും ഉത്ഭവിച്ചു എന്നുള്ള സിദ്ധാന്തത്തിനു് ആണു കൂടുതൽ പ്രചാരമുള്ളതായി കാണുന്നതു്. ഒരു രൂപത്തിൽ അല്ലെങ്കിൽ മറെറാരു രൂപത്തിൽ ഈ സിദ്ധാന്തത്തിനു ഫിൻലാൻഡ് പാലിനീഷ്യാ, ചൈനാ, ഫിനീഷ്യാ, ഈജിപ്റ്റ്, ഇൻഡ്യാ ഈ രാജ്യങ്ങളിൽ പ്രചാരമുള്ളതായി കാണുന്നു. ഈ ആദിമ അണ്ഡത്തിൻെറ ഉള്ളിലെ വെള്ളക്കരുവിനെ ചുററുന്ന സമുദ്രവും ഉണ്ണിക്കരുവായും തീർന്നു എന്നാണു ഫിൻകാരുടെ വിശ്വാസം.

ഇതു് ബ്രാഹ്മണരുടെ ഇടയിലുള്ളതും ഭാരതീയരുടെ ഒരു വൈദിക ഗ്രന്ഥമായ മനുസ്മൃതിയിൽ കാണുന്നതുമായ സൃഷ്ടിപ്രകരണത്തെ സംബ

ഡിച്ചുള്ള സിദ്ധാന്തത്തെ ഓമ്മപ്പെടുത്തുന്നു. ഈ സ്മൃതിയും നമ്മുടെ പഴയ നിയമത്തെപ്പോലെ സൃഷ്ടിപ്രകരണത്തോടുകൂടിയാണ് ആരംഭിക്കുന്നത്. ആ സൃഷ്ടിപ്രകരണത്തിൽ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്:—

സോഭിധ്യായ ശരീരാത്സ്വാൽ
സിസൃക്ഷുർവിവിധാഃ പ്രജാഃ
അപ ഏവസസർജാദൌ
താസു ബീജമവാസൃജൽ

തദണ്ഡമഭവദ്ധൈമം
സഹസ്രാംശു സമപ്രഭം
തസ്മിൻ ജജ്ഞേ സ്വയംബ്രഹ്മാ
സർവ്വലോക പിതാമഹഃ

സ്കാൻഡിനേവിയാക്കാരുടെ സൃഷ്ടിയെപ്പററിയുള്ള ഐതിഹ്യപ്രകാരം ആദിയിൽ ഇരുളടഞ്ഞ സുവിസ്തൃതമായ ഒരു കുഹരമുണ്ടായിരുന്നു. ഇതിൻെറ ഉത്തരഭാഗത്തിൽ ഹിമാവൃതവും അനന്തവുമായ ഒരു പ്രദേശവും ദക്ഷിണഭാഗത്തിൽ അതുപോലെതന്നെ അഗ്നിമയമായ മററൊരു പ്രദേശവുമുണ്ടായിരുന്നു. ഈ ഹിമത്തിൻേറയും അഗ്നിയുടേയും പരസ്പരസംഘട്ടനംകൊണ്ടു് മഹാകായനായ "ഇമീർ" ഉത്ഭവിച്ചു. ഇയാളുടെ വധാനന്തരം ആ ശരീരത്തിൽനിന്നും ഭൂമിയും ആകാശവും സൃഷ്ടിക്കപ്പെട്ടു.

ഗ്രീസുകാരുടെ സൃഷ്ടിചരിത്രപ്രകാരം ആദിയിൽ സുവിസ്തൃതവും അരൂപവുമായ ഒരു പ്രകൃതിയുണ്ടായിരുന്നുവെന്നും ഇതിൽനിന്നും ഭൂമിയും സ്വർഗ്ഗവും രണ്ടു അന്യോന്യബന്ധമില്ലാത്ത സത്വങ്ങളായി വേർതിരിഞ്ഞുവെന്നുമാണ് കാണുന്നതു്. ഇവർ അന്യോന്യം വിവാഹം ചെയ്യുകയും അവരിൽനിന്നും ഉപദേവന്മാരും മനുഷ്യരും ഉത്ഭവിക്കുകയും ചെയ്തു.

പുരാതന പേഷ്യക്കാരുടെ വേദപുസ്തകമായ 'സെൻഡ് അവെസ്റ്റാ' പ്രകാരം സൃഷ്ടിയുടെ ആരംഭം സനാതനബ്രഹ്മത്തിൽ സമപ്പിക്കപ്പെട്ടിരിക്കുന്നു. ഈ സനാതനബ്രഹ്മം ജ്യോതിർദേവനായ ആർമസ്ഡ് (Ormuzd) നേയും അന്ധകാരദേവനായ അഹ്രിമാനേ (Ahriman)നേയും ഉൽപാദിപ്പിച്ചു. ഇവരിൽ ആർമസ്ഡ് ആറു കാലഘട്ടങ്ങൾകൊണ്ടു ആകാശത്തേയും ഭൂമിയേയും എല്ലാത്തിലും ഒടുവിലായി മനുഷ്യനേയും സൃഷ്ടിച്ചു.

മനുഷ്യവർഗ്ഗങ്ങളുടെ ചരിത്രത്തിൻെറ ഏററവും ആദിമകാലഘട്ടങ്ങളിൽ ഉത്ഭവിച്ച ഈ സൃഷ്ടിപ്രകരണങ്ങൾ പ്രാകൃതവും ബാലിശവും ആയിരിക്കുന്നതിനെപ്പററി അത്ഭുതപ്പെടുവാനില്ല. എന്നാൽ ഇവയിൽ പലതും ഗാഢചിന്തയേയും സൂക്ഷ്മാവലോകനശക്തിയേയും പ്രദശിപ്പിക്കു

ന്നുണ്ട്. ഉദാഹരണമായിട്ട്, ഈശ്വരനെ സകല വസ്തുക്കളുടേയും സൃഷ്ടികൎത്താവും ഉദ്ധാരകനും ആയി സങ്കല്പിക്കുന്ന ഹൈന്ദവവേദങ്ങളിൽ കാണുന്ന ചില ആശയങ്ങൾ വളരെ ഉൽകൃഷ്ടങ്ങളായിരിക്കുന്നു. ബൈബിളിലെ ഏതു ഭാഗത്തെക്കാളും പഴക്കംകൂടിയതും ജെനസിസിനെ (ഉല്പത്തികാണ്ഡത്തെ)ക്കാൾ അനേകശതാബ്ദം പഴക്കമുള്ളതായി ഗണിക്കപ്പെടാവുന്നതുമായ ഋഗ്വേദത്തിൽനിന്നും ചില സ്തോത്രങ്ങൾ ഇവിടെ ഉദ്ധരിക്കാം. അതിൽ ഇങ്ങനെ പറയുന്നു:—

"ആദിയിൽ ഹിരണ്യഗൎഭൻ ഉത്ഭവിച്ചു. അദ്ദേഹം സകല ചരാചരങ്ങളുടേയും ഏകപ്രഭുവായിരുന്നു: അദ്ദേഹം ഭൂമിയേയും ആകാശത്തേയും സൃഷ്ടിച്ചു;"

"അദ്ദേഹം സ്വശക്തിമൂലം സജീവവും ഉൽബുദ്ധവുമായ സകല ലോകങ്ങളുടേയും ഏകാധിപതിയാകുന്നു."

"അദ്ദേഹം മനുഷ്യനേയും തിൎയ്യഗ്യോനികളേയും ഭരിക്കുന്നു;"

"അദ്ദേഹത്തിൻെറ ശക്തിയെ ഈ ഹിമാചലങ്ങളും സമുദ്രവും ആ നദിയും ഘോഷിക്കുന്നു;"

"ഈ ദ്യാവാപൃഥിവ്യകൾരണ്ടും അദ്ദേഹത്തിൻെറ രണ്ടു ഭുജങ്ങളാണ്;"

"അദ്ദേഹത്തിൻെറ ശക്തിയാൽ ആകാശം ജ്യോതിൎമ്മയമായും ഭൂമി സ്ഥിരയായും ഇരിക്കുന്നു."

"അദ്ദേഹത്താൽ ആകാശം പ്രതിഷ്ഠിക്കപ്പെട്ടു, അദ്ദേഹം അന്തരീക്ഷത്തിൽ ജ്യോതിസ്സിനെ വിഭജിച്ചു."

"അദ്ദേഹം അദ്ദേഹത്തിൻെറ പ്രഭാവംകൊണ്ടു വാരിവാഹങ്ങളിൽ കൂടിയും ദൃഷ്ടി പതിപ്പിച്ചിരുന്നു."

"അദ്ദേഹം ഈശ്വരന്മാരിൽവച്ച് ഏകേശ്വനായിരുന്നു.""

"അല്ലയോ പ്രജാപതേ; ഈ സൃഷ്ടിസമൂഹത്തിനെല്ലാം ഭവാനല്ലാതെ മറെറാരു ഈശ്വരനില്ല."

ഈ സ്തോത്രം സൃഷ്ടിയുടെ പൂൎണ്ണമായ ക്രമത്തെ വിവരിക്കുന്നില്ലെങ്കിലും അതിലടങ്ങിയിരിക്കുന്ന സൃഷ്ടിപ്രകരണത്തേയും സൃഷ്ടികൎത്താവായ ഈശ്വരനേയും സംബന്ധിച്ചുള്ള സ്വരൂപജ്ഞാനം വളരെ ഉൽകൃഷ്ടമാണ്. മാക്സ്മുള്ളർ സയുക്തികം അഭിപ്രായപ്പെടുന്നതുപോലെ ഈ വിഷയത്തെ സംബന്ധിച്ചുള്ള പഴയ നിയമത്തിലെ ഏററവും ഉൽകൃഷ്ടമായ പ്രസ്താവനകളോടു തുല്യസ്ഥാനം വഹിക്കുന്നതിനു വേണ്ട യോഗ്യത അതിനുണ്ട്.

ഈ സൃഷ്ടികഥകളെല്ലാമെന്താണ്? അവ ചരിത്രമാണോ? അവ യഥാർത്ഥസംഭവങ്ങളുടെ രേഖകളാണോ? അവയെല്ലാം ലോകവും അതിലുള്ള സകല ചരാചരങ്ങളും എങ്ങനെ ഉത്ഭവിച്ചുവെന്നുള്ള സർവ്വസാധാരണങ്ങളായ ചോദ്യങ്ങളെക്കുറിച്ചു ചിന്തിക്കുന്ന മനുഷ്യൻെറ കല്പനാശക്തിയുടെ സൃഷ്ടികളായ പഴങ്കഥകളും, പുരാണങ്ങളും, അടിസ്ഥാനരഹിതങ്ങളായ അഭിപ്രായങ്ങളുമല്ലയോ? ഇനി ബൈബിളിലെ ഉൽപത്തികാണ്ഡത്തിൽ (ജെനസീസ്) പറയുന്ന സൃഷ്ടിവിവർണത്തെക്കുറിച്ചു പറയുകയാണെങ്കിൽ അതു തരത്തിൽ ഇവയിൽനിന്നും വ്യത്യാസപ്പെട്ടവയാണോ? അതോ മററുള്ള ദേശക്കാരുടെ ഇടയിൽ പ്രചാരമുള്ളതായി കാണുന്ന കഥകളുടെ കൂട്ടത്തിൽപ്പെട്ടവയാണോ? ഹീബ്രുസൃഷ്ടിപ്രകരണം യഥാർത്ഥചരിത്രമാണെന്നു വിശ്വസിക്കുന്നതിനു ഗ്രീസുകാരുടേയും ഇൻഡ്യാക്കാരുടേയും സൃഷ്ടിപ്രകരണങ്ങൾ ചരിത്രങ്ങളാണെന്നു വിശ്വസിക്കുന്നതിനുള്ള കാരണങ്ങളെക്കാൾ കൂടുതലായി എന്തു കാരണങ്ങൾ ഉണ്ട്? ഉല്പത്തികാണ്ഡത്തിലെ കഥയ്ക്കു ചരിത്രലക്ഷണങ്ങൾ വല്ലതുമുണ്ടോ? ആധുനികശാസ്ത്രത്തിൻെറ പരീക്ഷണത്തിൽ ഇതു സാധുവെന്നു തെളിയുമോ? അതോ ഒരു സൂക്ഷ്മമായ പരിശോധന ഓരോ ഘട്ടത്തിലും അതിൻെറ പഴങ്കഥാസ്വരൂപത്തെ വെളിപ്പെടുത്തുന്നോ? നമുക്കു നോക്കാം.

അപ്രകാരമുള്ള ഒരു പരിശോധനയുടെ പ്രാരംഭമായി മഹാനായ ഭൂഗർഭശാസ്ത്രജ്ഞൻ സർ ചാർത്സ്ലിൽ-ൻെറ അപരക്രിയാവസരത്തിൽ വെസ്റ്റ്മിൻസ്റ്റിർ ദേവാലയത്തിൽവച്ചു വൈദികശ്രേഷ്ഠനായ സ്റ്റാൻലി പറഞ്ഞവാക്കുകളെ ഇവിടെ ഉദ്ധരിക്കട്ടെ.

"ഭൂഗർഭശാസ്ത്രഗവേഷണം ആദ്യമായി ഉത്ഭവിച്ചപ്പോൾ അതു് വേദപുസ്തകത്തിലെ പ്രസ്താവനകളോടു യോജിപ്പിക്കുന്നതിനു അവസാനമില്ലാത്ത ശ്രമങ്ങൾ നടന്നുകൊണ്ടിരുന്നു എന്നുള്ളതു സുപ്രസിദ്ധമാണ്. ഈ വിഷയത്തിൽ അവയെ അന്യോന്യം യോജിപ്പിക്കുന്നതിനു രണ്ടുതരം യുക്തികളായിരുന്നു പ്രയോഗിച്ചുവന്നതും ഇപ്പോൾ പ്രയോഗിക്കുന്നതും. എന്നാൽ ഇവരണ്ടും അവ അർഹിക്കുന്നതരത്തിൽ പൂർണ്ണപരാജയത്തിൽ കലാശിച്ചു. ഇവയിൽ ഒന്നു ബൈബിളിലെ വാക്യങ്ങളെ ദുർവ്യാഖ്യാനം ചെയ്തു അർത്ഥം മാററി ശാസ്ത്രീയമായ അർത്ഥം വരത്തക്കവണ്ണം അന്വയിക്കുകയാണ്. മററതാകട്ടെ ബൈബിളിനെ യഥാർത്ഥീകരിക്കുന്നതിനു ആവശ്യമുള്ളവിധം ശാസ്ത്രീയതത്വങ്ങളെ അവാസ്തവങ്ങളാക്കുന്നതിനു ശ്രമിക്കുന്നു. സൃഷ്ടിപ്രകരണത്തിലെ ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ കാലം, സ്ഥലം, മുറ ഈ വിഷയങ്ങളിൽ എല്ലാ അംശങ്ങളിലും വിഭിന്നങ്ങളായ രണ്ടു വ്യത്യസ്തസൃഷ്ടിവർണ്ണനകൾ അടങ്ങിയിരിക്കുന്നു എന്നു എല്ലാ ബൈബിൾവിദഗ്ദ്ധന്മാർക്കും ഇപ്പോൾ സ്പഷ്ടമാണ്. ശാസ്ത്രീയനിരീക്ഷണത്തിൻെറ ഫലമായി ആവശ്യമുള്ളതായിക്കാണുന്ന യുഗസഹസ്രങ്ങളും ഹീബ്രുഗണിതപ്രകാരമുള്ള ആ

റായിരം കൊല്ലവും ഹീബ്രുക്കാരുടെ ആറുദിവസംകൊണ്ടുള്ള സൃഷ്ടിയും അന്യോന്യം വിരുദ്ധങ്ങളാണ്."

ഈ അഭിപ്രായം കേവലം ഒരു മതദ്വേഷിയുടേതല്ല നേരേമറിച്ച് ഇന്നുള്ളവരിൽവച്ച് ഏറ്റവും ആത്മവിശ്വാസിയും ഭക്തനുമായ ഒരു ക്രിസ്തീയപണ്ഡിതൻേറതാണെന്ന പ്രത്യേകം ഓക്കേണ്ടതാണ്. സൃഷ്ടിയെക്കുറിച്ചു രണ്ടു വർണ്ണനകളുണ്ടെന്നും അവ പരസ്പരവിരുദ്ധങ്ങളാണെന്നും ഉള്ള അത്ഭുതഹത്തിൻേറ പ്രസ്താവനയിലേക്കു നിങ്ങളുടെ ശ്രദ്ധയെ ആകർഷിക്കണമെന്നു ഞാൻ പ്രത്യേകം താല്പര്യപ്പെടുന്നു. എന്നാൽ ഇവരണ്ടിലും ലോകം പ്രത്യേകം സൃഷ്ടിക്കപ്പെട്ടുവെന്നുള്ള വാദം അന്തർഭവിച്ചിട്ടുണ്ടെന്നുള്ളതിനും പുറമേ പരിണാമവാദത്തിന് ഇവരണ്ടും ഒരുപോലെതന്നെ വിപരീതവുമാകുന്നു. ഈ രണ്ടു വിവരണങ്ങളും എവിടെയാണു കാണപ്പെടുന്നതു്? ആദ്യത്തേതു് ഉല്പത്തികാണ്ഡം I, 1 തുടങ്ങി ഉല്പത്തികാണ്ഡം II. 4 (ഗീതത്തിൻേറ പകുതിയിൽ) അവസാനിക്കുന്നു. രണ്ടാമത്തേതു് ഒന്നാമത്തേതു് അവസാനിക്കുന്നിടത്തുതുടങ്ങി ഉല്പത്തികാണ്ഡം II. 25-ൽ അവസാനിക്കുന്നു. ആദ്യത്തേതിൽ അടങ്ങിയിരിക്കുന്ന സംഗതികളെക്കുറിച്ചു നമുക്കു സശ്രദ്ധം പരിശോധിക്കാം. മറേറതു് അതിന് അധികം ബന്ധമുള്ള അടുത്ത അദ്ധ്യായത്തിലേക്കു മാററിവയ്ക്കാം.

ഉല്പത്തികാണ്ഡത്തിലെ ആദ്യസൃഷ്ടിവിവരണം ഇപ്രകാരം തുടങ്ങുന്നു: "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." ഈ വിവരണം തുടരുമ്പോൾ സൃഷ്ടികർമ്മത്തിനു വേണ്ടിവന്നതു ആറുദിവസമാണെന്നു പറയുന്നു—ഓരോ ദിവസത്തിനും സായാഹ്നവും പ്രഭാതവുമുണ്ടായിരുന്നുവെന്നും പറയപ്പെടുന്നു. ഇതിനുംപുറമേ ഓരോ ദിവസവും എന്തെല്ലാം വസ്തുക്കൾ സൃഷ്ടിക്കപ്പെട്ടുവെന്നും അതിൽ പറയുന്നു.

ഒന്നാംദിവസം വെളിച്ചം സൃഷ്ടിക്കപ്പെടുകയും ഇരുട്ടിൽനിന്നും വേർതിരിക്കുകയും അപ്രകാരം രാവും പകലും ഉണ്ടാകുകയും ചെയ്തു. രണ്ടാംദിവസം ആകാശം അതായതു് അർദ്ധവൃത്താകൃതിയിലുള്ള ഒരു മേൽത്തട്ട് (ആകാശമെന്നു നാം പറയുന്നതു ഹീബ്രുവർഗ്ഗക്കാർ സ്ഫടികംപോലെ കട്ടിയായ പദാർത്ഥമാണെന്നു വിചാരിച്ചുവന്നു.) മുകളിലുള്ള ജലത്തെ (മഴപെയ്യിക്കുന്നതിനു സഞ്ചയിക്കപ്പെട്ട) താഴെയുള്ള ജലത്തിൽനിന്നും വേർതിരിക്കുവാനായി സൃഷ്ടിക്കപ്പെട്ടു. ഈ ആകാശത്തിന് അഥവാ സ്ഫടികമേൽത്തട്ടിനു ഭൂമിയിലേക്ക് ആവശ്യംപോലെ വെള്ളം വർഷിക്കുന്നതിനു രന്ധ്രങ്ങളുണ്ടായിരുന്നതായി വിശ്വസിക്കപ്പെട്ടിരുന്നുവെന്നു ബൈബിളിൻേറ മററുഭാഗങ്ങളിൽനിന്നും നമുക്കു മനസ്സിലാക്കാം. മൂന്നാംദിവസം ബാക്കിവെള്ളം (ആകാശമേൽത്തട്ടിനു താഴെയുള്ളതു്) സമുദ്രാകാരത്തിൽ സഞ്ചയിക്കപ്പെട്ടു. ഇപ്രകാരം തെളിഞ്ഞുവന്ന സ്ഥലപ്രദേശ

ത്തെ സസ്യവൃക്ഷതൃണപ്രസൂവാക്കിത്തീർത്തു. നാലാംദിവസം ദൈവം സൂര്യച ന്ദ്രന്മാരേയും നക്ഷത്രങ്ങളേയും സൃഷ്ടിച്ചു. അഞ്ചാംദിവസം അദ്ദേഹം സമു ദ്രത്തിലെ മത്സ്യങ്ങളേയും ആകാശത്തിലെ പക്ഷികളേയും സൃഷ്ടിച്ചു. ആ റാംദിവസം നാൽക്കാലികളേയും ഇഴജന്തുക്കളേയും ജനിപ്പിക്കുന്നതിന്നു ഭൂമി യെ ശക്തയാക്കി. എല്ലാത്തിൻേറയും അവസാനത്തിൽ അദ്ദേഹം സ്വ ന്തം ഛായയിൽ മനുഷ്യനേയും സൃഷ്ടിച്ചു. ഇപ്രകാരം സൃഷ്ടികർത്താവ് ആചരിക്കുന്നതായി സങ്കല്പിക്കപ്പെട്ടുവരുന്ന ആഴ്ചയിലെ ആറു 'ജോലി' ദിവസങ്ങളും പൂർണ്ണമായി. പിറേറദിവസം സാബത്തുദിനത്തിൽ അദ്ദേ ഹം വിശ്രമിച്ചു.

ലോകത്തേയും അതിലുള്ള വസ്തുക്കളുടേയും സൃഷ്ടിയെപ്പററി ഉൽ പത്തികാണ്ഡത്തിലെ ഒന്നാമത്തെ വിവരണം ഇപ്രകാരമാണ്.

ഈ കഥയെക്കുറിച്ചു നാം എന്താണു പറയുക? ആദ്യംതന്നെ, അ തു് ആരു് എഴുതി? നമുക്ക് അറിയാൻ വയ്യാ. മോസസ്സല്ലേ? ഉൽപത്തി കാണ്ഡത്തിൻെറ ലേഖനകർത്താവു മോസസ്സാണെന്ന് ഇന്ന് അല്പമെങ്കിലും നിലയുള്ള ഒരു ബൈബിൾ വിദഗ്ദ്ധനും വിശ്വസിക്കുന്നില്ല. ലേഖനക ർത്താവ് (അതു് ആരെങ്കിലുമാകട്ടെ) ദൃക്സാക്ഷിയായിരിക്കാൻ ഇടയു ണ്ടോ? നിശ്ചയമായുമില്ല. എന്തുകൊണ്ടെന്നാൽ അതിൽ വിവരിക്കപ്പെ ട്ട മിക്ക സംഗതികളും മനുഷ്യസൃഷ്ടിക്കു മുമ്പു സംഭവിച്ചവയാണ്. ലേഖ നകർത്താവിന്നു വാസ്തവം ഗ്രഹിക്കാനുള്ള ഏകമാർഗ്ഗം ഈശ്വരൻതന്നെ അ യാളോടു പറഞ്ഞിരിക്കാമെന്നുള്ളതാണ്. ഉൽപത്തികാണ്ഡത്തിൻെറ കർത്താവ് ഈശ്വരൻ അയാൾക്ക് അറിവുകൊടുത്തുവെന്നു വാദിക്കുന്നുണ്ടോ? ഇല്ല. നിശ്ചയം തന്നെ.

ഈ കഥ എപ്പോൾ എവിടെ ഉത്ഭവിച്ചുവെന്നു നമുക്കറിയാമോ? ഏകദേശം അറിയാം. ഈ കഥ ഉത്ഭവിച്ചതു പാലസ്റ്റൈനിലല്ല ബാബി ലോണിയായിലാണെന്നു വിചാരിക്കാം. ഉൽപത്തികാണ്ഡത്തിലെ സൃഷ്ടി വിവരണവും അതുപോലെതന്നെ മനുഷ്യൻെറ അധഃപതനം, ജലപ്രളയം ഇവയുടെ കഥയും ബാബിലോണിയായിലൊ ചാൽഡിയായിലൊ നടപ്പു ണ്ടായിരുന്ന ഒരു പഴംകഥയൊ ഐതിഹ്യമോ ആയിരുന്നുവെന്നു തോന്നു ന്നു. ഈ കഥകളൊക്കെയും ക്രിസ്തുവിന് ഏകദേശം അഞ്ചുരശതാബ്ദത്തി ന്നു മുമ്പു യഹൂദന്മാരുടെ ബാബിലോണിലുള്ള ബന്ധനകാലത്തൊ അല്ലെ ങ്കിൽ അതിനും വളരെ മുമ്പോ അവിടെ നിന്നും അവർ കൊണ്ടുവന്നു പരി ഷ്കരിച്ചു ഭേദപ്പെടുത്തി സ്വീകരിച്ച് ഒടുവിൽ ഉൽപത്തികാണ്ഡഗ്രന്ഥ ത്തിൽ ചേർത്തിട്ടുള്ളതുമായിരിക്കാം.

എന്നാൽ ഉൽപത്തികാണ്ഡത്തിലെ വിവരണത്തിന്നു ചരിത്രമെ ന്ന നിലയിൽ വിലയില്ലെന്നു നാം കാണുന്നുവെങ്കിൽ അതിൽ ശാസ്ത്രീയദൃ

ഷ്ട്യാ സാധൂകരിക്കാൻ പാടില്ലാത്ത പ്രസ്താവനകൾ അടങ്ങിയിരിക്കുന്നു വെന്നു കൂടി നാം കാണുന്നു.

ഒന്നാമതായി ഇതു ലോകസൃഷ്ടിയുടെ ഒരു യഥാൎത്ഥ വിവരണമായിരിക്കുന്നതിനു പ്രസ്തുതകാലം ഒട്ടും മതിയാകുന്നില്ല—തീരെ മതിയാകുന്നില്ല. ഉൽപത്തികാണ്ഡത്തിൽ പറയുന്ന "ദിവസ"ങ്ങൾ സാധാരണദിവസങ്ങളല്ലെന്നും പിന്നെയൊ എത്രയെങ്കിലും ദീർഘിപ്പിക്കാവുന്ന അവ്യവസ്ഥിതകാലവിഭാഗങ്ങളാണെന്നും വാദിക്കുന്ന ഒരുതരം വ്യാഖ്യാനം ഉണ്ടെന്നുള്ളതു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ ഇപ്രകാരമുള്ള വ്യാഖ്യാനത്തെ സാധൂകരിക്കുന്നതിനു യാതൊരു രേഖയും അതിൽ കാണുന്നില്ല. അതിലെ വിവരണം സുസ്പഷ്ടവും സരളവും ഋജുവുമാണ്. ഇതിൽ പറയുന്ന ദിവസങ്ങൾ ഓരോന്നും സായാഹ്നത്തോടും പ്രഭാതത്തോടും കൂടിയ യഥാൎത്ഥദിവസങ്ങൾ തന്നെയാണ്. അതിന്റെ ഗ്രന്ഥകൎത്താവു പറഞ്ഞതുപോലെ തന്നെയാണ് അതായതു വെറുംദിവസങ്ങൾ എന്നുതന്നെയാണ് അൎത്ഥമാക്കീട്ടുള്ളതെന്ന് അതിലെ എല്ലാ ഭാഗങ്ങളും തെളിയിക്കുന്നു. ആ ലേഖകൻ മറെറാരൎത്ഥമാണു സങ്കല്പിച്ചിരിക്കുന്നതെന്നു വ്യാഖ്യാനിക്കുന്ന രീതി ബൈബിളിനെ മുഴുവൻ ഒരു പ്രഹേളികാഗ്രന്ഥമാക്കിത്തീൎക്കുന്നു.

ഇനി ഇതുപോലെ തന്നെ വേറൊരു ദുർഘടമുള്ളതു സൃഷ്ടിയുടെ സമയാതിക്രമ്യം അഥവാ അതിനു നമ്മുടെ കാലത്തിനോടുള്ള സമീപ്യമാണ്. സാധാരണ ബൈബിൾ അതായതു ജെയിംസ്‌രാജാവിന്റെ കാലത്തു പുതുക്കിയ പ്രസിദ്ധീകരണത്തിൽ നാം നോക്കിയാൽ സൃഷ്ടിവിവരണത്തിന്റെ എതിരെ മാർജിനിൽ ക്രി: മു: 4004 *എന്ന കൊല്ലം ചേൎത്തിരിക്കുന്നതായിക്കാണാം. പഴയ നിയമത്തിലെ രേഖകളുടെ ശരിയായ ഒരു വ്യാഖ്യാനം മൂലം ഉല്പത്തികാണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള സൃഷ്ടികാലത്തെ അതിലധികം പിന്നോക്കം നീക്കാൻ സാധ്യമല്ല. ഈ കണക്കും പ്രകാരം ഭൂമിക്ക് ആറായിരം സംവത്സരത്തിൽ അല്പം കുറഞ്ഞ പ്രായമേ ആവാൻ തരമുള്ളു. സൂൎയ്യനും നക്ഷത്രങ്ങൾക്കും ഇതുതന്നെ പ്രായം.

(തുടരും.)

---

* ഇക്കാലത്തു പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങളിലും പരിഷ്കരിച്ച പതിപ്പിലും ഇതു വിട്ടുകളഞ്ഞിരിക്കുന്നു.

# ഭാഷാപദങ്ങളുടെ സാധുതാസാധുതാവിചാരം.

(പി. കൃഷ്ണൻനായർ.)

ഒരു ഭാഷയിൽ പൂൎണ്ണമായ പാണ്ഡിത്യസിദ്ധിക്ക് ആ ഭാഷയോടടുപ്പമുള്ള ഭാഷാന്തരങ്ങളിൽ ഏതാനും ചിലതിലെങ്കിലും ഏതാണ്ടൊരു സാമാന്യജ്ഞാനം ആവശ്യമാണെന്ന വസ്തുസ്ഥിതി ആരും അപലപിക്കുമെന്നു തോന്നുന്നില്ല. മലയാളഭാഷയിലാകട്ടെ ഒരുവിധം പണ്ഡിതനാകുവാൻ തന്നെ ഒന്നാമതായി സംസ്കൃതത്തിലും രണ്ടാമതായി തമിഴിലും കുറേയെങ്കിലും ജ്ഞാനമില്ലാതെ കഴികയില്ല. കൎണ്ണാടകം, തെലുങ്ക്, എന്നീ ദ്രാവിഡഭാഷകളിൽ കൂടി സ്വല്പം ജ്ഞാനമുണ്ടെങ്കിൽ അത്രയും നന്ന്. ഇതാണു ഭാഷയുടെ നില. ഈ നില നമ്മുടെ ഭാഷയ്ക്കു് ഒരു ന്യൂനതയാണെന്നോ ഇതിന് അടുത്ത കാലത്തെങ്ങാനും ഗണ്യമായ വല്ല മാററം വരുമെന്നോ ഞാൻ വിചാരിക്കുന്നില്ല. ഉൽപതിഷ്ണുക്കളെന്നഭിമാനിക്കുന്ന ചില വികൃതിപ്രായന്മാർ ഏതെങ്കിലും കുസൃതിതുടരട്ടെ. കൈരളി അത്ര വേഗത്തിലൊന്നും മാനസാന്തരപ്പെടുകയോ മതം മാറുകയോ ചെയ്കയില്ല. അവളുടെ സ്വഭാവവും സംസ്കാരവും അത്രത്തോളം ദൃഢലഗ്നമാണെന്നാണ് എന്റെ വിശ്വാസം.

എങ്ങനെയായാലും ഇന്നേവരെയുള്ള മലയാളഭാഷയുടെ ഗതി നോക്കുന്നതായാൽ തദഭിജ്ഞതയ്ക്കു സംസ്കൃതത്തിൽ സ്വല്പം കാവ്യവ്യുല്പത്തിയെങ്കിലും കൂടിയേ കഴിയൂ എന്നു നിശ്ശങ്കം പറയാം. ഇംഗ്ലീഷുവിദ്യാലയങ്ങളുടെ അഭിവൃദ്ധിക്കനുസരിച്ചു ഭാഷാപണ്ഡിതന്മാൎക്കും വിദ്യാൎത്ഥികൾക്കും സംസ്കൃതത്തിലുള്ള ആസ്ഥ കുറഞ്ഞു കാണുകകൊണ്ടായിരിക്കണം കോവുണ്ണിനെടുങ്ങാടി തന്റെ കൌമുദിയിൽ സംസ്കൃത ശബ്ദനിഷ്പത്തിക്കു കൂടി യഥോചിതം ഒട്ടൊന്നു സ്ഥലമനുവദിച്ചിരിക്കുന്നതു്. വിശാലഹൃദയനും പണ്ഡിതവൎയ്യനുമായ കേരളപാണിനിയാകട്ടെ മലയാളഭാഷയുടെ ഉപയോഗത്തിനു പൎയ്യാപ്തമായ രീതിയിൽ 'മണിദീപിക' നിൎമ്മിച്ചിരിക്കുന്നതും ഈ ഉദ്ദേശത്തിന്മേൽ തന്നെയാണു്. കാലസ്ഥിതിയും പരിതഃസ്ഥിതിയുമനുസരിച്ചു സ്വല്പം ചില ഭേദഗതികളോടുകൂടി പുതുതായി 'പ്രയോഗദീപിക' എന്ന വ്യാകരണഗ്രന്ഥം നിൎമ്മിക്കുവാൻ പ്രസിദ്ധപണ്ഡിതനായ പി. കെ. നാരായണപിള്ള (ബി. ഏ., ബി. എൽ.) അവൎകളെ പ്രേരിപ്പിച്ച ശോഭനമായ ഉദ്ദേശവും ഇതുതന്നെയായിരിക്കാം. ഇത്തരം ഉദ്ദേശശുദ്ധിയോടുകൂടിയ പ്രസ്തുതഗ്രന്ഥത്തിന് എന്തുകൊണ്ടും കൈരളി സസന്തോഷം സ്വാഗതമരുളേണ്ടതുമാണു്. എന്നാൽ ഉദ്ദേശത്തിന്നുള്ള ആ ശുദ്ധി അതിലെ വിഷയങ്ങൾക്കുമുണ്ടോ എന്നുള്ള സംഗതിയിൽമാത്രം

എനിക്കല്ലാം സംശയമില്ലെന്നില്ല. സുബ്വിധി, തിങ്വിധി മുതലായി മണി ദീപികയിൽ പ്രതിപാദിച്ചിരിക്കുന്ന പലേ വിഷയങ്ങളും പ്രയോഗദീപി കയിൽ എടുക്കാഞ്ഞതു് അവയേക്കൊണ്ടു ഭാഷയ്ക്കു വിശേഷിച്ച് ഉപയോ ഗമില്ലെന്നു വച്ചായിരിക്കാം. എടുത്തിരിക്കുന്ന വിഷയങ്ങളിലും അവയുടെ പ്രതിപാദനപ്രകാരത്തിലും സുശ്ലിഷ്ടതയെ സംബന്ധിച്ചേടത്തോളം എ നിക്ക് അഭിപ്രായവ്യത്യാസമില്ലെന്നില്ല. എങ്കിലും അവയെക്കുറിച്ചു തൽ ക്കാലമൊന്നും ഇവിടെ പ്രസ്താവിക്കുന്നില്ല. വിശേഷിച്ച് ഈ ഭാഗങ്ങളെ ക്കുറിച്ചു ബ്രഹ്മശ്രീ, പി. അനന്തനാരായണശാസ്ത്രികൾ എഴുതുന്നതായും കേൾക്കയുണ്ടായി. എന്നാൽ മണിദീപികയിൽ ഇല്ലാത്തതും പ്രയോഗദീ പികയിൽ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുള്ളതും എനിക്കേറ്റവും പ്രധാനമാ യിത്തോന്നിയതുമായ ഒരു വിഷയത്തെക്കുറിച്ചാണു ഞാൻ കുറഞ്ഞൊന്നു പറയണമെന്നുദ്ദേശിക്കുന്നതു്. ഇന്നു ഭാഷയിൽ പ്രയോഗിച്ചുകാണുന്ന ഏ താനും ശബ്ദങ്ങളുടെ സാധുത്വാസാധുത്വവിചാരമാണ് ആ വിഷയം. വി ശേഷിച്ചു ഭാഷയിൽ ഇതിലേക്കു പ്രമാണമായി മറെറാരു ഗ്രന്ഥവുമില്ലാതി രിക്കെ നല്ലൊരു വൈയാകരണനെന്നും പ്രാമാണികനെന്നും പ്രസിദ്ധനായ സാഹിത്യപഞ്ചാനനൻെറ ശാസ്ത്രഗ്രന്ഥത്തിലെ ഈ വക ഭാഗങ്ങളിൽ വല്ല ന്യൂനതയും വന്നുപോയാൽ അതുകൊണ്ടു് എത്രവേഗം ഭാഷാഗതിക്കാകമാ നം കോട്ടം തട്ടുമെന്ന് എടുത്തുപറയേണ്ട ആവശ്യം ഇല്ലല്ലൊ.

ഈ വക സംഗതിയെക്കുറിച്ചു യഥാവസരം ചിന്തിക്കേണ്ടതു് ഏ തൊരു ഭാഷാഭിമാനിയുടേയും ചുമതലയാണെന്നുള്ള പൂർണ്ണവിശ്വാസത്തോ ടുകൂടി ഗ്രന്ഥകർത്താവിൻെറ പുനരാലോചനയ്ക്കും യഥാർത്ഥപണ്ഡിതന്മാരു ടെ അഭിപ്രായത്തിനുമായി എനിക്കു തോന്നിയ അനുപപത്തികളെ ഇവിടെ പ്രസ്താവിക്കുന്നു.

ലിപിപ്രകരണം.

ഭാഗം 3. " 'അങ്ങനെ, അങ്ങിനെ ഈ രൂപങ്ങളിൽ 'അങ്ങിനെ' എന്ന് ഇകാരം ചേർത്തെഴുതുന്നതു സ്വീകാരയോഗ്യമല്ല. അങ്ങ് എന്നതി നോട് 'അനെ' എന്ന പ്രകാരവചനപ്രത്യയം ചേർക്കുമ്പോൾ അങ്ങനെ എന്നേ രൂപസിദ്ധിക്കു കാര്യമുള്ളൂ. പക്ഷെ 'അങ്ങിനെ' എന്ന രൂപവും നിഘണ്ടുകാരൻ സ്വീകരിച്ചുകാണുന്നു. 'വിലങ്ങനെ' 'തൂക്കനെ' ഇത്യാദി യിൽ 'അനെ' എന്നേ പ്രത്യയമുള്ളൂ." (പ്രയോഗദീപിക)

അങ്ങുമിങ്ങും നോക്കാതെ ഇപ്രകാരം പ്രവചിച്ചുകൊണ്ടു മുന്നോട്ടു പോകുന്ന പ്രയോഗദീപികയ്ക്കു് ആരംഭത്തിൽതന്നെ ഒട്ടൊന്നു വഴിപിഴച്ചു പോയൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഒരു ലക്ഷണകാരൻ ചെ യ്യേണ്ടതു ലക്ഷ്യത്തെ അനുസരിച്ചു ലക്ഷണം നിർമ്മിക്കയാണ്. തൻെറ

ലക്ഷണമനുസരിച്ചു ലക്ഷ്യങ്ങൾ നിർമ്മിച്ചുകൊള്ളണമെന്നോ ഉള്ള ലക്ഷ്യങ്ങൾക്കു വൈവിദ്ധ്യം ഉണ്ടെങ്കിൽ ഐകരൂപ്യം വരുത്തി ശരിപ്പെടുത്തിക്കൊള്ളണമെന്നോ ശാസിക്കയല്ല. അത്തരം ശാസനം പരപ്രത്യയനേയബുദ്ധികളായ ചിലരാദരിക്കുമെന്നുവരികിലും അഭിജ്ഞന്മാരുടെ ദൃഷ്ടിയിൽ അവഹേളാസ്പദമായേ ഭവിക്കൂ. ഒരു ശബ്ദശാസ്ത്രകാരനു തത്തദ്ഭാഷാശബ്ദങ്ങളുടെ സാധുത്വാസാധുത്വവിചാരത്തിൽ പ്രധാനമായ പ്രമാണം പ്രയോഗപ്രാചുര്യമല്ലാതെ മറ്റൊന്നുമല്ല. കൊച്ചീശീമക്കാരും ബ്രിട്ടീഷുമലബാറുകാരും പാമരപണ്ഡിതസാധാരണം സംഭാഷണഭാഷയിലും ഗ്രന്ഥഭാഷയിലും ഒരുപോലെ പ്രയോഗിച്ചുവരുന്ന, 'ഇങ്ങിനെ' എന്ന പദം അസാധുവെന്നെങ്ങനെ പറയാം? ഗ്രന്ഥകാരനൊ തദ്ദേശക്കാരനൊ പ്രയോഗിക്കാത്തതുകൊണ്ടു മാത്രം ആ രൂപം അബദ്ധമാണെന്നാവുമോ? ഒരു ദേശത്തു പ്രയോഗിക്കുന്ന ശബ്ദം മറ്റൊരുദേശത്തു പ്രയോഗിക്കുന്നില്ലെന്നുവച്ച് അതിന്ന് അസാധുത്വം വൈയാകരണന്മാരുമനുശാസിക്കയില്ല. എന്തിന്ന്—

"ഏതസ്മിന്നതിമഹതി ശബ്ദസ്യ പ്രയോഗവിഷയേ തേ തേ ശബ്ദാസ്തത്രതത്ര നിയതവിഷയാ ദൃശ്യന്തേ-തദ്യഥാ-ശവതിർ ഗതി കർമ്മാ, കംബോജേഷ്വേവഭാഷിതോ ഭവതി. വികാരമേനമാര്യാഭാഷന്തേ ശവ ഇതി. ഹമ്മതി സുരാഷ്ട്രേഷു രംഹതിഃപ്രാച്യമദ്ധ്യേഷു ഗമിമേവത്വാര്യാഃ പ്രയുംജതേ. ദാതിർ ലവനാർത്ഥേ പ്രാച്യേഷു ദാത്രമുദീച്യേഷു" ഇത്യാദി മഹാഭാഷ്യവചനം നോക്കുക—

തന്റെ രാജ്യത്തോ അഥവാ ആര്യദേശത്തുപോലുമോ പ്രയോഗവിഷയമല്ലാത്ത ശബ്ദങ്ങൾ സാധുക്കളും വ്യാകരണ വിധിവിഷയങ്ങളുമായിട്ടാണല്ലൊ മഹാഭാഷ്യകാരൻ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഈ സ്ഥിതിക്ക് ഇങ്ങിനെ എന്ന രൂപത്തിന്നു വല്ല ഉപപത്തിയും കല്പിക്കാതെ അബദ്ധമാണെന്നു നിശ്ശേഷം ഉദ്ഘോഷിക്കുന്നത് ഒരുവിധത്തിലും ന്യായമാണെന്ന് എനിക്കു തോന്നുന്നില്ല. അങ്ങിനെ, ഇങ്ങിനെ ഇത്യാദി പദങ്ങളെ സംബന്ധിച്ചു പ്രകൃതിപ്രത്യയാദി പ്രപഞ്ചനരൂപമായ ഉപപാദനം സുകരമല്ലെന്നു വന്നാൽക്കൂടി കേരളത്തിൽ ഏത്രയും വലുതായ ഒരു ജനവിഭാഗം ഉപയോഗിച്ചുവരുന്ന പ്രസ്തുത പദങ്ങൾ "സ്ഥിതസ്യഗതിശ്ചിന്തനീയാ" എന്ന ന്യായമനുസരിച്ചു നിപാതങ്ങളാണെന്നെങ്കിലും പറഞ്ഞു് അവയ്ക്കു സാധുത്വം സമർത്ഥിക്കയല്ലെ ഒരു ശാസ്ത്രകാരൻ ചെയ്യേണ്ടതു്.

അതിരിക്കട്ടെ, 'ഇങ്ങ് + ഇനം + ഏ,' എന്ന് ഇങ്ങ് എന്നതിനോടു തരം, പ്രകാരം എന്നർത്ഥം കുറിക്കുന്ന ഇനം ശബ്ദവും അതിനോട് ആധാരികാഭാസമായ 'ഏ' പ്രത്യയവും ചേർക്കുമ്പോൾ 'ഇങ്ങിനെ' എന്നും

അതുപോലെ 'അങ്ങിനെ' 'എങ്ങിനെ' എന്നും രൂപങ്ങൾ സിദ്ധിച്ചുകൂടെ? 'ഇങ്ങിനം', 'അങ്ങിനം,' എന്നീ സമസ്തപദങ്ങൾക്കു പ്രത്യയയോഗത്തിൽ 'ടി ലോപം' അതായതു് അം എന്ന അംശത്തിനു ലോപം വരുന്നു. ഈ + ഇടം + എ, ആ + ഇടം + എ=ഇവിടെ, അവിടെ ഇത്യാദി രൂപങ്ങളിൽ 'എ' പ്രത്യയയോഗത്തിൽ ടിലോപം വരുന്നതു നോക്കുക.

ശുദ്ധഭാഷയെന്നു പക്ഷപാതികളല്ലാത്ത പണ്ഡിതന്മാർ പരക്കെ സമ്മതിച്ചിട്ടുള്ള മദ്ധ്യമലയാളത്തിലും അതിന്നു ദീർഘാദീർഘം വടക്കും കിഴക്കും എന്നുവേണ്ട തെക്കും (കൊച്ചീശീമ) ഉള്ള പ്രദേശങ്ങളിലൊക്കയും പ്രയോഗിച്ചുവരുന്ന പദങ്ങൾ 'അങ്ങിനെ, ഇങ്ങിനെ' എന്നിവയാണെന്നും അവയ്ക്കു പറഞ്ഞപ്രകാരം ഉപപത്തിയുണ്ടെന്നും വച്ചു മലയാളത്തിന്റെ തെക്കേത്തലയ്ക്കുമാത്രം നിയതവിഷയമായ 'അങ്ങനെ' 'ഇങ്ങനെ' ഇത്യാദിപദം അസാധുവാണെന്നു് ഞങ്ങളുള്ള വരാരെങ്കിലും ഉദ്ഘോഷിക്കുന്നതായാൽ അങ്ങുള്ളവർക്കെന്തു തോന്നുമെന്നു് ഒന്നു ശാന്തമായി ചിന്തിച്ചു നോക്കുവാൻ ദീപികയ്ക്കു ദയവുണ്ടായാൽക്കൊള്ളാം.

ഏതായാലും ഇനി ദീപികയിലെ 'ഇങ്ങനെ' ഇത്യാദി രൂപനിഷ്പാദനം എത്രകണ്ടു പ്രാമാണികവും യുക്തിയുക്തവുമാണെന്നുകൂടി ഒന്നു പരിശോധിച്ചുനോക്കാം:— മലയാളഭാഷ, ദ്രാവിഡഗോത്രജയാകയാലും വിശേഷിച്ചു 'ചെന്തമിഴിന്റെ സാഹോദര്യം വഹിക്കുന്നതിനാലും ഇതിലെ വ്യാകരണസമ്പ്രദായങ്ങളും തമിഴുമുറയെ അധികപക്ഷവും അനുസരിച്ചിരിക്കുമെന്നതിൽ ആർക്കും അഭിപ്രായവ്യത്യാസത്തിനിടയില്ലല്ലൊ. ഇങ്ങനെ, അങ്ങനെ, എങ്ങനെ എന്നിവയ്ക്കു സമാനമായി തമിഴിലും 'ഇങ്ങനം, അങ്ങനം, എങ്ങനം' എന്നീ ശബ്ദങ്ങൾ ഉണ്ടു്. ('ഇങ്ങനെ' ഇത്യാദി ശബ്ദങ്ങൾ അന്യഥാ നിഷ്പന്നങ്ങളായ ശബ്ദാന്തരങ്ങളാകുന്നു.) ഇങ്ങനെ, മുതലായവയെക്കുറിച്ചു ഭവനന്ദിനന്നൂലിലും ശങ്കരനമശ്ശിവായർ അതിന്റെ ഉരയിലും അഭിപ്രായപ്പെട്ടിരിക്കുന്നതു താഴെ ചേർക്കാം.

"ചുട്ടിയാവെ കരവിനാ വഴിയവ്വൈ
ഒട്ടിങവ്വു മുതലാകുംമ്മേ" (നന്നൂൽ)

മൂൻറു ചുട്ടും യാവിനാവും എകരവിനാവുമായ ഇ ടൈച്ചൊർകളിൽ പിൻ അകരത്തൈച്ചൊട്ടിങവ്വും മൊഴിക്കു മുതലാം ഉതാരണം അങ്ങനം ഇങ്ങനം ഉങ്ങനം യാങ്ങനം എങ്ങനം (ഉര)

ചുട്ടെഴുത്തുകളായ അ, ഇ, ഉ എന്നിവ മൂന്നും ചോദ്യച്ചൊല്ലുകളായ യാ, എ, എന്നീ രണ്ടുംകൂടി ആകെ അഞ്ചു് ഇടച്ചൊല്ലുകൾക്കു ശേഷം അകാരം പരകമായ ങകാരം മൊഴിക്കു മുഖിലാമ്പുരം ഉദാഹരണം. അങ്ങനം, ഇങ്ങനം, ഇത്യാദി എന്നർത്ഥം. 'ങനം' എന്ന ശബ്ദത്തിനു 'ഇടം' തന്മ എന്നിങ്ങനെ നാനാർത്ഥമുണ്ടെന്നും ശങ്കരനമശ്ശിവായർ പറഞ്ഞിട്ടു

ണ്ട്. 'ങനമെമ്പതു് ഇടത്തിനെയും തന്മെയിനെയും ഉണർത്തും പലപൊരുളൊരുചൊൽ' എന്ന ഉരനോക്കുക.

ഈ സ്ഥിതിക്ക്, ഇങ്ങനെ ഇത്യാദി രൂപത്തിൻെറ വ്യുല്പത്തി 'ഇ+ങനം+ഏ' എന്നായിരിക്കെ, അതുപേക്ഷിച്ചു 'ഇങ്ങ്+ അനെ' എന്നു പിരിച്ചു് അനെ എന്നു് അംശപ്രത്യയമാണെന്നു് ഉപന്യസിച്ചിരിക്കുന്നതിലേക്കു ഗമകമെന്തു്? കിട്ടിയതിനെ വിട്ടു പറക്കുന്നതിനെ പിടിപ്പാൻ പോകുന്നതു യുക്തമാണൊ? പക്ഷെ, വിലങ്ങനെ, തൂക്കനെ ഇത്യാദിയിൽ കാണുന്ന പ്രകാരവാചിയായ 'അനെ' എന്ന ക്ലിപ്തപ്രത്യയം കൊണ്ടു കാര്യ്യം നിർവ്വഹിക്കുന്നതിൽ ലാഘവമുണ്ടെന്നാണെങ്കിൽ 'വിലങ്ങനെ തൂക്കനെ' ഇത്യാദിയിൽ 'അനെ' ആണു പ്രത്യയം എന്നതിനും പ്രമാണമെന്തു്? അവിടെയും ലാഘവവിചാരമരുതെന്നുണ്ടോ? യഥോചിതം കൃത്തോതദ്ധിതമോ ആയ 'അൻ' എന്ന ക്ലിപ്തപ്രത്യയം കൊണ്ടു നിഷ്പന്നമായ വിലങ്ങൻ, തൂക്കൻ, കുട്ടസ്സൻ, എന്നിവയോടു മെല്ലെ, പതുക്കെ, ഉറക്കെ, മുറിയെ, പൊളിയെ, തുടുതുടെ, പൊട്ടപൊടെ ഇത്യാദിയിൽ ക്ലിപ്തവും പ്രകരാവാചിയുമായ ഏ പ്രത്യയം ചേർത്തു താദൃശരൂപനിഷ്പത്തിശക്യക്രയമായിരിക്കെ പുതുതായി'അനെ' പ്രത്യയകല്പനം ഗൗരവപരാഹതം തന്നെയല്ലെ. ഈ പറഞ്ഞ പ്രകാരത്തിൽ ചിലതിലെ 'അൻ' പ്രത്യയാന്തയമായ അംശത്തിനു തനിയെ അർത്ഥാന്തരത്തിലല്ലാതെ പ്രയോഗമില്ലെന്നും മററു ചിലതിലെ അംശത്തിനു പ്രയോഗം തന്നെ ഇല്ലെന്നുമുള്ളതു ഭാഷാസ്വഭാവമാകയാൽ ആക്ഷേപാർഹവുമല്ല.

ഇത്രയും പറഞ്ഞതു് 'അനെ' എന്നൊരു പ്രകാരവാചിപ്രത്യയം അവശ്യം സ്വീകരിച്ചേ കഴിയൂ എന്നില്ലെന്നും അതുകൊണ്ടു പ്രത്യയസ്വരൂപം അനെ എന്നാണെന്നുവച്ചു 'ഇങ്ങിനെ' ഇത്യാദി ഇകാരവിശിഷ്ടമായ രൂപം സ്വീകാരയോഗ്യമല്ലെന്നു ശഠിക്കാൻ ന്യായമില്ലെന്നും ബോധിപ്പിക്കുവാൻ മാത്രമാണു്.

എല്ലാംകൊണ്ടും യഥാർത്ഥപണ്ഡിതന്മാർക്കു ഭാഷയിൽ പ്രചുരപ്രചാരമായ ഏതൊരു പദവും സാധുവാണെന്നു സമർത്ഥിക്കുവാൻ സാധിക്കുന്ന സ്ഥിതിക്കു കേരളത്തിലെ അധികഭാഗത്തുമുള്ള വിജ്ഞന്മാർ പ്രയോഗിച്ചുവരുന്ന ഇങ്ങിനെ, അങ്ങിനെ ഇത്യാദി പദങ്ങൾ തിരുവിതാംകൂറുകാർ പ്രയോഗിക്കുന്നില്ലെന്നുവച്ചു സ്വീകാര്യ്യയോഗ്യമല്ലെന്നു പ്രയോഗദീപിക വിധിച്ചതു കുറെ സാഹസമായിപ്പോയെന്നു പറയാതെ കഴികയില്ല.

(തുടരും)

# പ്രകൃതിസഖ്യം.

(ആർ. ഈശ്വരപിള്ള ബി. ഏ.)

മനുഷ്യൻ പ്രകൃതിയുടെ അന്തിമസന്താനമാണെങ്കിലും ഉത്തമസന്താനമാണ്. പ്രകൃതി വളരെക്കാലം വന്ധ്യയായിരുന്നതിനു ശേഷമാണു ജീവപ്രസൂവായി ഭവിച്ചതു്. പിന്നേയും വളരെക്കാലം കഴിഞ്ഞിട്ടാണു മനുഷ്യനെ പ്രസവിച്ചതു്. പ്രകൃതി ഏതെല്ലാം ഘട്ടത്തിൽക്കൂടി കടന്നിട്ടാണ് ഇന്നത്തെ നിലയിൽ എത്തിയിരിക്കുന്നതെന്നു നമുക്കൂഹിക്കയല്ലാതെ നിശ്ചയമായി ഒന്നും പറവാൻ തരമില്ല. ഭൂഗർഭശാസ്ത്രജ്ഞന്മാരും മററും അന്വേഷണം ചെയ്യുന്നുണ്ടെങ്കിലും അവരുടെ അറിവും അനുമാനത്തിൽ സ്ഥാപിതമായിട്ടാണിരിക്കുന്നതു്. ഏതായാലും വളരെക്കാലം ഭൂമി മനുഷ്യനെ കൂടാതെതന്നെ ഇരുന്നിരിക്കണം. മനുഷ്യജീവിതത്തിനുവേണ്ട പരിതസ്ഥിതികൾ എല്ലാം ഒരുക്കപ്പെട്ടതിനുശേഷം മാത്രമാണു മനുഷ്യൻെറ ആവിർഭാവം. അതുവരെ ഈ ലോകം അഥവാ ഭൂമി അതിനൊരു ദ്രഷ്ടാവും വക്താവും ഭോക്താവും വ്യാഖ്യാതാവും ശ്രോതാവും മററും ഇല്ലാതെതന്നെ ഇരുന്നിരിക്കണം. ഇപ്രകാരമുള്ള ദുരവസ്ഥ മനുഷ്യമനസ്സിനു ദുർഗ്രാഹ്യമാണ്. ഈ സ്ഥിതിയിലാണു മനുഷ്യൻ പരിണാമഫലമായൊ മററൊ രംഗപ്രവേശം ചെയ്തതു്. അന്നു മനുഷ്യനുണ്ടായ വികാരവിചാരങ്ങൾ അനിർവ്വചനീയങ്ങളാണ്. അത്ഭുതം, ഭയം, ഭക്തി, ബഹുമാനം, ജിജ്ഞാസ ഇവ കേവലം വാചാമഗോചരങ്ങൾ തന്നെയെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലൊ. മനുഷ്യൻ ആദ്യം പ്രകൃതിവസ്തുക്കളെ ഈ വിധമാണു വീക്ഷിച്ചതെങ്കിലും അവയുമായുള്ള ചിരപരിചയം നിമിത്തം അവയെ ഏറക്കുറെ സുഹൃത്ഭാവത്തിൽ വീക്ഷിച്ചുതുടങ്ങി. രൂപം, ശബ്ദം, ഗന്ധം, രസം മുതലായ പ്രകൃതിയുടെ നാനാഗുണങ്ങളെ ഗ്രഹിക്കുന്നതിനു സമർത്ഥമാകുംവണ്ണം മനുഷ്യനിൽ പഞ്ചേന്ദ്രിയങ്ങൾ നിക്ഷിപ്തങ്ങളായിരുന്നു. ഇങ്ങനെ പ്രകൃതിയും മനുഷ്യനും ഒരു ഭൂതാർത്ഥത്തിൻെറ രണ്ടു വിഭാഗങ്ങളായി ഭവിച്ചു. അറിയേണ്ടതായ വസ്തുവും അറിയാനുള്ള ശക്തിയും ചേർന്നതോടുകൂടിയാണു പ്രകൃതി പൂർണ്ണമായി ഭവിച്ചതു്. ഇപ്രകാരമാണു മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സഖ്യത്തിൻേറയും അഭിമുഖസംഭാഷണത്തിൻേറയും ആരംഭം. എന്നാൽ ഇന്ദ്രിയങ്ങൾക്ക് അഗോചരമായ ഒരുവശം പ്രകൃതിക്കും അതീന്ദ്രിയമായ ഒരു ശക്തി മനുഷ്യനും ഉണ്ടായിരുന്നു. പ്രകൃതിയിൽ ലയിച്ചിരിക്കുന്ന ആ ശക്തി അത്ര സുഗ്രാഹ്യമായിരുന്നില്ല. നിരന്തരവും അഭിമുഖമായ "പ്രകൃതിസഖ്യം" കൊണ്ടല്ലാതെ ഇതു സാദ്ധ്യവുമല്ലായിരുന്നു. ആദിമമനുഷ്യൻ ഈ വസ്തുതയെ ഗ്രഹിച്ചിട്ടാണു പ്രകൃതിസഖ്യത്തെ വ്രതമായി

വരിച്ചിരുന്നതു്. നമ്മുടെ പൂർവ്വന്മാരായ മഹഷികൾ പ്രകൃതിരഹസ്യത്തെ ഗ്രഹിക്കുവാനായിട്ടാണ വനവാസരൂപത്തിൽ പ്രകൃതിയുമായിട്ടുള്ള നിരന്തര സംസൎഗ്ഗത്തെ അവലംബിച്ചതു്. അവക്ക് അതിൻെറ വിശിഷ്ടഫല ങ്ങൾ ലഭിക്കയും ചെയ്തു. വൃക്ഷങ്ങൾ, പക്ഷികൾ, മൃഗങ്ങൾ ഇവയുടെ പ രിചൎയ്യമുഖേനയാണ പ്രകൃതിസേവനം ആരംഭിച്ചതു്. വസിഷ്ഠൻ, കണ്വൻ മുതലായ മഹഷിമാരുടെ ആശ്രമവൎണ്ണനകൾ നോക്കിയാൽ അവർ എങ്ങി നെ എത്രമാത്രം പ്രകൃതിയെ ആരാധിക്കയും ആചരിക്കയും ചെയ്തുവെന്നു നമുക്കു കാണാം. അവരുടെ "ഭകാരകിതകരാരവിന്ദങ്ങൾ" വിദൂരങ്ങളായ ജ്യോതിൎഗ്ഗോളങ്ങളേയും അഭിവന്ദിക്കാതിരുന്നില്ല. ചുരുക്കിപ്പറയുന്നതായാൽ മനുഷ്യൻ ഇന്ദ്രിയഗോചരങ്ങളായ പ്രകൃതിയുടെ നാനാമുഖങ്ങളെയാണു ആദ്യമായി സംഭാവനചെയ്തതു്.

എന്നാൽ മനുഷ്യൻ ഇതുകൊണ്ടും തൃപ്തിപ്പെടാതെ ഇന്ദ്രിയാതീത മായി തൻെറ ചിന്താശക്തികൊണ്ടു പ്രകൃതിയെ ആവരണം ചെയ്തിരുന്ന യവനികയെ മാററി അതിൽ അന്തർലീനങ്ങളായ ചില തത്വങ്ങളേയും അ ല്പാല്പമായി ഗ്രഹിക്കാൻ ശ്രമിക്കാതിരുന്നില്ല. ഇന്നു സൎവ്വലോകപ്രശംസയ്ക്കും ആരാധനയ്ക്കും പാത്രീഭവിച്ചിരിക്കുന്ന ഉപനിഷത്തുകൾ—ഗീതകൾ—ശാ സ്ത്രങ്ങൾ മുതലായവ ഇപ്രകാരമുള്ള പ്രകൃതിസഖ്യം അല്ലെങ്കിൽ പ്രകൃതി സേവനത്തിൻെറ വിശിഷ്ടഫലങ്ങളാണു്. എന്നാൽ ഇന്നത്തെ പരി ഷ്കാരം നമ്മെ പ്രകൃതിയിൽനിന്നും എത്രമാത്രം അകററിട്ടുണ്ടെന്നു് അല്പം ആലോചിച്ചാൽ അറിയാവുന്നതാണു്. നാം ഇന്നു നാഗരികത്വം നിമി ത്തം മിക്കവാറും നഗരങ്ങളിലാണ വാസം. അതായതു പ്രകൃതിചൈതന്യം വിവൎജ്ജിതങ്ങളും ഭ്രഷ്ടലക്ഷ്മീകങ്ങളും നിരസ്ത തരുവല്ലിപ്രദേശങ്ങളുമായ ഭൂമിയുടെ പൃഷ്ഠപ്രദേശങ്ങളിലാണു്. ഇവിടെ പ്രകൃതിയുടെ സുസ്മേരവദനം ഒരിക്കലും നമുക്കു കണ്ടാനന്ദിക്കുവാൻ സാധിക്കയില്ല. എന്നാൽ മനുഷ്യനു പ്രകൃതിയുമായിട്ടുള്ള പൂൎവ്വസഖ്യത്തെ തീരെ ഉപേക്ഷിക്കാൻ തരമില്ലാത്ത തിനാൽ നഗരങ്ങളിലും അവിടവിടെ പ്രകൃതിയുടെ നഷ്ടാവശിഷ്ടങ്ങൾ എന്നു തോന്നാവുന്ന കൃത്രിമവനങ്ങൾ അല്ലെങ്കിൽ ഉദ്യാനങ്ങൾ സംരക്ഷി ക്കപ്പെട്ടുവരുന്നുണ്ടു്. എന്നാൽ ഇപ്രകാരം പ്രകൃതിയെ സേവിക്കാൻ ചെയ്യു ന്ന ശ്രമം കേവലം നിഷ്ഫലംതന്നെയാണു്. പ്രകൃതിയോടുള്ള ഈ കൃതഘ്നത രോഗരൂപത്തിലും അല്പായുസ്സിലും മാനസീകാസുഖത്തിലും മനുഷ്യൻ അനു ഭവിക്കുന്നുണ്ടു്. ഇതുകൂടാതെ സ്വഭാവത്തിലും പല മാററങ്ങളും വന്നുകൂടു ന്നുണ്ടു്. വക്രത, നിൎദ്ദയത്വം, സ്വാൎത്ഥത, കപടതന്ത്രം, ലോഭം, ഭോഗാസ ക്തി മുതലായ പല ദുൎഗ്ഗുണങ്ങളും നഗരവാസത്തിൻെറ അതായതു പ്രകൃതി നിരാസനത്തിൻെറ ഫലമായി മനുഷ്യനിൽ വന്നുകൂടീട്ടുണ്ടു്. നഗരം മനു ഷ്യസൃഷ്ടിയും നാടു ദൈവസൃഷ്ടിയുമാണെന്നു പറയപ്പെട്ടിരിക്കുന്നതിൻെറ

സാരം ചിന്തനീയമാണ്. നഗരങ്ങളിൽ നമുക്കു പ്രകൃതിയുമായി അഭിമുഖദർശനം ഇല്ല. നഗരവാസികൾ പ്രകൃതിയുടെ നിസർഗ്ഗരമ്യതയെ അറിയുന്നില്ല. പ്രകൃതിസഖ്യത്താൽ ഉളവാകുന്ന സുഖവും ഉന്മേഷവും അതീന്ദ്രിയജ്ഞാനവും നഗരവാസികൾക്കു നഷ്ടപ്പെടുന്നു. സൗധങ്ങളിലും ഹർമ്മ്യങ്ങളിലുമാണു വാസമെങ്കിലും ആഡംബരങ്ങളും ആഭോഗങ്ങളും അനുഭവിക്കുന്നുവെങ്കിലും അവർ പ്രകൃതി നിർദ്ദിഷ്ടമാർഗ്ഗത്തിൽനിന്നും വ്യതിചലിക്കുന്നതുകൊണ്ട് അതു നൽകുന്ന നിഷ്കളങ്കമായ സുഖവും ശാന്തിയും ഭ്രാതസൌഹൃദവും ഔദാര്യശീലവും മററും അവർക്ക് അലഭ്യങ്ങളായി ഭവിക്കുന്നു. നമ്മുടെ പല പ്രസിദ്ധകവികളും പ്രകൃതിദേവിയെ സവിശേഷം സേവിച്ചവരാണ്. വാല്മീകി, കാളിദാസൻ, ഭവഭൂതി, ഷേക്സ്പീയർ, വേഡ്സ്വർത്ത് മുതലായവർ അവരുടെ ദിവ്യജ്ഞാനത്തിനും പ്രതിഭാവിലാസത്തിനും സൗന്ദര്യബോധത്തിനും മററും പ്രകൃതിയോടു കടപ്പെട്ടിരിക്കുന്നവരാണ്. അവർ പ്രകൃതിയുടെ നിർമ്മലപ്രസ്രവണങ്ങളിൽനിന്നും അമൃതപാനം ചെയ്തു ദൃഢചൈതന്യന്മാരായവരാണ്. ഇവർ പ്രകൃതിയുടെ യഥാർത്ഥവ്യാഖ്യാതാക്കളുമായിരുന്നു. നമുക്ക് ആരോഗ്യം വേണമെങ്കിൽ അതിനും ആനന്ദം വേണമെങ്കിൽ അതിനും ആത്മജ്ഞാനം വേണമെങ്കിൽ അതിനും മനഃശാന്തി ലഭിക്കണമെങ്കിൽ അതിനും പ്രകൃതിയെത്തന്നെ സേവിക്കയും പരിചരിക്കയും ചെയ്യണം. ഉൾനാട്ടിൽ വസിക്കുന്നവർ പ്രകൃതിയുമായി നിത്യസംസർഗ്ഗം ലഭിക്കുന്നതുകൊണ്ട് അതിൽനിന്നും അവിച്ഛിന്നമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന അഭിനവവും ഉന്മേഷജനകവും അതീന്ദ്രിയവുമായ ചൈതന്യത്തിൻെറ ഒരംശം സ്വയമേവ സിദ്ധിക്കുന്നു. തന്നിമിത്തം മനുഷ്യൻ സ്വഭാവത്തിൽ വിനീതനും ബുദ്ധിവൈഭവത്തിൽ അനുദ്ധതനും വികാരങ്ങളിൽ പ്രശാന്തനുമായി ഭവിക്കുന്നു. പ്രകൃതിയുടെ മഹൽസാന്നിദ്ധ്യത്തിൽ അയാൾ അനഹങ്കാരിയും സകലജീവികളിലും സമഭാവനയോടുകൂടി വീക്ഷിക്കുന്നവനും നിർമ്മലചിത്തനും ആരോഗ്യയുക്തനുമായിത്തീരുന്നു. പ്രകൃതിയുടെ മാഹാത്മ്യത്തേയും സൗന്ദര്യത്തേയും കുറിച്ചുള്ള ചിന്ത മനുഷ്യനിൽ അനിർവ്വചനീയമായ ഒരു സന്തോഷത്തെ ഉല്ലാസിപ്പിക്കുന്നു. നഗരവാസികൾക്ക് അതായതു പ്രകൃതിസഖ്യവിമുഖന്മാർക്ക് ഈ ഗുണം എവിടെനിന്നും ലഭിക്കുന്നു? ഗ്രാമത്തിലും ഉൾനാട്ടിലും വസിക്കുന്നവർ അവരുടെ ദിനകൃത്യങ്ങളെ നിയമനംചെയ്യുന്നതു കൃത്രിമമായ ഘടികാരംകൊണ്ടും മററും അല്ല. പ്രത്യുത പ്രകൃതി നൽകുന്ന സൂചനകൾകൊണ്ടോ ലക്ഷണങ്ങൾകൊണ്ടോ ആകുന്നു. ചരണായുധൻെറ കൂജനവും വിഹഗങ്ങളുടെ രമ്യഗാനങ്ങളും ആണു പ്രഭാതത്തിൻെറ ആഗമനത്തെ സൂചിപ്പിക്കുന്നത്.

"ഉദയഗിരിചുവന്നു ഭാനുബിംബംവിളങ്ങി
നളിനമുകുളജാലേ മന്ദഹാസംതുടങ്ങി
പനിമതിമറവായി ശംഖനാദംമുഴങ്ങി."

എന്നുള്ള പ്രകൃതിഗാനംകൊണ്ടാണ് അയാൾ പ്രഭാതത്തിനു സ്വാഗതം പറയുന്നതു്. ഇതുപോലെതന്നെ മററു കാൎയ്യങ്ങളും പ്രകൃതിയുടെ ഭാവഭേദം അനുസരിച്ചാണു നിൎവ്വഹിക്കപ്പെടുന്നതു്. പ്രകൃതിയുടെ നിത്യസന്താനങ്ങളായ വൃക്ഷങ്ങൾ, സസ്യങ്ങൾ, ലതകൾ, ധാന്യങ്ങൾ ഇവയെ നട്ടുനനയ്ക്കുകയും വഴിയെ പരിചരിക്കയും ചെയ്കയാണു പ്രകൃതിസ്നേഹിയായ മനുഷ്യന്റെ പ്രധാന കൃത്യങ്ങൾ. ഇതിന്റെ പ്രതിഫലമായി അവ മനുഷ്യന് ആരോഗ്യവും ഐശ്വൎയ്യവും മനസ്സമാധാനവും നൽകുന്നു. "നീഹാരാതപവായുവർഷാദിക''ളെല്ലാം അയാളുടെ സഖാക്കളാണ്. നദിയും ഗിരിയും വനവും വയലും സരസ്സും പ്രസ്രവണങ്ങളും അയാളുടെ നിത്യസുഹൃത്തുക്കളാണ്. അയാൾ ഇവയിൽനിന്നെല്ലാം താനറിയാതെതന്നെ ഒരു നിഗൂഢശക്തിയെ ഉൾക്കൊള്ളുന്നു. "താഴ്വരകളിലെ ചെറിയ പുഷ്പങ്ങളും വായുവിൽ ലയിക്കുന്ന മൃദുലലളിതഗാനങ്ങളും വായുവും ഭൂമിയും ആകാശവും അയാൾക്കു തുറന്നു കിടക്കുന്ന സ്വൎഗ്ഗമാകുന്നു." മയവും അലിവും ഇല്ലാത്ത പാഷാണഭിത്തികളുടെ ശുഷ്കസഖ്യമോ സദാ "പുഞ്ചിരിപ്പൂമലർ"തൂകി നമ്മെ അനുഗ്രഹിക്കുന്ന സചേതനപ്രകൃതിയുടെ സാഹചൎയ്യമോ നമുക്ക് ആസ്വാദ്യമായിട്ടുള്ളതു് എന്നാലോചിക്കുക. ഒരു ചിന്താശീലനായ മനുഷ്യനു 'പ്രകൃതി'എന്നതു ചൈതന്യയുക്തമായ അതീതപ്രകൃതിതന്നെയാണ്. 'പ്രപഞ്ച'മെന്നതു് നിത്യതത്വത്തിന്റെ സംകുചിതരൂപമാണ്. അപരിമേയമായ വസ്തുവിനെ പരിമിതമായ മനസ്സിനു സുഗ്രാഹ്യമാക്കുന്നതാണു പ്രകൃതി. പ്രകൃതിയിൽ ലയിച്ചിരിക്കുന്ന സൎവ്വഗുണങ്ങളുടേയും സംക്ഷിപ്തരൂപമാണ് "മനുഷ്യൻ." മനുഷ്യനും പ്രകൃതിയും വെവ്വേറെയല്ല. അവരണ്ടും ഒരു പൂൎണ്ണവസ്തുവിന്റെ അംശാംശങ്ങളാണ്. പ്രകൃതിയില്ലാത്ത മനുഷ്യൻ പൂൎണ്ണനാകുന്നില്ല. മനുഷ്യനില്ലാതെ പ്രകൃതിയും തഥൈവ. ഇതിൽനിന്നും പ്രകൃതിസഖ്യം മനുഷ്യന് ഒഴിച്ചുകൂടാത്ത ആവശ്യമാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ പ്രകൃതിചൈതന്യശൂന്യങ്ങളായ സൌധങ്ങളിലും മററും വസിച്ചാലും ഇടയ്ക്കിടെ പ്രകൃതിയുടെ അലംഘനീയമായ ആജ്ഞയ്ക്കു വശംവദരായി വിശ്രമത്തിനെന്ന നാട്യത്തിന്മേൽ പ്രകൃതിയുടെ പരിശുദ്ധസങ്കേതങ്ങളായ ഉൾനാടുകളിലോ, സാനുപ്രദേശങ്ങളിലോ, തടാകങ്ങളുടേയോ, സരോവരങ്ങളുടേയോ, പരിസരങ്ങളിലോ, നദീതീരങ്ങളിലോ പോയി പ്രകൃതിയെ സേവിക്കുന്നതു് അസാധാരണമല്ലല്ലോ. ഗംഗാസ്നാനം, തീൎത്ഥസ്നാനം മുതലായവ പ്രകൃതിസേവനത്തിന്റെ രൂപഭേദമാണ്. വാനപ്രസ്ഥാശ്രമവും ഇതിന്റെ മറെറാരു ഭേദമാണ്. അര

യാൽ, കൂവളം, തുളസി ഇവ നട്ടു നനയ്ക്കുന്നതും ഇതുതന്നെയാണ്. ഇവ ഔഷധങ്ങൾ കൂടിയായതുകൊണ്ട് ഇവയുടെ സഖ്യം രോഗങ്ങളുടെ അസഖ്യത്തിനും പറവുന്നതാണ്. മനുഷ്യൻെറ ആദ്യമതം പ്രകൃതി ആരാധനമായിരുന്നു. പിന്നീട് അതു പലവഴിക്കു തിരിഞ്ഞുപോയിട്ടുള്ളതാണ്. ഇന്ന് ഈ തിരിവുകളിലാണു നാം സങ്കേതം പ്രാപിച്ചിരിക്കുന്നതു്.

ബുദ്ധമഹർഷിക്കു വെളിച്ചം ലഭിച്ചതു് ഒരു ബോധിദ്രുമത്തിൻെറ ചുവട്ടിൽ വച്ചാണ്. തപസ്വികളായവരും വനത്തിൽവച്ചു പ്രകൃതിസേവനം ചെയ്താണ് അഭീഷ്ടങ്ങൾ സാധിച്ചിട്ടുള്ളതു്. സകല വസ്തുക്കളും ഒരു പൂർണ്ണമായ വസ്തുവിൻെറ അംശങ്ങളാണ്. അതിൻെറ ശരീരം പ്രകൃതിയും ആത്മാവു് ഈശ്വരനുമാണെന്നു പോപ്പ് എന്ന കവി പറയുന്നു. പ്രകൃതിയിൽക്കൂടി നോക്കി പ്രകൃതിയുടെ ആദികാരണത്തെ അറിയുക എന്നും അദ്ദേഹം തന്നെ പറഞ്ഞിരിക്കുന്നു. പ്രകൃതിയിൽ അസത്യം എന്നൊന്നില്ല. അതു ചോദിക്കാതെതന്നെ നമ്മെ അനുഗ്രഹിക്കുന്നു. അതിനെ സേവിച്ചാൽ പിന്നെ പറയണമൊ?

"അന്തഃപ്രസാദയതി ശോധയതീന്ദ്രിയാണി
മോക്ഷം ച തുച്ഛയതി കിം പുനരർത്ഥകാമൌ
സദ്യകൃതാർത്ഥയതി സന്നിഹിതൈവജീവാ-
നാനന്ദസിന്ധുവിവരേഷു നിമജ്ജയന്തീ"

ലോകത്തിൽമൂന്നു വസ്തുക്കളാണു മനുഷ്യനു നിർവൃതി നൽകുന്നതു്. അവ പ്രകൃതിയുടെ വദനവും സ്നേഹിതന്മാരും പുസ്തകങ്ങളുമാണ്. അതുകൊണ്ടു പ്രകൃതിയെത്തന്നെ സേവിക്കയും ഭജിക്കയും സ്നേഹിക്കുകയും ആരാധിക്കയും ചെയ്യുക. എന്നാൽ അതു നമുക്കു കാമസുരഭിയായിതന്നെ വർത്തിക്കും.

# ചില വിദ്യാഭ്യാസതത്വങ്ങൾ.

(കൊച്ചി അദ്ധ്യാപികാദ്ധ്യാപക സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ച മഹാകവി ഉള്ളൂരിൻെറ അദ്ധ്യക്ഷപ്രസംഗം.)

"പുരാതന റോമൻചരിത്രം പരിശോധിക്കുന്നതായാൽ പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തു കേരളം റോമ മുതലായ പാശ്ചാത്യരാജ്യങ്ങളുമാ

യി എത്രമാത്രം ദൃഢമായ വാണിജ്യബന്ധത്തോടുകൂടി വൎത്തിച്ചിരുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. അപ്രകാരം വ്യാപാരവാണിജ്യാദികളിൽ ശോഭനമായ ഒരു ഭാവി ആസന്നമായ കൊച്ചി തുറമുഖാഭിവൃദ്ധിയോടുകൂടി കേരളത്തിനു വിശിഷ്യ കൊച്ചിരാജ്യത്തിനു കൈവരുമെന്നുള്ളതിനു യാതൊരു സന്ദേഹവുമില്ല. സാമ്പത്തികവും വിദ്യാഭ്യാസപരവുമായ കാൎയ്യങ്ങളിൽ കൊച്ചിരാജ്യം ഇതര ഏതദ്ദേശ്യരാജ്യങ്ങളെ അപേക്ഷിച്ചു മുന്നണിയിൽ നില്ക്കുന്നു. ഇവിടത്തെ ഭരണരീതി ഏററവും ആശാസ്യമായിട്ടുണ്ട്. രാജാവിന്നു സ്വസുഖമല്ല, പ്രജാസുഖമാണു കാൎയ്യമായിട്ടുള്ളതു എന്നുള്ള കൌടില്യൻെറ പ്രമാണമനുസരിച്ചാണു ഇവിടത്തെ ഭരണരീതി എന്ന് ഈ രാജ്യത്തെ രാജ്യഭരണറിപ്പോൎട്ടും ബഡ്ജററും പരിശോധിച്ചിട്ടുള്ളവർ സമ്മതിക്കും. വിദ്യാഭ്യാസത്തിൽ ഇത്രമാത്രം പുരോഗതി പ്രാപിച്ചിരിക്കുന്ന ഒരു നാട്ടിലെ അദ്ധ്യാപികാദ്ധ്യാപകന്മാരോടു എൻെറ അനുഭവത്തിലും പരിചയത്തിലും നിന്നു അല്പം ചിലതു പ്രസ്താവിക്കാം. ഒരു സാഹിത്യകാരൻെറ നിലയിലാണ് നിങ്ങളിൽ പലരും എന്നെ അറിയുക. എന്നാൽ എനിക്ക് വിദ്യാഭ്യാസവകുപ്പുമായി ദൃഢതരമായ ബന്ധമുണ്ട്. ഒരദ്ധ്യാപകൻ, തിരുവിതാംകൂർ ഗവൎമ്മെണ്ടിൻെറ വിദ്യാഭ്യാസകാൎയ്യദൎശി എന്നീ നിലകളിൽ ഇരുന്നു വിദ്യാഭ്യാസകാൎയ്യങ്ങളിലും എനിക്കു പരിചയം സിദ്ധിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസം എന്നാൽ എന്ത്.

ഒരു അങ്കുരം ചെടിയായോ വൃക്ഷമായോ വളരുന്നു, ഒരു മൊട്ടു കാലക്രമേണ പുഷ്പമായി വികസിക്കുന്നു. ഈ അങ്കുരത്തിൻെറയും കുസുമത്തിൻെറയും അവസ്ഥ നോക്കുന്നതായാൽ അവയ്ക്കു പരിപൂൎണ്ണത പ്രാപിക്കുന്നതിനു വെള്ളവും, വായുവും, സൂൎയ്യരശ്മിയും മാത്രം മതിയാകുന്നതാണ്. എന്നാൽ മനുഷ്യൻെറ പരിപൂൎണ്ണവികാസത്തിന്നു പ്രകൃതിയുടെ സഹകരണംമാത്രം പോരാ. മനുഷ്യൻ മനുഷ്യൻ എന്നു വ്യവഹരിക്കപ്പെടുന്ന വ്യക്തി, ദേഹം, മനസ്സ്, ആത്മാവ് ഇവയുടെ സങ്കലനമാണ്. തന്നിമിത്തം മനുഷ്യൻെറ പരിപൂൎണ്ണവികാസത്തിന്നു പ്രയോജകീഭവിക്കേണ്ടതു കായികവും, മാനസികവും, ആത്മീകവും ആയ വിദ്യാഭ്യാസം കൊണ്ടാണ്. ഒരു മല്ലനോ, ഒരു പണ്ഡിതനോ, ഒരു മതനിഷ്ണാതനോ, ഒരു കാൎയ്യംകൊണ്ടുമാത്രം പുരുഷാൎത്ഥം സാധിച്ചു എന്നു വരുന്നതല്ല. ഈവക മൂന്നിൻെറയും ഏകോപിച്ചുള്ള വളൎച്ചകൊണ്ടുവേണം മനുഷ്യൻ മനുഷ്യനായിത്തീരുവാൻ. ആധുനികപാശ്ചാത്യവിദ്യാഭ്യാസചിന്തകന്മാരുടേയും അഭിപ്രായം "ശരീരത്തിൽനിന്നും ആത്മാവിലേക്ക്" എന്നാണ്. ഏതാനും കൊല്ലങ്ങളായി കായികവിദ്യാഭ്യാസത്തിന്നു പ്രാധാന്യം നൽകപ്പെടുന്നതു് അഖില

ഷണീയവും സ്പൃഹണീയവും ആയിട്ടുണ്ട്. ഗ്രാമത്തിൻെറ രക്ഷയിലാണു അധുനികഭാരതത്തിൻെറ രക്ഷ സ്ഥിതിചെയ്യുന്നതു്. ഗ്രാമത്തിൽനിന്നും നഗരത്തിലേക്കുള്ള പ്രവാഹത്തെ നിരോധിച്ചില്ലെങ്കിൽ ഭയങ്കരമായ വിപത്തായിരിക്കും സംഭവിക്കുക. അക്കാര്യത്തിൽ അദ്ധ്യാപികാദ്ധ്യാപകന്മാരുടെ സത്വരമായ ശ്രദ്ധ വളരെ അത്യാവശ്യമാണ്. വിദ്യാർത്ഥികളിൽ ശുചിത്വബോധം വളർത്തി അവരെ ശുചിത്വത്തിൽ നിഷ്കർഷയുള്ളവരാക്കിയാൽ ഗ്രാമങ്ങളും ശുചിത്വമുള്ളതായിത്തീരും. അപ്പോൾ സാംക്രമിക രോഗങ്ങളും ഉണ്ടാകയില്ല. ഈ വിഷയത്തിൽ ഗ്രാമീണരായ വിദ്യാർത്ഥികളുടെ പ്രത്യേകശ്രദ്ധ പതിയേണ്ടതാണ്.

## മാനസിക വിദ്യാഭ്യാസം.

മനസ്സ് മൂന്നു മാർഗ്ഗങ്ങളിൽക്കൂടി വ്യാപരിക്കുന്നു. സമ്യക്ഭാവം, സമ്യക്പ്രജ്ഞാ, സമ്യക്ക്രിയ ഇവ മൂന്നും വികസിക്കണം വിദ്യാഭ്യാസംമൂലം. പ്രകൃതിയെ നിരീക്ഷിക്കുന്നതിനു പ്രകൃതിയുടെ സൌന്ദര്യം കാണുന്നതിന് വിദ്യാർത്ഥികളെ പഠിപ്പിക്കണം. സൌന്ദര്യമില്ലാത്ത വസ്തുക്കൾ ലോകത്തിൽ ഒന്നുംതന്നെ ഇല്ലെന്നാണു എൻെറ അഭിപ്രായം. ഏതു് അസുന്ദരമായ വസ്തുവിലും സൌന്ദര്യത്തിൻെറ വിശേഷാംശം അന്തർഭവിച്ചിട്ടുണ്ട്. ഏതു വിഷവും ഔഷധമാക്കാറുള്ളതുപോലെ, ആ സൌന്ദര്യത്തെ ആസ്വാദിക്കുന്നതിനാണു—അതെ, കണ്ണുകൊണ്ടു കാണുന്നതിനും മനസ്സുകൊണ്ടു ആസ്വാദിച്ചു ആനന്ദിക്കുന്നതിനുമാണു പഠിക്കേണ്ടതു്. ഭാരതഭൂമിയുടെ ഔന്നത്യത്തിനു ആദ്യം ദേശഭക്തിയാണാവശ്യം. അത്യുന്നതങ്ങളായ പർവ്വതങ്ങൾ പാവനങ്ങളായ തീർത്ഥക്ഷേത്രങ്ങൾ മുതലായവ—അതെ വനത്തിൽപോലും ഒരു പാവനത്വം വേറെ ഏതു രാജ്യത്തു കാണാം? ഭാരതത്തിൻെറ പൌരാണികചരിത്രവും സാഹിത്യവും പഠിച്ചാൽ ദേശാഭിമാനം ഉണ്ടാവാതെ തരമില്ല. ഭാരതീയ സംസ്കാരം പുലർത്തിയിട്ടുള്ള കോൾമയിർക്കൊള്ളിക്കുന്ന ഏത്രയെത്ര പാവനനാമങ്ങളാണു ഇപ്പോൾ വിസ്മൃതങ്ങളായിരിക്കുന്നതു്. അഭിമാനഭാജനങ്ങളെ സംബന്ധിച്ചിടത്തോളം ഭാരതം ഒരു രത്നാകരം തന്നെയാണ്. ശ്രീരാമകൃഷ്ണപരമഹംസൻ സ്വാമി വിവേകാനന്ദൻ മുതലായ പുണ്യാത്മാക്കൾ ഇന്നു നമ്മുടെ സ്മൃതിപഥത്തിൽ നിലകൊള്ളുന്നവരാണ്. ഈദൃശമായ ഔൽകൃഷ്ട്യം ഹിന്ദുക്കളിൽ മാത്രമല്ല മുഹമ്മദീയരിലും കാണപ്പെടുന്നുണ്ട്. പണ്ടത്തെ രാജാക്കന്മാരും സംസ്കാരസമ്പത്തുള്ളവരായിരുന്നു എന്നു ചരിത്രപഠിതാക്കൾ പറയും. "ഭൂതകാലത്തിന്മേൽ വർത്തമാനകാലത്തിൽ ഭാവിക്കുവേണ്ടി ജീവിക്കണം" അതിനുവേണ്ടിയാണു ഞാൻ പുരാതനചരിത്രം തിരയുന്നതു് ഉൽക്ക

ഷ്ഠമാണു മനുഷ്യനെ നയിക്കേണ്ടതു്. പൂർവ്വികന്മാർ നാം യശസ്സു സമ്പാദിച്ചുകൊടുക്കണം. അതിനുവേണ്ടിയാണ് പുരാതനചരിത്രം പഠിക്കണം എന്നു നാം പറയുന്നതു്. ദിഗന്തവിശ്രാന്തകീർത്തിമാന്മാരായ പല മഹാന്മാർ മഹാത്മജി, ടാഗോർ, സർ സി. വി, രാമൻ, ജഗദീശചന്ദ്രബോസ്, സർ രാധാകൃഷ്ണൻ മുതലായവർ ഇന്നു ഇൻഡ്യയിൽ ജീവിക്കുന്നുണ്ടു്. എന്നാൽ അവരുടെ സംഖ്യ തുലോം പരിമിതമാണ്. അതിനെ വർദ്ധിപ്പിക്കുവാൻ നാം ശ്രമിക്കണം. വിദേശികളും ഭാരതഭൂമിയുടെ സമുൽക്കർഷത്തിനുവേണ്ടി തീവ്രയത്നം ചെയ്തിട്ടുണ്ടു്. അനിബെസൻറ് എന്ന അഭിനവസരസ്വതിയുടെ നാമധേയം എന്നും നാം കൃതജ്ഞതാപൂർവ്വം സ്മരിക്കണം. നമ്മുടെ മാന്യാതിഥികളായ ഡാക്ടർ കസിൻസും മിസ്സിസ്സ് കസിൻസും ഭാരതത്തിന്റെ ഉല്കൃഷ്ടത്തിനുവേണ്ടി എന്തെല്ലാം ചെയ്തിട്ടുണ്ടു്. എന്തെല്ലാം ഇപ്പോഴും ചെയ്യുന്നുണ്ടു്. സമ്യക്ഭാവങ്ങൾ രണ്ടുള്ളതിൽ ഒന്നാമത്തേതായ ദേശാഭിമാനത്തെപ്പററി പറഞ്ഞുകഴിഞ്ഞു. രണ്ടാമത്തേതായ സ്നേഹത്തെപ്പററി പ്രതിപാദിക്കാം. ലോകം മുഴുവൻ വ്യാപിക്കേണ്ട ശുദ്ധ ദിവ്യമായ പ്രേരകശക്തിയാകുന്നു സ്നേഹം. നിരർത്ഥകങ്ങളായ മതവ്യത്യാസവും ജാതിവ്യത്യാസവും നശിച്ചിട്ടു ഭാരതീയമതവും ഭാരതീയജാതിയും മാത്രമായിത്തീരണം. ഹിന്ദുമുഹമ്മദീയജാതിവ്യത്യാസം പോയി ഏകജാതി ഏകമതമായി ലോകം നമ്മെ അറിയണം. ഭാരതഭൂമി ഉയരണമെങ്കിൽ ഈ ഒരു ബോധം വിദ്യാർത്ഥികളിൽ ദൃഢമൂലമാകണം.

ശാസ്ത്രാഭ്യാസംകൊണ്ടാണു സമക്പ്രജ്ഞയുടെ അവബോധം ഹൃദയത്തിൽഉണ്ടാവുന്നതു്. ശാസ്ത്രാഭ്യാസം നിമിത്തം ഊഹാപോഹം, നിരീക്ഷണം, ചിന്ത, മുതലായ ശക്തിവിശേഷങ്ങൾ വികസിതങ്ങളാകും. നമുക്കു ശാസ്ത്രീയവിഷയങ്ങളെ വിശകലനം ചെയ്യാൻ സാധിച്ചാൽ നമ്മുടെ അന്ധവിശ്വാസങ്ങൾ പാടേ നശിക്കും.

എത്രതന്നെ സമ്യക്ഭാവവും സമ്യക്പ്രജ്ഞയും ഉണ്ടായാലും സമ്യക്ക്രിയാശക്തികൂടെ ഉണ്ടായാലെ അതുകൊണ്ടു ഫലമുള്ളു. അതുകൊണ്ടു നമ്മുടെ ക്രിയാശക്തികൂടെ പോഷിപ്പിക്കണം. നമ്മുടെ പ്രാചീനഗ്രന്ഥങ്ങളിൽ വിധിക്കല്ലോ, പൌരുഷത്തിനാണ് ജീവിത വിജയശക്തി സ്ഥാനം നൽകിയിരിക്കുന്നതു്. ഉൽക്കർഷേച്ഛയും, പൌരുഷത്തിന്റെ വിജയത്തിൽ വിശ്വാസവും വിദ്യാർത്ഥികൾക്കുണ്ടാക്കണം. എന്നാലെ പ്രവൃത്തിസുഖത വരികയുള്ളു.

### ആത്മീകവിദ്യാഭ്യാസം.

സാന്മാർഗ്ഗികവും മതപരവും ആയ വിദ്യാഭ്യാസം മുഷിപ്പനാണ് എന്നു പറയുന്നവരാണ് ഇന്നധികം. ആത്മാവുണ്ടോ? ഉണ്ടെങ്കിൽ

ആത്മാവിന്നു സംസ്കാരം ആവശ്യമാണെന്നൊ? എന്നൊക്കെയുള്ള പ്രശ്നങ്ങൾ പത്തൻപതുകൊല്ലങ്ങൾക്കു മുൻപു കേൾക്കാമായിരുന്നു. ആവക പ്രശ്നങ്ങൾ ഇപ്പോൾ നിലച്ചുവരികയാണ്. ആത്മാവിൻെറ പരിപൂർണ്ണവികാസത്തിന്നു സാന്മാർഗ്ഗികവും മതപരവും ആയ വിദ്യാഭ്യാസം ആവശ്യമാണെന്ന് ഇന്നു പലരും സമ്മതിക്കുന്നുണ്ട്. ഭഗവാൻ ഗൌതമൻ പറയുകയാണ്:— "ആത്മാവിനു വേണ്ടിയല്ല, സ്വർഗ്ഗത്തിനുവേണ്ടിയല്ല, നരകത്തെ ഭയന്നിട്ടല്ല, തിര്യക്‌യോനികളിൽ ജനിക്കുമെന്നു വിചാരിച്ചല്ലാ, സന്മാർഗ്ഗനിഷ്ഠനായിരിക്കുന്നതിനു വേണ്ടിയാണു സന്മാർഗ്ഗജീവിതം നയിക്കണമെന്നു പറയുന്നതു്" എന്ന് വിദ്യാലയങ്ങളിൽ എന്തുകൊണ്ടു സന്മാർഗ്ഗവിദ്യാഭ്യാസം അനുവദിച്ചുകൂടാ? ഓരോ മതങ്ങളെങ്കിലും പഠിപ്പിക്കണം. മതവിദ്യാഭ്യാസംകൂടാതെ സന്മാർഗ്ഗവിദ്യാഭ്യാസം പാടില്ലയോ എന്നു ചോദിച്ചേക്കാം. പാടില്ലെന്നു ഖണ്ഡിച്ചു പറയുന്നില്ല. അതിനൊരവലംബം വേണമല്ലോ. അതിനായിട്ടാണ്.

## സാക്ഷരീകരണം.

സാക്ഷരത്വത്തെ വർദ്ധിപ്പിക്കുന്നതിനു നിർബന്ധവിദ്യാഭ്യാസം നടപ്പിലാക്കണം. നിർബന്ധവിദ്യാഭ്യാസം നടപ്പിൽ വരുത്തിയിട്ടുള്ള രാജ്യങ്ങളിലുള്ളവരെല്ലാം തന്നെ സാക്ഷരരാണ്. സമ്മതിദാനാവകാശം വിസ്തൃതമാക്കാൻ പോകുന്നു. അപ്പോൾ പൗരധർമ്മം മനസ്സിലാക്കുന്നതിനും മററും സാക്ഷരത ആവശ്യമായി വരുമല്ലോ. അതിനാൽ കൊച്ചിയും തിരുവിതാംകൂറും ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കുമെന്നു വിശ്വസിക്കുന്നു. എന്നാൽ മാത്രമെ വിദ്യാഭ്യാസം കൊണ്ടുണ്ടാകേണ്ട ശരിയായ ഫലം സിദ്ധിക്കയുള്ളൂ.

## സ്ത്രീവിദ്യാഭ്യാസം.

മനുഷ്യസമുദായത്തിൽപെട്ട ഓരോ വ്യക്തിയുടേയും ആത്മവികാസത്തിനും പ്രകാശനത്തിനും ഏതൊന്നു വികാസം ഉണ്ടാക്കി കൊടുക്കുമെന്ന് ആ വ്യക്തി വിചാരിക്കുന്നുവൊ ആ പദ്ധതി സാധിച്ചുകൊടുക്കുകയാണു വേണ്ടതു്. സഹവിദ്യാഭ്യാസത്തെ സംബന്ധിച്ച് അത്ര വളരെ പരിഭ്രമിച്ചിട്ടു കാര്യമില്ല. സ്ത്രീകൾക്കു പ്രത്യേകവിദ്യാലയങ്ങൾ എന്തിന്? മാതൃധർമ്മം ഗൃഹധർമ്മം മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്നതിനു സ്ത്രീകൾക്കു പ്രത്യേകവിദ്യാലയങ്ങൾ ഉണ്ടാകുന്നതു നല്ലതുതന്നെ. സാധാരണവിദ്യാഭ്യാസത്തിന് അവൎക്കു സമ്മതമാണെങ്കിൽ സ്ത്രീപുരുഷന്മാർ ഒരേ വിദ്യാലയങ്ങളിൽ തന്നെ പഠിക്കുന്നതിൽ എന്താണു വൈഷമ്യം? പുത്തൻപരിഷ്കാരിയായിട്ടല്ലാ ഭാരതവർഷത്തിലെ പുരാതനനടപടികൾ അറിഞ്ഞിട്ടുള്ള ഒരാളെന്ന നിലയിലാണു ഞാൻ ഇക്കാര്യം പ്രസ്താവിക്കുന്നതു്. പുരാണകാ

ലത്തു സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം ഉപനനം വേദാഭ്യാസം ഗായത്രി പഠനം മുതലായവയ്ക്കു തടസ്ഥമുണ്ടായിരുന്നില്ല. പുറത്തുപോയി താമസിച്ചുക്രൂടാ എന്നു മാത്രമെ നിർബന്ധമുണ്ടായിരുന്നുള്ളു. ഭിക്ഷുകികളായ സ്ത്രീകളെ ശിഷ്യസംഘത്തിൽ സ്വീകരിക്കുവാൻ ബുദ്ധഭഗവാൻ വൈമുഖ്യം പ്രദർശിപ്പിച്ചിരുന്നു. സ്ത്രീകൾക്കു വിവാഹത്തിൽ വിരക്തി ഉണ്ടാകുമെന്നു കരുതി ബാല്യവിവാഹം നടപ്പിൽ വരുത്തി.

## മദ്ധ്യമവിദ്ല്യാഭ്യാസം.

മദ്ധ്യമവിദ്ല്യാഭ്യാസം കോളേജുപ്രവേശനത്തിനുള്ള ഒരു പടിവാതിൽ ആയിട്ടാണല്ലൊ വച്ചിരിക്കുന്നതു്. മദ്ധ്യമവിദ്ല്യാഭ്യാസം സാങ്കേതികമാക്കണമെന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. മദ്ധ്യമവിദ്ല്യാഭ്യാസാനന്തരം കോളേജിൽ പോയി പഠിക്കുന്നതിന് എല്ലാവർക്കും സാധിച്ചു എന്നു വരുകയില്ല. ശാസ്ത്രീയജ്ഞാനം, ചരിത്രഗവേഷണം, സാഹിത്യത്തിലുള്ള കാര്യകുശലത മുതലായവ കോളേജുവിദ്ല്യാഭ്യാസംകൊണ്ടു കൈവരുത്തുന്നതിന് എല്ലാവർക്കും സാധിക്കുകയില്ല. കോളേജുവിദ്ല്യാഭ്യാസത്തിൻെറ ചിലവു വർദ്ധിപ്പിച്ചതുകൊണ്ടു പണക്കാരല്ലാതെ യഥാർത്ഥമനോശക്തിയുള്ളവർക്കു് ആ പദ്ധതി ഒരു വിധത്തിലും പ്രേരകമായിത്തീരുകയില്ല. പ്രജ്ഞാശക്തി കണ്ടുപിടിച്ചു പ്രോത്സാഹിപ്പിക്കുകയാണു വേണ്ടതു്.

മാതൃകാദ്ധ്യാപകന്മാർ അദ്ധ്യാപനത്തെ ജീവിതവൃത്തിക്കുള്ള ഒരു മാർഗ്ഗമായി സ്വീകരിക്കുന്നവരല്ല. വിദ്ല്യാഭ്യാസം ചെയ്യിക്കുന്നതിലുള്ള നിഷ്ണാതനംകൊണ്ടാണു അദ്ധ്യാപകൻ പൂജ്യനായി ഭവിക്കുന്നതു്. അജ്ഞത ബാല്യവും വിജ്ഞാനം വാർദ്ധക്യവുമാണു്. തക്ക ശമ്പളം കിട്ടിയില്ലെങ്കിൽ അദ്ധ്യാപകന്മാർ ശരിയായി ജോലി ചെയ്യുകയില്ല. അപ്പോൾ വിദ്ല്യാഭ്യാസം അധഃപതിക്കും. നാടു നശിക്കും. വിദ്ല്യാഭ്യാസവകുപ്പിനു ചെലവാക്കി കഴിഞ്ഞിട്ടു ശേഷം മററു ഡിപ്പാർട്ടുമെൻറുകൾ എന്ന തത്വം ഗവർമ്മേൻറു സ്വീകരിക്കണം. രക്ഷാകർത്താക്കന്മാരും അദ്ധ്യാപകന്മാരും ചേർന്നുള്ള ഒരു സൗഹാർദ്ദസമ്മേളനം മാസംതോറും തന്നെ നടത്തേണ്ടതാണു്.

## കേരളത്തിനു് ഒരു പ്രത്യേക സർവ്വകലാശാല.

ഈ വിഷയത്തിലും ഭിന്നാഭിപ്രായം പുറപ്പെട്ടു കാണുന്നതിൽ ആശ്ചര്യപ്പെടുന്നു. അമ്മയെ തല്ലുന്നതിലും ഭിന്നാഭിപ്രായം ഉണ്ടാകാമെന്നുള്ള പക്ഷത്തെ ഇപ്രകാരമുള്ള ചില കാര്യങ്ങളിൽ നിന്നു വേണം മനസ്സിലാക്കാൻ. കേരളത്തിനു് ഒരു പ്രത്യേക സർവ്വകലാശാല ആവശ്യമില്ലെന്നു വാദിക്കുന്നവരുടെ മനസ്ഥിതി അത്ഭുതാവഹം തന്നെ. കേരളഭാഷയെക്കുഴിച്ചു

ഇതരദ്രാവിഡഭാഷകൾക്കെല്ലാം ഓരോ പ്രത്യേകസർവ്വകലാശാലയുണ്ട്. മദ്രാസ് സർവ്വകലാശാല കേരളഭാഷയോട്ട് ഒരു ചിററമ്മനയമാണ് അനുവത്തിക്കുന്നതു്. എന്നാൽ തമിഴിനു വളരെ ആനുകൂല്യം ചെയ്യുന്നുണ്ട്, അനുഭവംകൊണ്ടു ഞാൻ പറകയാണ്. ഒരു സർവ്വകലാശാല ഉണ്ടാക്കുന്നതിനു വലിയ പ്രയാസമില്ല. മൂന്നു രാജാക്കന്മാരും യോജിച്ചാൽ മതി. സർവ്വകലാശാല ഫെഡറൽ ആയിരിക്കണം. മത്തായി, ടി. കെ. കൃഷ്ണമേനോൻ ഇവരുടെ റിപ്പോർട്ടിൽ സർവ്വകലാശാലാസ്ഥാപനത്തെപ്പററി—ഗൌരവമായ പല കാര്യങ്ങളും പറയുന്നുണ്ട്. ഞങ്ങളുടെ വിദ്യാഭ്യാസഡയറക്ടർ എന്തു പറയുമോ എന്നറിഞ്ഞുകൂടാ. അദ്ദേഹത്തിൻെറ റിപ്പോർട്ട് എന്നു പുറത്തുവരുമെന്നും അറിഞ്ഞുകൂടാ. ഏതായാലും അദ്ദേഹത്തിൻേറതു് അവസാനാഭിപ്രായമല്ലല്ലൊ. അക്കാര്യത്തിലും അദ്ധ്യാപികാദ്ധ്യാപകന്മാരായ നിങ്ങൾ പ്രത്യേകം ഉത്സാഹിക്കണം. (ടീച്ചേഴ്സ് മാഗസിൻ)

# ഉദ്ധാരണം.

## ഭക്ഷണവും ഓജസ്സും.

[വെണ്മണി കെ. രാമവാരിയർ അവർകൾ ബി. എ,. ബി. എൽ. 'മലയാളരാജ്യം ചിത്രവാരിക'യിൽ മുകളിൽ കാണുന്ന വിഷയത്തെ കുറിച്ച് ശ്രദ്ധേയമായ ഒരു ലേഖനം എഴുതിയിരിക്കുന്നു. അതിലെ ചില ഭാഗങ്ങൾ താഴെചേക്കാം.]

പ്രകൃതിനിയമത്തിനു വിപരീതമായി അമിതഭക്ഷണം കഴിച്ച കുററത്തിനു പരിഹാരമായി കുറേ ദിവസം ഉപവാസവ്രതം നടത്തുന്നപക്ഷം ആരോഗ്യവും, ഓജസ്സും, ബലവും ഇവക്കെല്ലാം ലഭിക്കും. യാതൊരു സ്വാധീനതയും ഇല്ലാതെ കിടപ്പിൽതന്നെ കഴിച്ചുകൂട്ടുന്ന രോഗികൾ കുറേദിവസം ഉപവസിച്ചുനോക്കട്ടെ. ബലവും ഓജസ്സും ഒന്നിനൊന്നിനു വദ്ധിച്ച് അവക്ക് എഴുന്നേററ് ഓടുന്നതിനും ചാടുന്നതിനും സാധിക്കും. ഈ സംഗതി ഓത്താൽ ശരീരത്തിന് ഓജസ്സും ബലവും ഭക്ഷണസാധനങ്ങളിൽ നിന്നല്ല ലഭിക്കുന്നതു്, എന്നും പ്രകൃതിമാതാവ് അന്തരീക്ഷത്തിൽ സംഭരിച്ചുവെച്ചിട്ടുള്ള ഓജകോശത്തിൽനിന്ന് അതിനെ എടുത്തുപയോഗിക്കുന്നതിനു

ശരീരത്തെ യോഗ്യമാക്കി വെയ്ക്കുന്നതു മാത്രമാണ് ഓജസ്സിനെ വദ്ധിപ്പിക്കുവാനുള്ള മാർഗ്ഗം എന്നും ആക്കും ബോദ്ധ്യപ്പെട്ടം.

* * * * * *

ശരീരത്തിന് ആവശ്യമുള്ളതിൽ ക്രുടുതലായി നാം കഴിക്കുന്ന ഭക്ഷണസാധനം വിഷമായി പരിണമിച്ചു രോഗത്തെ ഉണ്ടാക്കും. മനുഷ്യശരീരത്തിൻെറ നിമ്മാണത്തിൽ പ്രകൃതിമാതാവു പ്രത്യേകം ശ്രദ്ധ വെച്ചിട്ടുള്ളതുകൊണ്ടാണു പ്രകൃതിക്കു വിപരീതമായി ഇത്രവളരെ കാലം പ്രവത്തിച്ചിട്ടും മനുഷ്യകുലം നാമാവശേഷമായി തീരാത്തതു് എന്നു് ഒരു ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിട്ടുള്ളതു ശരിയാണ്. പരിഷ്കൃതമനുഷ്യൻ കഴിക്കുന്ന ഭക്ഷണസാധനങ്ങൾ ഒരു വാലില്ലാകുരങ്ങിനു കൊടുത്തു ശീലിപ്പിച്ചുനോക്കിയതിൽ ഏതാനും വഷം കൊണ്ടു് അതിനു ക്ഷയം പിടിപെട്ടു് അതു മരിച്ചുപോയി. രാജയോഗ്യമായ സുഖാനുഭവങ്ങൾ നിമിത്തം സവ്വരോഗങ്ങൾക്കും അഭയസ്ഥാനമായിത്തീൎന്നു സകല വൈദ്യന്മാരാലും 50-ാമത്തെ വയസ്സിൽ കൈവെടിയപ്പെട്ട പ്രസിദ്ധനായ ലൂകർനാറൊ എന്നയാളിൻെറ ജീവചരിത്രം മിതഭക്ഷണത്തിൻെറ മാഹാത്മ്യത്തിനു മകുടോദാഹരണമാണ്. ദിവസം ഒന്നിനു 12 ഔൺസുവീതം ഭക്ഷണം കഴിച്ചു് അദ്ദേഹം ആരോഗ്യം വീണ്ടെടുത്തു എന്നു മാത്രമല്ല ദീർഘായുസ്സിനെപ്പററിയുള്ള മാർഗ്ഗങ്ങളെപ്പററി ഒരു ഗ്രന്ഥം രചിച്ചു തൻെറ നൂറാമത്തെ ജന്മനാളിൽ പ്രസിദ്ധപ്പെടുത്തുകക്രൂടി ചെയ്തു. അദ്ദേഹം 103-ാമത്തെ വയസ്സിൽ അനായാസേന ശരീരത്തെ ത്യജിച്ചു. സുപ്രസിദ്ധനായ പ്ലെച്ചർ എന്നയാളിൻെറ കായ്യം എടുത്തുനോക്കാം. അദ്ദേഹം ദിവസം ഒരു പ്രാവശ്യം മാത്രമേ ഭക്ഷണം കഴിക്കു. ഓരോ കബളവും 150 പ്രാവശ്യം വീതം ചവച്ചു് 20 മിനിട്ടുനേരം കൊണ്ടു് എത്ര ഭക്ഷണം കഴിക്കാമൊ അത്രയും മാത്രമാണു അദ്ദേഹം കഴിക്കുന്നതു്. വയോവൃദ്ധനായ അദ്ദേഹം ഭാരം പൊക്കുന്ന കായ്യത്തിൽ യുവകായികാഭ്യാസികളെ ലജ്ജിപ്പിച്ചിട്ടുണ്ടു്.